POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ


# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാല്യം 2

ലക്കം 43

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ഒക്ടോബർ 26/ഹി:ശം:1396 ഇഖാ 26/ഹി:ഖ: 1439 സ്വഫർ 05


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 22-09-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ(ലണ്ടൻ)നിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണ രൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**എനിക്കെതിരിൽ ഫത്വ വാങ്ങിക്കപ്പെട്ടു. എനിക്കെതിരിലുള്ള ഫത്വ ലോകത്ത് ഒരു കോലാഹലം സൃഷ്ടിച്ചു. വധിക്കണമെന്ന ഫത്വ പുറപ്പെടുവിക്കപ്പെട്ടു. ഭരണാധികാരികളെ പ്രകോപിപ്പിച്ചു. സാധാരണക്കാരെ എനിക്കും എന്റെ ജമാഅത്തിനുമെതിരിൽ ജാഗരൂകരാക്കി. ചുരുക്കത്തിൽ എന്നെ നശിപ്പക്കുന്നതിനുവേണ്ടി എല്ലാ വിധത്തിലും ശ്രമിച്ചു. എന്നാൽ, അല്ലാഹുവിന്റെ പ്രവചനമനുസരിച്ച് ഈ എല്ലാ മൗലവിമാരും അവരുടെ വർഗക്കാരും തങ്ങളുടെ ശ്രമങ്ങളിൽ പരാജിതരായിത്തീർന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 77**: ബശീർ അഹ്മദ് എന്ന എന്റെ മകന്റെ കണ്ണുകൾക്ക് സുഖമില്ലാതായി. ഒരു മരുന്നും ഫലം ചെയ്തില്ല. കാഴ്ച നഷ്ടപ്പെടുമോ എന്ന ആശങ്കയുണ്ടായി. രോഗം അതിന്റെ മൂർച്ഛന്യാവസ്ഥയിലെത്തിയപ്പോൾ ഞാൻ ദുആ ചെയ്തു. അപ്പോൾ ഇൽഹാമുണ്ടായി: **ബർരിഖ് ത്വിഫ്ലീ ബശീർ.** എന്റെ മകൻ ബശീർ കാണാൻ തുടങ്ങിയിരിക്കുന്നു. അതേ ദിവസമോ തൊട്ടടുത്ത ദിവസമോ അവൻ സുഖംപ്രാപിച്ചു. ഈ സംഭവവും നൂറോളം ആളുകൾക്കറിയാവുന്നതാണ്.

**ദൃഷ്ടാന്തം 78**: ഞാൻ ചെറിയ മസ്ജിദ് നിർമിച്ചപ്പോൾ- അത് ഞങ്ങളുടെ വീടിനോടു ചേർന്ന് ഒരു ഇടവഴിയിലാണുള്ളത്- അതിനെന്തെങ്കിലും ചരിത്രം വേണമെന്ന് എന്റെ മനസ്സിൽതോന്നി. അപ്പോൾ അല്ലാഹുവിൽനിന്ന് അൽഖാ(ഇടപ്പെട്ടു)ഉണ്ടായി. **മുബാരിക്കുൻ വ മുബാറക്കുൻ വ കുല്ലു അംരിൻ മുബാറക്കിൻയ്യുജ്അലു ഫീഹി.** ഇതൊരു പ്രവചനമായിരുന്നു. ഇതിൽനിന്നാണ് ചരിത്രപരമായ മസ്ജിദ് പുറത്തുവരുന്നത്.

**ദൃഷ്ടാന്തം 79**: ബറാഹീനെ അഹ്മദിയ്യായിൽ ഈ ജമാഅത്തിന്റെ അഭിവൃദ്ധിയെക്കുറിച്ച് ഇങ്ങനെ പ്രവചനമുണ്ട്: **കസർഇൻ അഖ്റജ ശത്ത്അഹൂ ഫ ആസറഹൂ ഫസ്തഗ്ലല്ല ഫസ്തവാ അലാ സൂഖിഹീ** അതായത് ആദ്യം ഒരു വിത്തായിരിക്കും. അത് അതിന്റെ മുള വെളിയിൽ കൊണ്ടുവരും. പിന്നീട് തടിവെക്കുന്നതായിരിക്കും. അതിനുശേഷം അതിന്റെ തണ്ടുകളിൽ നിലകൊള്ളും. ഇതൊരു മഹത്തായ പ്രവചനമായിരുന്നു. അത് ഈ ജമാഅത്ത് ജന്മം കൊള്ളുന്നതിനു മുമ്പേ, അതിന്റെ വളർച്ചയെ സംബന്ധിച്ച് ഇന്നേക്കു ഇരുപത്തഞ്ചുവർഷം മുമ്പേ ചെയ്യപ്പെട്ടതാണ്. അന്ന് ജമാഅത്തില്ലായിരുന്നു. എന്നോട് ബയ്അത്ത് ചെയ്ത ബന്ധവും ആർക്കുമുണ്ടായിരുന്നില്ല. എന്നല്ല, എന്റെ പേരും ആർക്കും അറിയുമായിരുന്നില്ല. അതിനുശേഷം അല്ലാഹുവിന്റെ കൃപാദാക്ഷിണ്യം ഈ ജമാഅത്ത് സൃഷ്ടിച്ചു; ഇപ്പോൾ ഇതിലെ അംഗങ്ങളുടെ എണ്ണം മൂന്നുലക്ഷത്തിലേറെയാണ്. ഞാനൊരു ചെറിയ വിത്തുപോലെയായിരുന്നു, അത് അല്ലാഹുവിന്റെ കൈയാൽ വിതയ്ക്കപ്പെട്ടു. പിന്നീട് ഒരു ദീർഘകാലം മറഞ്ഞിരുന്നു. അതിനുശേഷം ഞാൻ പ്രത്യക്ഷപ്പെടുകയും ധാരാളം ശാഖകൾ ഞാനുമായി ബന്ധം വെക്കുകയും ചെയ്തു. അങ്ങനെ ഈ പ്രവചനം അല്ലാഹുവിന്റെ കൈയാൽ പുലർന്നു.

**ദൃഷ്ടാന്തം 80**: ബറാഹീനെ അഹ്മദിയ്യായിൽ ഇങ്ങനെ പ്രവചനമുണ്ട്. **യുരീദൂന അൻയ്യുത്വ്ഫിഊ നൂറല്ലാഹി ബി അഫ്വാഹിഹിം വല്ലാഹു മുത്തിമ്മു നൂരിഹീ വലൗ കരിഹിൽ കാഫിറൂൻ.** എതിരാളികൾ തങ്ങളുടെ ഊത്തുകൊണ്ട് ഈ ദൈവപ്രകാശത്തെ അണച്ചുകളയാമെന്ന് തീരുമാനിക്കും. അല്ലാഹു അവന്റെ പ്രകാശത്തെ നിലനിറുത്തുകതന്നെ ചെയ്യും; എതിരാളികൾ വെറുത്താലും ശരി. എതിർപ്പൊന്നും ഇല്ലാതിരുന്ന കാലത്തുള്ള പ്രവചനമാണിത്. എന്നല്ല ആർക്കും എന്റെ പേരും അറിയുമായിരുന്നില്ല. വിവരിക്കപ്പെട്ട പ്രവചനമനുസരിച്ച് പിന്നീട് ആദരവോടുകൂടി ലോകത്ത് ഞാൻ പ്രശസ്തനായി. ആയിരക്കണക്കിനാളുകൾ എന്നെ സ്വീകരിച്ചു. അപ്പോൾ എത്രമാത്രം എതിർപ്പുണ്ടായെന്നാൽ, മക്കവാസികളോടു യാഥാർഥ്യത്തിന് നിരക്കാത്ത കാര്യങ്ങൾ പറഞ്ഞ് മക്ക മുഅള്ളമയിൽനിന്ന് എനിക്കെതിരിൽ ഫത്വ വാങ്ങിക്കപ്പെട്ടു. എനിക്കെതിരിലുള്ള ഫത്വ ലോകത്ത് ഒരു കോലാഹലം സൃഷ്ടിച്ചു. വധിക്കണമെന്ന ഫത്വ പുറപ്പെടുവിക്കപ്പെട്ടു. ഭരണാധികാരികളെ പ്രകോപിപ്പിച്ചു. സാധാരണക്കാരെ എനിക്കും എന്റെ ജമാഅത്തിനുമെതിരിൽ ജാഗരൂകരാക്കി. ചുരുക്കത്തിൽ എന്നെ നശിപ്പക്കുന്നതിനുവേണ്ടി എല്ലാ വിധത്തിലും ശ്രമിച്ചു. എന്നാൽ, അല്ലാഹുവിന്റെ പ്രവചനമനുസരിച്ച് ഈ എല്ലാ മൗലവിമാരും അവരുടെ വർഗക്കാരും തങ്ങളുടെ ശ്രമങ്ങളിൽ പരാജിതരായിത്തീർന്നു. അഹോ കഷ്ടം! എതിരാളികൾ എത്രമാത്രം അന്ധരാണ്. ഈ പ്രവചനങ്ങളുടെ മഹത്വത്തെ അവർ നോക്കുന്നില്ല; അത് ഏതുകാലത്തു ചെയ്യപ്പെട്ടതാണെന്നും എത്രമാത്രം ഗാംഭീര്യത്തോടും ശക്തിയോടുംകൂടിയാണ് പുലർന്നതെന്നും! ഇത് അല്ലാഹുവിന്റേതല്ലാത്ത മറ്റാരുടെയെങ്കിലും ജോലിയാണോ? അങ്ങനെയാണെങ്കിൽ അതിന് തത്തുല്യമായതു സമർപിക്കുക. ഇത് മനുഷ്യന്റെ പണിയായിരുന്നെങ്കിൽ, ദൈവഹിതത്തിന് വിരുദ്ധമായിരുന്നെങ്കിൽ അവർ തങ്ങളുടെ പരിശ്രമങ്ങളിൽ, പരാജിതരാകുമോ എന്ന് ചിന്തിക്കുന്നില്ല! ആരാണ് അവരെ പരാജിതരാക്കിയത്? എന്നോടൊപ്പമുള്ള അല്ലാഹുതന്നെ!

**ദൃഷ്ടാന്തം 81**: ബറാഹീനെ അഹ്മദിയ്യായിൽ ഈ പ്രവചനമുണ്ട്. **യഉ്സ്വിമുക്കല്ലാഹു മിൻ ഇൻദിഹീ വലൗ ലം യഉ്സ്വിമുക്കന്നാസു.** നീ വിപത്തുകളിൽനിന്ന് രക്ഷപ്പെടരുതെന്ന് ജനങ്ങൾ ആഗ്രഹിച്ചാലും അല്ലാഹു നിന്നെ എല്ലാ വിപത്തുകളിൽനിന്നും രക്ഷിക്കുന്നതാണ്. ഞാൻ ആരാലും അറിയപ്പെടാതെ മറഞ്ഞിരുന്ന കാലത്തുണ്ടായ പ്രവചനമാണിത്. ആരുമായും എനിക്ക് ബയ്അത്തുപരമായ ബന്ധമുണ്ടായിരുന്നില്ല; ശത്രുതയുമുണ്ടായിരുന്നില്ല. പിന്നീട് ഞാൻ മസീഹ് മൗഊദാണെന്ന് വാദിച്ചപ്പോൾ എല്ലാ മൗലവിമാരും അവരുടെ വർഗക്കാരും അഗ്നിപോലെയായി. ആ ദിനങ്ങളിൽ പാതിരി മാർട്ടിൻ ക്ലാർക്ക് എന്ന പേരുള്ള ഒരാൾ എനിക്കെതിരിൽ വധോദ്യമത്തിന് കേസുകൊടുത്തു. ഈ കേസിൽ, പഞ്ചാബിലെ മൗലവി എന്റെ രക്തത്തിനുവേണ്ടി ദാഹിക്കുന്നുവെന്നും എന്നെ നബി(സ) തിരുമേനിയുടെ ശത്രുവും ചീത്തപറയുന്നവരുമായ ക്രിസ്ത്യാനികളെക്കാൾ മോശപ്പെട്ടവരായി മനസ്സിലാക്കുന്നുവെന്നും എനിക്ക് ബോധ്യമായി. കാരണം ചില മൗലവിമാർ ഈ കേസിൽ എന്റെ എതിരാളിക്കുവേണ്ടി കോടതിയിൽ ഹാജരായി സാക്ഷി പറഞ്ഞു. പാതിരിമാർ വിജയിക്കണമെന്ന് ചിലർ ദുആ ചെയ്തുകൊണ്ടിരുന്നു. 'അല്ലാഹുവേ, ഈ പാതിരിയെ സഹായിക്കേണമേ! അദ്ദേഹത്തിന് വിജയം നല്കേണമേ' എന്ന് അവർ മസ്ജിദുകളിൽ കരഞ്ഞുകരഞ്ഞു ദുആ ചെയ്തിരുന്നതായി വിശ്വാസയോഗ്യമായ മാർഗത്തിലൂടെ ഞാൻ കേട്ടു. എന്നാൽ, സർവ്വജ്ഞനായ അല്ലാഹു അവരുടേതൊന്നും കേട്ടില്ല. സാക്ഷി പറഞ്ഞിരുന്നവർ അതിൽ വിജയിക്കുകയും ചെയ്തില്ല. ദുആ ചെയ്തവരുടെ ദുആകളും സ്വീകരിക്കപ്പെട്ടില്ല. ഇതാണ് ദീനിന്റെ സഹായിയെന്നും സമുദായം സമുദായമെന്നും ജനങ്ങൾ വിളിച്ചുപറഞ്ഞുനടക്കുന്ന ഉലമാ! ഇക്കൂട്ടർ എന്നെ തൂക്കുമരത്തിലേറ്റുന്നതിനുവേണ്ടി തങ്ങളുടെ സകല പദ്ധതികൾകൊണ്ടും സമ്മർദംചെലുത്തുകയും അല്ലാഹുവിന്റേയും റസൂലിന്റേയും ഒരു ശത്രുവിനെ സഹായിക്കുകയും ചെയ്തു. ഇവിടെ പൊടുന്നനെ മനസ്സുകളിലൂടെ കടന്നുപോകുന്നത്, ഈ ജനതയിലെ എല്ലാ മൗലവിമാരും അവരുടെ അനുയായികളും എന്റെ വർഗശത്രുവായിരുന്നിട്ടും എട്ടൊമ്പത് സാക്ഷികൾ എന്നെ കുറ്റവാളിയാക്കുന്നതിനുവേണ്ടി പോയിട്ടും ആരാണ് എന്നെ ഈ കത്തിജ്വലിപ്പിക്കപ്പെട്ട അഗ്നിയിൽനിന്ന് രക്ഷിച്ചത്? എന്നാണ്. ഇതിനുള്ള മറുപടി, 25 വർഷംമുമ്പേ 'നിന്റെ ജനത നിന്നെ രക്ഷിക്കുകയില്ലെന്നും, നിന്നെ നശിപ്പിക്കാൻ ശ്രമിക്കുമെന്നും എന്നാൽ, ഞാൻ നിന്നെ രക്ഷിക്കുമെന്നും' വാഗ്ദാനം ചെയ്ത

ശേഷം പേജ് 7ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ സന്ദർശനം 2017 (ആഗസ്റ്റ്)

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

## 2017 ആഗസ്ത് 21 (ചൊവ്വാഴ്ച)

**സമാപന പരിപാടിയുടെ സമാരംഭം:-**

അതിനുശേഷം അമീറുൽ മുഅ്മിനീൻ സഭാഹാളി ലെത്തി. പരിപാടിയനുസരിച്ച് 6.45ന് പ്രോഗ്രാം തുട ങ്ങി. നാഷണൽ സെക്രട്ടറി ഉമൂറെ ഖാരിജ ദാവൂദ് മജോക്കെ സാഹിബ് അതിഥികളെ പരിചയപ്പെടു ത്തി. ഹാഫിള് ദാക്കിർ മുസ്‌ലിം സാഹിബ് ഖുർ ആൻ പാരായണം ചെയ്തു. അസീസം ഇർഫാൻ അഹ്മദ് ഭട്ടി സാഹിബ് ജർമൻ ഭാഷയിൽ തർജമ കേൾപ്പിച്ചു.

**അമീർ സാഹിബിന്റെ പ്രസംഗം:**

അതിനുശേഷം ജർമനി ജമാഅത്ത് അമീർ അബ്ദുല്ലാഹ് വാഗസ് ഹൗസർ സാഹിബ് ജമാഅത്തിനെ പരിചയപ്പെടുത്തി സംസാരിച്ചു. ഗെസ്സൻ നഗരം ജർമനിയിലെ സംസ്ഥാനമായ വേബണിലെ Lahn നദീതീരത്താണ് സ്ഥിതിചെയ്യുന്നത്. 1197ലെ ഒരു രേഖയിൽനിന്ന് ഗെസ്സൻ നഗരത്തെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നുണ്ട്. ഈ നഗരത്തിലെ ജന സംഖ്യ 84000 ആകുന്നു. ഇവരിൽ 38000 യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികളാണ്. ഹെസ്സൻ സംസ്ഥാനത്തിൽ ഈ നഗരത്തിന് പ്രത്യേകമായൊരു സ്ഥാനമുണ്ട്. ഇവിടെ സ്കൂളുകളിൽ ഇസ്‌ലാമികാധ്യാപനങ്ങളും പഠിപ്പിക്കുന്നു. ഇതുസംബന്ധമായി ജമാഅത്തിന്റെ പൂർണസഹകരണം അവർക്കുണ്ട്.

ഈ നഗരത്തിൽ ജമാഅത്തിന്റെ സംസ്ഥാപനത്തെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് അമീർ സാഹിബ് പറഞ്ഞു: 1983-ലാണ് ആദ്യ അഹ്മദീ കുടുംബം ഗെസ്സണിൽ വരുന്നത്. മൂന്നുവർഷത്തിനുശേഷം 1986-ൽ ഇവിടെ ഔദ്യോഗികമായി ജമാഅത്ത് നിലവിൽ വന്നു. അന്ന് ഈ ജമാഅത്തിൽ 220 അംഗങ്ങളാണുണ്ടായിരുന്നത്. 1998-ൽ ഹദ്റത്ത് ഖലീഫത്തുൽ റാബിഅ്(റഹ്) ഗെസ്സൻ സന്ദർശിച്ചു. ഇവിടത്തെ യൂണിവേഴ്സിറ്റിയിൽ ഒരു ചോദ്യോത്തരസദസ് സംഘടിപ്പിച്ചിരുന്നു. 1989-ൽ ഗെസ്സണിൽ ഒരു ചെറിയ വീട് വാടകയ്ക്കെടുത്തു. അത് നമസ്കാരസെന്റർ എന്ന നിലയിൽ ഉപയോഗിച്ചുവന്നു. 2004ൽ ഒരു നമസ്കാര സെന്റർ സ്ഥിരമായി സ്ഥാപിച്ചു. അതാണ് ഇന്നും ഉപയോഗിച്ചുവരുന്നത്. 2011ൽ മസ്ജിദ് നിർമാണത്തിന് ഒരു പ്ലോട്ട് വാങ്ങി. 2012 മെയ് 28ന് ഹുദൂർ അൻവർ അയ്യദഹുല്ലാഹ് തന്റെ ജർമൻ പര്യടനവേളയിൽ ഈ മസ്ജിദിന് തറക്കല്ലിട്ടു. നിർമിക്കപ്പെട്ട മസ്ജിദിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും നമസ്കരിക്കാൻ ഓരോ ഹാളുണ്ട്. പ്ലോട്ടിന്റെ വിസ്തീർണം ആയിരം ചതുരശ്രമീറ്ററാണ്. മിനാരത്തിന്റെ ഉയരം 12 മീറ്ററാണ്. ഗുമ്പദിന്റെ ചുറ്റളവ് 6 മീറ്ററാണ്. മസ്ജിദിന്റെ മുറ്റത്ത് 16 വാഹനങ്ങൾ പാർക്ക് ചെയ്യാൻ സൗകര്യമുണ്ട്. ഈ പ്ലോട്ട് നഗരമധ്യത്തിൽ, നഗരത്തിലെ പ്രശസ്തമായ റോഡുകളിൽ ഒരു റോഡിന്റെ സൈഡിലാണുള്ളത്.

**വൈസ് പ്രസിഡണ്ടിന്റെ പ്രഭാഷണം:**

ജർമൻ ജമാഅത്തിന്റെ അമീറിന്റെ പ്രസംഗത്തിനുശേഷം Giessen ഡിവിഷണിലെ വൈസ് പ്രസിഡണ്ട് മിസ്റ്റർ മാർട്ടിൻ റോബ്ലർ-അദ്ദേഹം ഹെസ്സൻ സംസ്ഥാന മുഖ്യമന്ത്രിയുടെ പ്രതിനിധി എന്ന നിലയിലാണ് പങ്കെടുത്തത്-പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞു: ഞാൻ ഏറ്റവുമാദ്യം ഖലീഫത്തുൽ മസീഹിനേയും മറ്റു അതിഥികളേയും സ്വാഗതം ചെയ്യുകയാണ്. മസ്ജിദ് നിർമാണം പൂർത്തിയായ ഇന്ന് നിങ്ങളുടെ അതിഥിയായിരിക്കുന്നതിൽ ഞാൻ ഏറ്റവുമധികം സന്തോഷിക്കുന്നു. ഞാൻ മുഖ്യമന്ത്രിയുടെ പ്രതിനിധിയായിട്ടാണ് വന്നിട്ടുള്ളത്. മുഖ്യമന്ത്രിക്കുവേണ്ടി ആശംസകൾ നേരുന്നു.

അദ്ദേഹം പറഞ്ഞു: ഈ സ്റ്റേറ്റിൽ ജമാഅത്തിനു കിട്ടിയിട്ടുള്ള സ്റ്റാറ്റസ് വിളിച്ചോതുന്നത് ജമാഅത്ത് ഈ രാജ്യത്തിനുവേണ്ടി ചെയ്യുന്ന സേവനത്തിന്റെ അടയാളമാണ്. ജമാഅത്ത് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റേയും മറ്റു സുപ്രധാന മൂല്യങ്ങളുടേയും കാവൽക്കാരാണ്. നിങ്ങൾ പ്രീതിയോടും സന്തോഷത്തോടുംകൂടി താമസിക്കുന്നു. എല്ലാവരോടുമുള്ള കടമകൾ ശ്രദ്ധിക്കുന്നു. നിങ്ങളെപ്പോഴും ശാന്തിയോടും സമാധാനത്തോടുംകൂടി ഇരിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. എല്ലാവർക്കും സംഘടിക്കാനുള്ള ഈ സ്ഥലം എന്നെന്നും നിലനില്ക്കുമാറാകട്ടെ. നിങ്ങളുടെ എല്ലാ സദ്വിചാരങ്ങളും ആഗ്രഹങ്ങളും പൂർത്തിയാകുമാറാകട്ടെ.

**മെമ്പർ പാർലിമെന്റിന്റെ പ്രസംഗം:**

അതിനുശേഷം ഹെസ്സൻ സംസ്ഥാനത്തിലെ അസംബ്ലി സംസ്ഥാനപാർലമെന്റംഗം മിസ്റ്റർ Mr. Gerhard Merz തന്റെ പ്രസംഗത്തിൽ പറഞ്ഞു: ഞാൻ ഖലീഫത്തുൽ മസീഹിന് സ്വാഗതമാശംസിക്കുന്നു. മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ എന്നെ ക്ഷണിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എന്റെ ജന്മ നഗരത്തിൽ ഒരു മസ്ജിദ് ഉണ്ടായതിലും എനിക്ക് അതിയായ സന്തോഷമുണ്ട്. അഹ്മദിയ്യാ ജമാഅത്ത് പറയുന്നതെന്താണോ അത് പ്രവർത്തിച്ചുകാണിക്കുന്നതിലും രാജ്യസേവനത്തിൽ അത്യുത്സാഹത്തോടെ പ്രവർത്തിക്കുന്നതിലും എനിക്ക് സന്തോഷമുണ്ട്. ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിനെ വഖാറെ അമൽ(ശ്രമദാനം) കൊണ്ടു മാത്രമല്ല തിരിച്ചറിയുന്നത്. പ്രത്യുത മറ്റു ധാരാളം പ്രവൃത്തികൾകൊണ്ടും തിരിച്ചറിയുന്നു. ജമാഅത്ത് സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി തങ്ങളുടെ Active റോളാണ് നിറവേറ്റിക്കൊണ്ടിരിക്കുന്നത്. അദ്ദേഹം പറഞ്ഞു: S.P.Dപാർട്ടിക്കുവേണ്ടിയും മസ്ജിദ് ഉദ്ഘാടനവേളയിൽ ആശംസകൾ നേരുകയാണ്. അഹ്മദിയ്യാ ജമാഅത്ത് ഇതുപോലെ എന്നും പ്രവർത്തനനിരതമായിരിക്കുമാറാട്ടെ. എപ്പോഴും ശാന്തിയോടും സമാധാനത്തോടും കൂടി അയൽവാസികളോടുള്ള പെരുമാറ്റം കാണിക്കുമാറാകട്ടെ. മറ്റുള്ളവർക്ക് മാതൃകായോഗ്യമായ ഒരു വഴി അഹ്മദിയ്യാ ജമാഅത്ത് സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. മറ്റുള്ളവരും ഇതനുസരിച്ച് പ്രവൃത്തിക്കേണ്ടതാണ്. അവസാനം അദ്ദേഹം ഒരിക്കൽകൂടി എല്ലാവർക്കും ആശംസകൾ നേർന്നു.

**മേയറുടെ പ്രസംഗം:**

ഇതിനുശേഷം Giessen നഗരത്തിന്റെ ലോർഡ് മേയർ മിസിസ് സായിദ് ലിന്റർഗാർബി ബോൽസ് സാഹിബ പ്രസംഗിച്ചു. അവർ പറഞ്ഞു: ഞാൻ ഏറ്റവുമാദ്യം ഖലീഫത്തുൽ മസീഹിനേയും മറ്റു അതിഥികളേയും സ്വാഗതം ചെയ്യുകയാണ്. ഇന്നത്തെ ദിവസം Giessen ലെ അഹ്മദികൾക്കു മാത്രമല്ല ഗെസ്സൻ നഗരവാസികൾക്കും സന്തോഷത്തിന്റെ ദിവസമാണ്. ഇന്ന് ഈ പരിപാടിയിൽ ഗെസ്സൻ നഗരത്തിലെ ധാരാളമാളുകളെ കാണുന്നുണ്ട്. അവരിൽ ചിലരുടെ ബന്ധം നഗരത്തിന്റെ സംഘടനാപരമായ കാര്യങ്ങളുമായിട്ടാണ്. രാഷ്ട്രീയബന്ധവുമുണ്ട്. എന്നല്ല മുഴുവൻ ഹെസ്സൻ സംസ്ഥാനത്തിൽനിന്നും ഇന്നത്തെ ഈ പരിപാടിയിൽ പങ്കെടുക്കാൻ ആളുകൾ വന്നിട്ടുണ്ട്.' മേയർ സാഹിബ പറഞ്ഞു: 'മസ്ജിദ് എന്ന് പറയുന്നത് ആളുകൾ ആരാധനയ്ക്കായി വരുന്ന സ്ഥലം മാത്രമല്ല. പ്രത്യുത പരസ്പരം തമ്മിൽ കാണുന്നതിനും പോസിറ്റീവായിട്ടുള്ള പരിപാടികൾ ഉണ്ടാക്കുന്നതിനും അയൽവാസികളോടുള്ള കടമകൾ നിറവേറ്റുന്നതിനും വേണ്ടിയുള്ളതുമാണെന്ന് ജമാഅത്തിന്റെ ഒരു ലഘുലേഖയിൽ ഞാൻ വായിച്ചിട്ടുണ്ട്.' അവർ പറഞ്ഞു: 'മസ്ജിദ് മുഖേന നമുക്ക് പരസ്പരം അടുക്കാൻ കഴിയും. പരസ്പരം സന്തോഷങ്ങൾ പങ്കുവെക്കാൻ കഴിയും. ഗെസ്സൻ നഗരത്തിൽ എല്ലാ മതക്കാരോടും അഹ്മദിയ്യാ ജമാഅത്തിന് അഗാധമായ ബന്ധമാണുള്ളത്. അഹ്മദിയ്യാ ജമാഅത്ത് ഈ നഗരത്തിൽ വിശ്വാസാന്തരീക്ഷത്തിൽ ജീവിച്ചുവരുന്നു. 'എല്ലാവരോടും സ്നേഹം ആരോടുമി ല്ല വെറുപ്പ്' എന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ മോട്ടോ ആണ്. ഇക്കാര്യം നമ്മൾ പരസ്പരം ചേർന്നുകൊണ്ട് ശാന്തിയോടുകൂടി ജീവിക്കുക എന്നതിന്റെ അടിത്തറയാണ്. ഒരു മോഡലിന്റെ നിലയാണ് നിങ്ങളുടെ ജമാഅത്ത് ഉൾക്കൊള്ളുന്നത്. ലോകത്തുള്ളവരെല്ലാം നിങ്ങൾ പറയുന്ന കാര്യത്തിൽ ചിന്തിക്കുകയാണെങ്കിൽ ഇവിടെ സമാധാനം സ്ഥാപിതമാകും. യുദ്ധവും ഏറ്റുമുട്ടലും ഭീകരപ്രവർത്തനവും അവസാനിക്കും.' അവർ പറഞ്ഞു: നിങ്ങളുടെ മസ്ജിദ് ഒരു തുറന്ന സ്ഥലത്താണ്. മറഞ്ഞിരിക്കുന്ന നമസ്കാര സെന്ററല്ല. ഗെസ്സൻ നഗരത്തിന്റെ ഭാഗമാണ് നിങ്ങളെന്നാണ് നിങ്ങൾ മസ്ജിദ് നിർമിച്ചുകൊണ്ട് പ്രഖ്യാപിച്ചിട്ടുള്ളത്. മതം അങ്ങനെ തന്നെയായിരിക്കേണ്ടതുമാണ്. അത് മറ്റുള്ളവർക്ക് ശാന്തിയും സംരക്ഷണവും നല്കണം. ഇക്കാര്യം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് ഒരവസരത്തിൽ മനോഹരമായ നിലയിൽ പറയുകയുണ്ടായി; മറ്റു മതങ്ങൾക്ക് സമാധാനം നല്കുന്നതാണ് യഥാർഥ മതമെന്ന്. അവസാനം മേയർ പറഞ്ഞു: ഇന്ന് മസ്ജിദിന്റെ ഉദ്ഘാടനം നടക്കുന്ന സന്തോഷത്തിൽ ഞാൻ ഒരു മരം ഉപഹാരമെന്ന നിലയിൽ ജമാഅത്തിന് നൽകി. Lahn നദിയിലെ വെള്ളംകൊണ്ട് ഇന്ന് അതിനെ നനച്ചു. ഈ മരം മസ്ജിദിന്റെ പ്ലോട്ടിൽ നടുന്നതായിരിക്കും. എപ്രകാരം മരത്തിന്റെ വേരുകൾ ശക്തമായി ഭൂമിയിൽ ഉറയ്ക്കുന്നുവോ അഹ്മദിയ്യാ ജമാഅത്തും തങ്ങളുടെ വേരുകൾ ഇവിടെ ഉറപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഹുദൂർ അൻവർ Giessen നഗരത്തിന്റെ ഗോൾഡൻ ബുക്കിൽ ഒപ്പിടണമെന്ന് മേയർ

ശേഷം പേജ് 8ൽ




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

ലോകത്ത് ഒരുപാട് തരത്തിലുള്ള മജ്‌ലിസുകൾ അഥവാ സഭകളുണ്ട്. അല്ലെങ്കിൽ വിവിധ മജ്‌ലിലുകൾക്ക് വിവിധ ഉദ്ദേശ്യങ്ങളുണ്ട്. ചില മജ്‌ലിസുകൾ ചർച്ചകൾക്കു വേണ്ടിയുള്ളതാണ്. അതിൽ ഭൗതികമായ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിനുള്ള ചർച്ചകളാണ് നടക്കാറുള്ളത്. ഇനി ജനങ്ങളുടെ ഉന്നതിക്കുവേണ്ടി ഏതെങ്കിലും മജ്‌ലിസ് അഥവാ കമ്മിറ്റി ചേരുകയോ ആലോചിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അതും ഭൗതികോദ്ദേശ്യങ്ങൾക്കുവേണ്ടിയാണ്. ദൈവത്തിന്റെ സന്തോഷം അതിലും ഉദ്ദേശ്യമായിരിക്കുകുകയില്ല. പക്ഷേ, ചില മജ്‌ലിസുകളുണ്ട്. അത് മതപരമായ ഉദ്ദേശ്യങ്ങൾക്കുവേണ്ടിയുള്ളതാണ്. അതു അല്ലാഹുവിന്റെ സ്മരണ ഉയർത്തുന്നതിനുവേണ്ടിയാണ്. മനുഷ്യരെ അല്ലാഹുവിന്റെ അടുത്തുകൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ചിന്തിക്കുന്നതിനുവേണ്ടിയുള്ളതാണ്. അല്ലെങ്കിൽ ആത്മീയതയിൽ അഭിവൃദ്ധിപ്പെടുന്നതിനുള്ള മാർഗങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടിയുള്ളതാണ്. അല്ലെങ്കിൽ ആ മജ്‌ലിസുകളിൽ പങ്കെടുക്കുന്നവർ ദൈവതൃപ്ത കരസ്ഥമാക്കുന്നതിനു വേണ്ടി അതിൽ പങ്കുചേരുകയാണ്. ചുരുക്കത്തിൽ ഈ കമ്മിറ്റികളുടെ ഉദ്ദേശ്യം നമ്മുടെ ഏതു ജോലിയാണെങ്കിലും, ഏതു പദ്ധതിയാണെങ്കിലും മജ്‌ലിസിന്റെ എന്തു പ്രോഗ്രാമാണെങ്കിലും അവയുടെ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നതായിരിക്കണം. വ്യർഥമായ കാര്യങ്ങളിൽനിന്ന് വിട്ടുനില്ക്കുന്നതായിരിക്കണം. ഇത്തരം മജ്‌ലിസുകളാണ് അല്ലാഹുവിന് ഇഷ്ടപ്പെട്ടത്. അത്തരം മജ്‌ലിസുകളുടെ ഫലങ്ങൾ ഈ ലോകത്തും വെളിപ്പെടാറുണ്ട്. അത്തരം മജ്‌ലിസുകളിൽ പങ്കെടുക്കുന്നവരെ അല്ലാഹു മരിച്ചതിനുശേഷവും അനുഗ്രഹിക്കാറുണ്ട്.

**വിശുദ്ധഖുർആനിലും അല്ലാഹു മുഅ്മിനീംകളുടെ മജ്‌ലിസുകളെക്കുറിച്ച് നൽകിയിട്ടുള്ള നിർദ്ദേശം ഇതുതന്നെയാണ്. മുഅ്മിനീംകളുടെ മജ്‌ലിസ് ധിക്കാരങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും പാപങ്ങളിൽനിന്നും പരിശുദ്ധമായിരിക്കുകയും റസൂലിനെ നിഷേധിക്കുന്നതിൽനിന്ന് രക്ഷപ്പെട്ടിരിക്കുകയും തഖ്‌വയിലൂടെ നടക്കുകയും ചെയ്യുന്നതായിരിക്കേണ്ടതാണ്. പക്ഷേ, ഖേദകരമെന്നു പറയട്ടെ! ഇക്കാലത്തെ മുസ്‌ലിംകളുടെ ഭൂരിപക്ഷം മജ്‌ലിസുകളും ഇതിന് തികച്ചും വിരുദ്ധമാണ്.**

**മുസ്‌ലിം എന്ന് പറഞ്ഞുകൊണ്ട് പിന്നീട് ദുൻയാവിനെ തങ്ങളുടെ ഉദ്ദേശ്യമാക്കുന്നവരുടയും അതിന്റെ പിന്നാലെ ഓടുന്നവരുടേയും അവസ്ഥയുടെ കർമപരമായ പ്രകടനം വിളിച്ചോതുന്നത് അല്ലാഹുവിന്റെ സത്തയിലുള്ള ഈമാനും യഖീനും അവസാനിച്ചുപോയി എന്നാണ്. അല്പമാത്രമെങ്കിലും അല്ലാഹുവിന്റെ സത്തയിൽ ഈമാനും യഖീനും ഉണ്ടായിരുന്നെങ്കിൽ മുസ്‌ലിം രാഷ്ട്രീയക്കാരുടേയും ലീഡർമാരുടെയും ഇന്ന് കാണുന്ന അവസ്ഥ ഉണ്ടാകുമായിരുന്നില്ല.**

**ഭൗതികമായ കാര്യങ്ങൾ ചർച്ചചെയ്യുന്ന മജ്‌ലിസുകളിൽ ഒന്ന് യു.എൻ ഓയുടേതുമാണ്. ഇപ്പോൾ കഴിഞ്ഞദിവസമാണ് അതിന്റെ ഒരു മീറ്റിംഗുണ്ടായത്. അമേരിക്കൻ പ്രസിഡണ്ടിന്റെ പ്രസംഗവുമുണ്ടായിരുന്നു. പാശ്ചാത്യ നിരൂപകൻ എഴുതി: 'ഈ പ്രസംഗം സമാധാനമുണ്ടാക്കുന്നതിനുപകരം കുഴപ്പവും കലഹവും ഉണ്ടാക്കാനാണ് കൂടുതൽ സാധ്യത.**

നമുക്ക് നമ്മുടെ അവസ്ഥകളിലും ആത്മപരിശോധന നടത്തികൊണ്ടിരിക്കേണ്ടതാണ്. ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നത് ശയ്ത്വാന് ഒരിക്കലും സഹിക്കുകയില്ലെന്നത് എപ്പോഴും ഓർക്കേണ്ടതാണ്. ശയ്ത്വാൻ അവന്റെ പ്രകൃതിയനുസരിച്ച് നമ്മുടെ ഉള്ളിലും അസ്വസ്ഥതകൾ ഉണ്ടാക്കുകയും ഭിന്നിപ്പുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്. അതുകൊണ്ട് കൂടിയിരിക്കുന്നവർ അല്ലെങ്കിൽ തങ്ങളുടെ തദ്ദേശ ഹൽഖകളിലേയോ നഗരത്തിലെ ജമാഅത്തുപരമായ വ്യവസ്ഥിതിയേയോ ദേശീയ ജമാഅത്തുപരമായ വ്യവസ്ഥിതിയേയോ സംബന്ധിച്ച് സംസാരിക്കുന്നവർ ശയ്ത്വാന്റെ ചതികളിൽ വന്നുപെടുന്നു. ശയ്ത്വാന്റെ ജോലി സഹതാപിയായിക്കൊണ്ട് ആക്രമണം നടത്തുക എന്നതാണ്. അതുകൊണ്ട് അത്തരം മജ്‌ലിസുകളിൽ യഥാർഥത്തിൽ ജമാഅത്തുപരമായ വ്യവസ്ഥിതിക്ക് വിരുദ്ധം പ്രവർത്തിക്കാത്ത ആളുകളും പങ്കെടുക്കുന്നു. എന്നല്ല ജമാഅത്തിന്റെ വേദന മനസ്സിലാക്കുന്ന കാരണത്താൽ ഫിത്ന ഉണ്ടാക്കുന്നവർ ചെയ്യുന്നത് ശരിയാണെന്ന് മനസ്സിലാക്കുന്നു. അവർ അവരെ ഫിത്ന ഉണ്ടാക്കുന്നവരാണെന്ന് മനസ്സിലാക്കുകയില്ല. പക്ഷേ, ഇവർ മനസ്സിലാക്കുന്നത് അഭിപ്രായം പ്രകടിപ്പിക്കുന്നവരും സഹതാപം കാണിക്കുന്നവരും ശരിയാണ് പറയുന്നതെന്നും പരിഷ്കരണത്തിന്റെ ആവശ്യമുണ്ടെന്നുമാണ്. വാസ്തവത്തിൽ പരിഷ്കരണത്തിന്റെ ആവശ്യമുണ്ടെങ്കിൽ രാജ്യത്തിന്റെ കേന്ദ്രതലംവരേയും ഖലീഫവരേയും കാര്യം എത്തിക്കുകയാണ് വേണ്ടത്. അതിനുശേഷം അവിടേയും ഇവിടേയും സഭകൾകൂടി സംസാരിക്കുന്നതും വലിയ രഹസ്യവും സുപ്രധാനവുമായ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നതെന്നും ജമാഅത്തിനെ കുറിച്ചുള്ള വേദനകൊണ്ടാണ് സംസാരിക്കുന്നതെന്നും തോന്നുംവിധം കാര്യങ്ങൾ അവതരിപ്പിക്കുന്നതും തികച്ചും തെറ്റായ രീതിയാണ്. അത് പാപവും ധിക്കാരവും റസൂലിനോടുള്ള നിഷേധവും,തഖ്‌വയിൽനിന്ന് അകന്നിരിക്കുന്നതിന്റെ അടയാളങ്ങളുമാണ്.

---

അഹ്മദിയ്യത്തിന്റെ എതിരാളികൾ തുറന്നനിലയിൽ എവിടെയാണോ ജമാഅത്തിന്നെതിരിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ചെയ്യാൻ പോകുന്നതും അവിടെ സഹതാപത്തിന്റെ പേരിൽ നിഷ്ക്കളങ്കരായ ആളുകളേയും ദുർബല വിശ്വാസികളേയും കുഴപ്പമുണ്ടാക്കുന്നതിന് തങ്ങളുടെ ആയുധമാക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു. അതുകൊണ്ട് എല്ലാ അഹ്മദിയും ഇക്കാര്യത്തിൽ ജാഗരൂകരായിരിക്കേണ്ടതാണ്. അല്ലാഹു ജമാഅത്തിനെ ആന്തരികവും ബാഹ്യവുമായ എല്ലാ ഫിത്നകളിൽനിന്നും രക്ഷിക്കുമാറാകട്ടെ. എപ്പോഴും എപ്പോഴും നന്മയുടെയും തഖ്‌വയുടെയും മജ്‌ലിസിൽ ഇരിക്കുകയും അതിന്റെ ഭാഗമാകുന്നതിന് തൗഫീഖ് നല്കുകയും ചെയ്യുമാറാകട്ടെ.

**മജ്‌ലിസിന്റെ വിവിധ തരങ്ങളേയും അവസ്ഥകളേയും സംബന്ധിച്ച് നബി(സ)തിരുമേനിയുടേയും അവിടത്തെ സത്യവാനായ ദാസൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും തിളക്കമാർന്ന നിർദേശങ്ങളുടെ വെളിച്ചത്തിൽ ജമാഅത്തംഗങ്ങൾക്ക് ഉപദേശങ്ങൾ**

**നമ്മുടെ യുവാക്കളും യുവത്വത്തിൽ ചുവടു വെക്കാൻ തുടങ്ങുന്ന കുട്ടികളും ചീത്തക്കൂട്ടുകെട്ടുകളിൽനിന്നും മജ്‌ലിസുകളിൽ നിന്നും സുരക്ഷിതരായിരിക്കുന്നതിനു വേണ്ടി മാതാപിതാക്കളും തങ്ങളുടെ കുട്ടികളുടേയും മജ്‌ലിസുകളുടേയും അവരുടെ കൂട്ടുകെട്ടുകളുടേയുംമേൽ ദൃഷ്ടിവെക്കേണ്ടതാണ്. സ്വയം വീടുകളിലും പരിശുദ്ധമായ മീറ്റിംഗുകൾ ചേരേണ്ടതാണ്. അത് എപ്പോഴും ശിക്ഷണപരമായ വീക്ഷണത്താൽ ഉന്നതമായിരിക്കേണ്ടതാണ്.**

**ഇന്നിവിടെ ലജ്ന ഇമാഇല്ലായുടെ ഇജ്തിമാ ആരംഭിക്കുകയാണ്. ലജ്നയുടെ പരിപാടികളുടെ കൂടുതൽ ഭാഗം ദീനിയും വൈജ്ഞാനികവുമായ മജലിസുകൾ ആയിരിക്കണമെന്ന കാര്യം ലജനയും ഓർക്കേണ്ടതാണ്. തങ്ങൾ ഏതെങ്കിലും മേളയിൽ പങ്കെടുക്കുന്നതിനുവേണ്ടിയല്ല വന്നിട്ടുള്ളതെന്ന കാര്യം പങ്കെടുക്കുന്ന സ്ത്രീകളും ഓർക്കേണ്ടതാണ്.**

**സ്ഥിരമായി ദീനീപരവും വൈജ്ഞാനികവുമായ മജ്‌ലിസുകൾ സംഘടിപ്പിക്കുക. ഔദ്യോഗികമായ പ്രോഗ്രാം ഇല്ലെങ്കിൽത്തന്നെയും നിങ്ങളുടെ മജ്‌ലിസുകളിൽ അവിടേയും ഇവിടേയുമുള്ള കാര്യങ്ങൾ പറയുന്നതിനുപകരം വ്യർഥമായ സംസാരത്തിനുപകരം നിർമാണ പരമായുള്ളകാര്യങ്ങൾ സംസാരിക്കുക. വ്യർഥമായ സംസാരങ്ങളിൽനിന്ന് എപ്പോഴും വിട്ടു നില്ക്കുക. തങ്ങളുടെ സമയത്തെ പാഴായിപ്പോകുന്നതിൽനിന്ന് രക്ഷപ്പെടുത്തുക.**

നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ ദീനില്ലാത്ത ആളുകളോടൊപ്പം കൂടുതൽ ഇടപഴകുന്നതും ഭക്ഷണം കഴിക്കുന്നതും പാനം ചെയ്യുന്നതും നിങ്ങളെ നിങ്ങളുടെ ദീനിൽനിന്നും തഖ്‌വയിൽനിന്നും അകറ്റിക്കൊണ്ടുപോകുന്നതാണ്. അതെ, തബ്‌ലീഗ് ചെയ്യുന്നതിനും സൽകാര്യങ്ങൾ എത്തിക്കുന്നതിനും അവരെ തങ്ങളുടെ മജ്‌ലിസുകളിൽ കൊണ്ടുവരേണ്ടതാണ്. കാരണം നന്മയുടെ ഈ മജ്‌ലിസുകൾ പിന്നീട് അതിന്റെ സ്വാധീനം വിട്ടുവെച്ചുപോകുന്നു. നമ്മുടെ ജൽസകളിലും ഫംഗ്ഷനുകളിലും പങ്കെടുക്കുന്ന ധാരാളം അന്യരുണ്ട്. ഇവിടെ വന്നിട്ട് തങ്ങളുടെ അവസ്ഥയും ശൈലിയും തികച്ചും മാറിപ്പോയെന്ന കാര്യം അവർ വെളിപ്പെടുത്തുന്നു.

**Philadelphia-യിലെ ബിലാൽ അബ്ദുസ്സലാം സാഹിബിന്റെ വഫാത്തും അദ്ദേഹത്തെ കുറിച്ചുള്ള അനുസ്മരണവും.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

2017 സെപ്റ്റംബർ 22/1396 തബൂക് 22
ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ـ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ـ اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ ـ الرَّحْمٰنِ الرَّحِيْمِ ـ مٰلِكِ يَوْمِ الدِّيْنِ ـ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ـ اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ ـ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّالِّيْنَ ـ

ലോകത്ത് ഒരുപാട് തരത്തിലുള്ള മജ്‌ലിസുകൾ അഥവാ സഭകളുണ്ട്. അല്ലെങ്കിൽ വിവിധ മജ്‌ലിലുകൾക്ക് വിവിധ ഉദ്ദേശ്യങ്ങളുണ്ട്. ചില മജ്‌ലിസുകൾ ചർച്ചകൾക്കു വേണ്ടിയുള്ളതാണ്. അതിൽ ഭൗതികമായ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിനുള്ള ചർച്ചകളാണ് നടക്കാറുള്ളത്. അത് ഭരണം നടത്തുന്നതിനുള്ള ചർച്ചകളാകാം. രാഷ്ട്രീയക്കാരുടെ മജ്‌ലിസുകളിലെ ചർച്ചകളാകാം. അല്ലെങ്കിൽ തൊഴിലാളികളുടെ മീറ്റിംഗുകളാകാം. അല്ലെങ്കിൽ കളികളുടേയും ഉല്ലാസയാത്രകളുടേയും കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുള്ള സഭകളാകാം. അവയ്ക്കായി കമ്മിറ്റികൾ രൂപീകരിക്കുന്നു. ഉല്ലാസയാത്രയ്ക്കുള്ള പരിപാടികൾ തയ്യാറാക്കുന്നതിനുവേണ്ടി ആളുകൾ കൂടിച്ചേരുകയും ആലോചിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽപ്പിന്നെ പേരിനുമാത്രമുള്ള വൈജ്ഞാനിക സഭകൾക്കുവേണ്ടിയും ചില കമ്മിറ്റികൾ ഉണ്ടാകാറുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഈ എല്ലാത്തരത്തിലുള്ള സഭകളും കമ്മറ്റികളും ചേർന്നുകൊണ്ടിരിക്കുന്നത് ഭൗതികജോലികൾക്കുവേണ്ടിയാണ്. ആ മജ്‌ലിസുകളൊന്നും ദൈവത്തിനുവേണ്ടിയോ ദൈവത്തിന്റെ പ്രീതിക്കുവേണ്ടിയോ അല്ലെങ്കിൽ ദൈവത്തിന്റെ സാമീപ്യം ലഭിക്കുന്നതിനുവേണ്ടിയോ അല്ല. ഇനി ജനങ്ങളുടെ ഉന്നതിക്കുവേണ്ടി ഏതെങ്കിലും മജ്‌ലിസ് അഥവാ കമ്മിറ്റി ചേരുകയോ ആലോചിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അതും ഭൗതികോദ്ദേശ്യങ്ങൾക്കുവേണ്ടിയാണ്. ദൈവത്തിന്റെ സന്തോഷം അതിലും ഉദ്ദേശ്യമായിരിക്കുകയില്ല. പക്ഷേ, ചില മജ്‌ലിസുകളുണ്ട്. അത് മതപരമായ ഉദ്ദേശ്യങ്ങൾക്കുവേണ്ടിയുള്ളതാണ്. അതു അല്ലാഹുവിന്റെ സ്മരണ ഉയർത്തുന്നതിനുവേണ്ടിയാണ്. മനുഷ്യരെ അല്ലാഹുവിന്റെ അടുത്തുകൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ചിന്തിക്കുന്നതിനു വേണ്ടിയുള്ളതാണ്. അല്ലെങ്കിൽ ആത്മീയതയിൽ അഭിവൃദ്ധിപ്പെടുന്നതിനുള്ള മാർഗങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടിയുള്ളതാണ്. അല്ലെങ്കിൽ ആ മജ്‌ലിസുകളിൽ പങ്കെടുക്കുന്നവർ ദൈവതൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി അതിൽ പങ്കുചേരുകയാണ്. ചുരുക്കത്തിൽ ഈ കമ്മിറ്റികളുടെ ഉദ്ദേശ്യം നമ്മുടെ ഏതു ജോലിയാണെങ്കിലും, ഏതു പദ്ധതിയാണെങ്കിലും മജ്‌ലിസിന്റെ എന്തു പ്രോഗ്രാമാണെങ്കിലും അവയുടെ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നതായിരിക്കണം. വ്യർഥമായ കാര്യങ്ങളിൽനിന്ന് വിട്ടുനില്ക്കുന്നതായിരിക്കണം. ഇത്തരം മജ്‌ലിസുകളാണ് അല്ലാഹുവിന് ഇഷ്ടപ്പെട്ടത്. അത്തരം മജ്‌ലിസുകളുടെ ഫലങ്ങൾ ഈ ലോകത്തും വെളിപ്പെടാറുണ്ട്. അത്തരം മജ്‌ലിസുകളിൽ പങ്കെടുക്കുന്നവരെ അല്ലാഹു മരിച്ചതിനുശേഷവും അനുഗ്രഹിക്കാറുണ്ട്.

അതുകൊണ്ട് ഒരു മുഅ്മിന്റെ ജോലി തന്റെ വീട്ടിലെ മജ്‌ലിസാണെങ്കിലും ഭാര്യാമക്കളുമായി ചേർന്നുള്ള മജ്‌ലിസാണെങ്കിലും വീടിന് വെളിയിലുള്ള മജ്‌ലിസാണെങ്കിലും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനും നമ്മുടെ ആത്മീയതയെ സംരക്ഷിക്കുന്നതിനും നമ്മുടേയും സത്യവിശ്വാസികളുടേയും അവസ്ഥയെ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ശ്രമിക്കുക എന്നതാണ്. ഒരു മുഅ്മിന്റെ ബാഹ്യത്തിലുള്ള ഭൗതികമായ മജ്‌ലിസും ദൈവസ്മരണയിൽനിന്ന് ശൂന്യമായിരിക്കുകയില്ല. ഭൗതികമായ ജോലികൾ ചെയ്തുകൊണ്ടിരിക്കുമ്പോഴും വ്യർഥമായ കാര്യങ്ങളിൽനിന്ന് അവർ വിട്ടുനിൽക്കുന്നതായിരിക്കും. മനസ്സ് ഭൗതികജോലികൾ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിലും അല്ലാഹുവിന്റെ സ്മരണയും ഓർമയും അവൻ മറക്കുകയില്ല. ഭൗതികജോലികളിൽ വ്യാപൃതനായിരിക്കുന്ന മുഅ്മിനാണെങ്കിലും അവന്റെ ഭൗതികജോലികൾക്കായുള്ള മീറ്റിംഗുകളിലും വഞ്ചനകളോ മറ്റുള്ളവരുടെ അവകാശങ്ങൾ പിടിച്ചെടുക്കുന്നതിനെ കുറിച്ചുള്ള സംസാരങ്ങളോ ഉണ്ടായിരിക്കുകയില്ല; ഇക്കാലത്തെ രാഷ്ട്രീയക്കാരുടേയും ലൗകികരുടേയും മജ്‌ലിസുകളിലെ സംസാരം പോലെ!മറിച്ച് അല്ലാഹുവിനോടുള്ള ഭയവും ഈശ്വരഭക്തിയും എപ്പോഴും അവന്റെ മുന്നിലുണ്ടാകുന്നു. ഇക്കാര്യങ്ങൾ എപ്പോഴും മുമ്പിൽ വെക്കണമെന്നതാണ് ഒരു മുഅ്മിനിൽ നിന്ന് പ്രതീക്ഷിക്കുന്നത്. വിശുദ്ധഖുർആനിലും അല്ലാഹു മുഅ്മിനീംകളുടെ മജ്‌ലിസുകളെക്കുറിച്ച് നൽകിയിട്ടുള്ള നിർദ്ദേശം ഇതുതന്നെയാണ്. മുഅ്മിനീംകളുടെ മജ്‌ലിസ് ധിക്കാരങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും പാപങ്ങളിൽനിന്നും പരിശുദ്ധമായിരിക്കുകയും റസൂലിനെ നിഷേധിക്കുന്നതിൽനിന്ന് രക്ഷപ്പെട്ടിരിക്കുകയും തഖ്‌വയിലൂടെ നടക്കുകയും ചെയ്യുന്നതായിരിക്കേണ്ടതാണ്. പക്ഷേ, ഖേദകരമെന്നു പറയട്ടെ! ഇക്കാലത്തെ മുസ്‌ലിംകളുടെ ഭൂരിപക്ഷം മജ്‌ലിസുകളും ഇതിന് തികച്ചും വിരുദ്ധമാണ്. മുസ്‌ലിംകൾ മുസ്‌ലിംകളെ നശിപ്പിക്കുന്നതിനുള്ള ശ്രമത്തിൽ മുഴുകുകയും പദ്ധതികൾ ആസൂത്രണം ചെയതുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു: *യാ അയ്യുഹല്ലദീന ആമനൂ ഇദാ തനാജയ്തും ഫലാ തത്തനാജൗ ബിൽഇഥ്മി വൽഉദ്‌വാനി വ മഅ്സിയ്യത്തിർറസൂലി വ തനാജൗ ബിൽബിർറി വത്തഖ്‌വാ വത്തഖുല്ലാഹല്ലദീ ഇലയ്ഹി തുഹ്ശറൂൻ.* വിശ്വസിച്ചവരേ, നിങ്ങൾ രഹസ്യാലോചന നടത്തുമ്പോൾ നിങ്ങൾ കുറ്റം ചെയ്യാനും അതിക്രമം പ്രവർത്തിക്കാനും ദൈവദൂതന്റെ കല്പന ലംഘിക്കാനും രഹസ്യാലോചന നടത്തരുത്. എന്നാൽ, നന്മ പ്രവർത്തിക്കാനും സൂക്ഷ്മത കൈക്കൊള്ളാനും നിങ്ങൾ രഹസ്യാലോചന നടത്തിക്കൊള്ളുക. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. അവനിലേക്കാണ് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നത്.(58:10)

പക്ഷേ, ഞാൻ പറഞ്ഞതുപോലെ മുസ്‌ലിംകൾ അല്ലാഹുവിന്റെ ഈ കല്പന മറന്നുപോയി. പരസ്പരമുള്ള ഭിന്നത അതിന്റെ മൂർധന്യാവസ്ഥയിലെത്തിയിരിക്കുന്നു. അല്ലാഹു മുഅ്മിന്റെ അടയാളമായി പറഞ്ഞത് *റുഹമാഉ ബയ്നഹും*(48:30) അവർ പരസ്പരം കാരുണ്യമുള്ളവരും ഇണക്കമുള്ളവരുമാണെന്നാണ്. പക്ഷേ, ഇവിടെ നമ്മൾ കാണുന്നത് കാഫിരീംകളുടെ അവസ്ഥ അല്ലാഹു വരച്ചുകാണിച്ചതാണ്. അവരെക്കുറിച്ച് പറയുന്നത് *വ ഖുലൂബുഹും ശത്താ* (59:15) എന്നാണ്. അവരുടെ ഹൃദയങ്ങൾ വിഭിന്നങ്ങളാണ്! അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിച്ചുകൊണ്ടും തഖ്‌വയിൽനിന്ന് അകന്നുകൊണ്ടുമാണ് പരസ്പരവും അന്യരുമായുള്ള കൂടിയാലോചനയാണെങ്കിലും രഹസ്യമായുള്ള ഉടമ്പടികളാണെങ്കിലും നടത്തുന്നത്. ദൈവഭയമാണെങ്കിൽ തീരെയില്ല. അല്ലാഹുവിനെ ഭയപ്പെടുകയെന്നും അവന്റെ സന്നിധിയിൽ നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നതാണെന്നും അല്ലാഹു പറയുന്നു. അവിടെ ഭരണകൂടങ്ങളും രാജത്ത്വവും സമ്പത്തും പാശ്ചാത്യശക്തികളുടെ ആശിർവാദങ്ങളും പ്രയോജനം ചെയ്യുകയില്ല. അവിടെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളെ ധിക്കരിച്ചതിനും തഖ്‌വയിൽനിന്ന് അകന്നതിനുമുള്ള ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്താൻ ഒരു വൻശക്തിക്കും സാധ്യമല്ല.

യഥാർഥത്തിൽ മുസ്‌ലിം എന്ന് പറഞ്ഞുകൊണ്ട് പിന്നീട് ദുൻയാവിനെ തങ്ങളുടെ ഉദ്ദേശ്യമാക്കുന്നവരുടയും അതിന്റെ പിന്നാലെ ഓടുന്നവരുടേയും അവസ്ഥയുടെ കർമപരമായ പ്രകടനം വിളിച്ചോതുന്നത് അല്ലാഹുവിന്റെ സത്തയിലുള്ള ഈമാനും യഖീനും അവസാനിച്ചുപോയി എന്നാണ്. അല്പമാത്രമെങ്കിലും അല്ലാഹുവിന്റെ സത്തയിൽ ഈമാനും യഖീനും ഉണ്ടായിരുന്നെങ്കിൽ മുസ്‌ലിം രാഷ്ട്രീയക്കാരുടേയും ലീഡർമാരുടെയും ഇന്ന് കാണുന്ന അവസ്ഥ ഉണ്ടാകുമായിരുന്നില്ല. അതുപോലെതന്നെ ഇന്ന് നമ്മൾ കണ്ടുവരുന്നതുപോലെ നാമമാത്ര ഉലമാക്കളുടെ ഈ അവസ്ഥയും ഉണ്ടാകുമായിരുന്നില്ല. എന്തായാലും ഈ കാലഘട്ടത്തിൽ നമ്മൾ ഇത്തരം എല്ലാ ചിന്താഗതികളോടുംകൂടി നമ്മെ പരിശുദ്ധരാക്കുകയും അല്ലാഹുവിനോടുള്ള ഭയവും ഭക്തിയും നമ്മുടെ ഉള്ളിൽ വർധിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം അനഹ്മദിമുസ്‌ലിംകളുമായും ബന്ധങ്ങൾ ഉണ്ടാക്കുകയും എത്രത്തോളം നമുക്ക് നമ്മുടെ വൃത്തത്തിൽ മുസ്‌ലിംകൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ കഴിയുമോ മനസ്സിലാക്കികൊടുക്കുകയും ചെയ്യുക എന്നത് നമ്മുടേയും നിർബന്ധകടമയാണ്; നിങ്ങളുടെ ഈ അവസ്ഥ നിങ്ങളെ പരിപൂർണമായും അന്യരുടെ അടിമത്ത്വത്തിൽ കൊണ്ടുചെന്നെത്തിക്കുക മാത്രമല്ല മറിച്ച് ദൈവത്തിന്റെ ശിക്ഷയ്ക്കും നിങ്ങൾ പാത്രീഭൂതരാകുന്നതാണെന്നും ഏതൊരു ലോകത്തിന്റെ പിന്നാലെയാണോ നിങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത് അവരും നിങ്ങളുടെ കൈയിൽനിന്ന് പൊയ്പ്പോകുമെന്നും ദീനിനെ നിങ്ങൾ മുമ്പേതന്നെ ഉപേക്ഷിച്ചിരിക്കുകയാണെന്നും ഇനിയും സമയമുണ്ടെന്നും അതിനാൽ അല്ലാഹുവിനോടുള്ള ഭയവും തഖ്‌വയും മനസ്സുകളിൽ ഉണ്ടാക്കുകയെന്നും ഇല്ലെങ്കിൽ എല്ലാംതന്നെ കൈയിൽനിന്ന് പൊയ്പ്പോകുമെന്നും മുസ്‌ലീംകൾക്ക് മനസ്സിലാക്കിക്കൊടുക്കുക.

ഭൗതികമായ കാര്യങ്ങൾ ചർച്ചചെയ്യുന്ന മജ്‌ലിസുകളിൽ ഒന്ന് യു.എൻ ഓയുടേതുമാണ്. ഇപ്പോൾ കഴിഞ്ഞദിവസമാണ് അതിന്റെ ഒരു മീറ്റിംഗുണ്ടായത്. അമേരിക്കൻ പ്രസിഡണ്ടിന്റെ പ്രസംഗവുമുണ്ടായിരുന്നു. പാശ്ചാത്യ നിരൂപകൻ എഴുതി: 'ഈ പ്രസംഗം സമാധാനമുണ്ടാക്കുന്നതിനുപകരം കുഴപ്പവും കലഹവും ഉണ്ടാക്കാനാണ് കൂടുതൽ സാധ്യത. എന്നല്ല ഇതും അദ്ദേഹം തുറന്നെഴുതി: 'ഈ പ്രസംഗം കൊണ്ട് സൗദിഅറേബ്യയും അല്പം ചില മുസ്‌ലിംരാഷ്ട്രങ്ങളും സന്തോഷിക്കുന്നുണ്ടാകും. എന്നാൽ, അങ്ങേയറ്റം നിരാശാജനകവും യുദ്ധത്തിന്റേയും കലഹത്തിന്റേയും അഗ്നി ജ്വലിപ്പിക്കുന്നതുമായ പ്രസംഗമായിരുന്നു അത്.'

അതിനാൽ മുസ്‌ലിംഭരണകൂടങ്ങൾ അല്ലാഹുവിന്റെ കല്പനകളെ നോക്കുകയും എല്ലാതരത്തിലുള്ള കലഹങ്ങളിൽനിന്നും കുഴപ്പങ്ങളിൽനിന്നും രക്ഷപ്പെടുകയും ചെയ്യേണ്ടതാണ്. എന്തായാലും പൊതുവെ മുസ്‌ലിംലോകത്ത് എന്തൊന്നാണോ നടന്നുകൊണ്ടിരിക്കുന്നത് അത് ഓർത്തുകൊണ്ടാണ് ഞാൻ സംസാരിച്ചത്. പക്ഷേ, നമുക്ക് നമ്മുടെ അവസ്ഥകളിലും ആത്മപരിശോധന നടത്തികൊണ്ടിരിക്കേണ്ടതാണ്. ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നത് ശയ്ത്താന് ഒരിക്കലും

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്‌ബ ജുമുഅ, 2017 മെയ് 5)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്‌ബ ജുമുഅ, 2017 മാർച്ച് 10.)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
മുഹമ്മദ് സഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

**ത്വാലിബെ ദുആ:**
ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)

സഹിക്കുകയില്ലെന്നത് എപ്പോഴും ഓർക്കേണ്ടതാണ്. ശയ്ത്വാൻ അവന്റെ പ്രകൃതിയനുസരിച്ച് നമ്മുടെ ഉള്ളിലും അസ്വസ്ഥതകൾ ഉണ്ടാക്കുകയും ഭിന്നിപ്പുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്. അതുകൊണ്ട് കൂടിയിരിക്കുന്നവർ അല്ലെങ്കിൽ തങ്ങളുടെ തദ്ദേശ ഹൽഖകളിലേയോ നഗരത്തിലെ ജമാഅത്തുപരമായ വ്യവസ്ഥിതിയേയോ ദേശീയ ജമാഅത്തുപരമായ വ്യവസ്ഥിതിയേയോ സംബന്ധിച്ച് സംസാരിക്കുന്നവർ ശയ്ത്വാന്റെ ചതികളിൽ വന്നുപെടുന്നു. ശയ്ത്വാന്റെ ജോലി സഹതാപിയായിക്കൊണ്ട് ആക്രമണം നടത്തുക എന്നതാണ്. അതുകൊണ്ട് അത്തരം മജ്‌ലിസുകളിൽ യഥാർഥത്തിൽ ജമാഅത്തുപരമായ വ്യവസ്ഥിതിക്ക് വിരുദ്ധം പ്രവർത്തിക്കാത്ത ആളുകളും പങ്കെടുക്കുന്നു. എന്നല്ല ജമാഅത്തിന്റെ വേദന മനസ്സിലാക്കുന്ന കാരണത്താൽ ഫിത്ന ഉണ്ടാക്കുന്നവർ ചെയ്യുന്നത് ശരിയാണെന്ന് മനസ്സിലാക്കുന്നു. അവർ അവരെ ഫിത്ന ഉണ്ടാക്കുന്നവരാണെന്ന് മനസ്സിലാക്കുകയില്ല. പക്ഷേ, ഇവർ മനസ്സിലാക്കുന്നത് അഭിപ്രായം പ്രകടിപ്പിക്കുന്നവരും സഹതാപം കാണിക്കുന്നവരും ശരിയാണ് പറയുന്നതെന്നും പരിഷ്കരണത്തിന്റെ ആവശ്യമുണ്ടെന്നുമാണ്. വാസ്തവത്തിൽ പരിഷ്കരണത്തിന്റെ ആവശ്യമുണ്ടെങ്കിൽ രാജ്യത്തിന്റെ കേന്ദ്രതലംവരേയും ഖലീഫവരേയും കാര്യം എത്തിക്കുകയാണ് വേണ്ടത്. അതിനുശേഷം അവിടേയും ഇവിടേയും സഭകൾകൂടി സംസാരിക്കുന്നതും വലിയ രഹസ്യവും സുപ്രധാനവുമായ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നതെന്നും ജമാഅത്തിനെ കുറിച്ചുള്ള വേദനകൊണ്ടാണ് സംസാരിക്കുന്നതെന്നും തോന്നുംവിധം കാര്യങ്ങൾ അവതരിപ്പിക്കുന്നതും തികച്ചും തെറ്റായ രീതിയാണ്. അത് പാപവും ധിക്കാരവും റസൂലിനോടുള്ള നിഷേധവും, തഖ്‌വയിൽനിന്ന് അകന്നിരിക്കുന്നതിന്റെ അടയാളങ്ങളുമാണ്. അതുകൊണ്ട് അത്തരം മജ്‌ലിസുകളിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹു മുഅ്മിനീംകളെ ജാഗ്രതപ്പെടുത്തിയിരിക്കുന്നു.

ഏതെങ്കിലും ഭാരവാഹിക്കെതിരെ പരാതിയുണ്ടെങ്കിൽ അല്ലെങ്കിൽ അമീറിനെതിരെ പരാതിയുണ്ടെങ്കിൽ കേന്ദ്രത്തിൽ പരാതിപ്പെടുക. കാലത്തിന്റെ ഖലീഫവരെ എത്തിക്കുക. അതോടെ ജമാഅത്തംഗങ്ങളുടെ ജോലി കഴിയുന്നു. പിന്നീട് ഏതെങ്കിലും കാര്യം എങ്ങനെ നോക്കണമെന്നും അത് എങ്ങനെ പരിഹരിക്കണമെന്നുമുള്ളത് കാലത്തിന്റെ ഖലീഫയുടെ ജോലിയാണ്. ദുആ എല്ലാ ഓരോരുത്തരും നിർബന്ധമായും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു എല്ലാവിധത്തിലുള്ള തിന്മകളേയും ജമാഅത്തിൽനിന്ന് എടുത്തുമാറ്റുന്നതിനും തഖ്‌വയിലൂടെ നടക്കുന്നവരും പ്രവർത്തിക്കുന്നവരും എപ്പോഴും ജമാഅത്തിന് കിട്ടിക്കൊണ്ടിരിക്കുന്നതിനും വേണ്ടി എല്ലാ ഓരോ അഹ്മദിയും വേദനയോടുകൂടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

അല്ലാഹു ജമാഅത്തിന് അഭിവൃദ്ധി നല്കിക്കൊണ്ടുപോകുമ്പോൾ-നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു- ശയ്ത്വാനും അവന്റെ ജോലി എടുക്കേണ്ടതുണ്ടെന്ന സുപ്രധാനമായ കാര്യം എല്ലാവരും ഓർമവയ്ക്കേണ്ടതാണ്. താൻ മുഅ്മിനീംകളെ നേരായമാർഗത്തിൽനിന്ന് തെറ്റിക്കാനുള്ള പണിയെടുക്കുമെന്ന കാര്യം ശയ്ത്വാൻ ആദ്യദിവസം മുതൽതന്നെ അല്ലാഹുവിന്റെ മുമ്പിൽ പ്രകടിപ്പിച്ചിട്ടുള്ളതും അനുവാദം വാങ്ങിയിട്ടുള്ളതാണ്. അഹ്മദിയ്യത്തിന്റെ എതിരാളികൾ തുറന്നനിലയിൽ എവിടെയാണോ ജമാഅത്തിന്നെതിരിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ചെയ്യാൻപോകുന്നതും അവിടെ സഹതാപത്തിന്റെ പേരിൽ നിഷ്കളങ്കരായ ആളുകളേയും ദുർബല വിശ്വാസികളേയും കുഴപ്പമുണ്ടാക്കുന്നതിന് തങ്ങളുടെ ആയുധമാക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു. അതുകൊണ്ട് എല്ലാ അഹ്മദിയും ഇക്കാര്യത്തിൽ ജാഗരൂകരായിരിക്കേണ്ടതാണ്. അല്ലാഹു ജമാഅത്തിനെ ആന്തരികവും ബാഹ്യവുമായ എല്ലാ ഫിത്നകളിൽനിന്നും രക്ഷിക്കുമാറാകട്ടെ. എപ്പോഴും എപ്പോഴും നന്മയുടെയും തഖ്‌വയുടെയും മജ്‌ലിസിൽ ഇരിക്കുകയും അതിന്റെ ഭാഗമാകുന്നതിന് തൗഫീഖ് നല്കുകയും ചെയ്യുമാറാകട്ടെ. പാപവും ധിക്കാരവും റസൂലിനെ നിഷേധിക്കലും ഭക്തിയിൽനിന്ന് അകന്നിരിക്കുകയും ചെയ്യുന്ന മജ്‌ലിസുകളാകാതിരിക്കട്ടെ.

വിവിധ തരത്തിലുള്ള മജ്‌ലിസുകളേയും അവസ്ഥകളെയും കുറിച്ച് നബി(സ)തിരുമേനിയുടെയും അവിടത്തെ സത്യസന്ധനായ ദാസൻ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ചില നിർദ്ദേശങ്ങളുണ്ട്. അതും ഇപ്പോൾ സമർപിക്കുന്നതാണ്. ഒരു മുഅ്മിന്റെ മജ്‌ലിസ് എങ്ങനെയുള്ളതായിരിക്കണം? ആ നിലവാരത്തിലുള്ള മജ്‌ലിസ് അല്ലെങ്കിൽ ഒരു മുഅ്മിന്റെ അന്തസോടുകൂടിയ പ്രതികരണം എന്തായിരിക്കണം? എന്ന കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സംസാരിക്കുകയാണെങ്കിൽ പൂർണമായി സംസാരിക്കുകയും മൗനം പാലിക്കാതിരിക്കുകയും ചെയ്യുന്നതായിരിക്കണം മുഅ്മിന്റെ രീതി എന്നതാണ് എന്റെ മതം. ഏതെങ്കിലും മജ്‌ലിസിൽ അല്ലാഹുവിനും അവന്റെ റസൂലിനുമെതിരിൽ പരിഹാസമുണ്ടാകുകയാണെങ്കിൽ അവരിൽ ഗണിക്കപെടാതിരിക്കാൻ ഒന്നുകിൽ അവിടെനിന്ന് എഴുന്നേറ്റുപോകുക. അല്ലെങ്കിൽ തുറന്നനിലയിൽ പൂർണമായും അതിന് മറുപടി നല്കുക. രണ്ടു കാര്യങ്ങളുണ്ട്."(അതിനുപുറമെ ഒന്നുമില്ല. ഒരു യഥാർഥ മുഅ്മിനാണെങ്കിൽ)"ഒന്നുകിൽ മറുപടി അല്ലെങ്കിൽ മൗനം പാലിക്കുക"(എഴുന്നേറ്റു പോകുക). പറഞ്ഞു:"ആ മജ്‌ലിസിൽ ഇരിക്കുകയും പറയുന്നതൊക്കെ തലകുലുക്കി സമ്മതിക്കുകയും പതിഞ്ഞ ശബ്ദത്തിൽ അവ്യക്തമായി സ്വന്തം വിശ്വാസം പ്രകടിപ്പിക്കുകയും ചെയ്യുന്ന മൂന്നാമത്തെ മാർഗം കപടതയാണ്.(മൽഫൂദാത്ത് വാല്യം 10 പേജ് 130 1985 ലണ്ടൻ പതിപ്പ്)

മജ്‌ലിസിൽ ഇരിക്കുകയും മുഖപ്രശംസ കാണിച്ചുകൊണ്ടോ ഭയംകൊണ്ടോ അക്കൂട്ടർ പറയുന്ന ഓരോന്നും തലകുലുക്കി സമ്മതിക്കുകയും പിന്നീട് നിങ്ങൾ തെറ്റാണ് ചെയ്യുന്നത് ഇക്കാര്യം ഇങ്ങനെയല്ല വേണ്ടത് ഇങ്ങനെയാണ് വേണ്ടിയിരുന്നതെന്ന് പതുക്കെ പറയുകയും തുറന്നനിലയിൽ കാര്യങ്ങൾ പ്രകടിപ്പിക്കാതിരിക്കുകുകയും ചെയ്യുന്നത് കപടതയാണ്. ഇത് മുഅ്മിന് ചേർന്ന രീതിയല്ല. അല്ലാഹുവിനും അവന്റെ റസൂലിനും അവൻ സ്ഥാപിച്ചിട്ടുള്ള ജമാഅത്തിന്റെ വ്യവസ്ഥിതിക്കുമെതിരിൽ സംസാരം കേട്ടാൽ ശക്തമായ നിലയിൽ അതിനെ ഖണ്ഡിക്കുക എന്നതായിരിക്കണം സത്യവിശ്വാസിയുടെ പ്രതികരണം. നിങ്ങൾ പറയുന്നതെല്ലാം ശരിയാണെന്ന് നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ കാലത്തിന്റെ ഖലീഫയോടും വ്യവസ്ഥിതിയോടും പറയുകയാണ് വേണ്ടതെന്നും ഇങ്ങനെ പറഞ്ഞുനടക്കാൻ നിങ്ങൾക്ക് അനുവാദമില്ലെന്നും അക്കാര്യങ്ങൾ പറയുന്നവരോട് പറയുക. ഇത്തരം മജ്‌ലിസുകളിൽ മനുഷ്യൻ ഇരിക്കുകയും തുറന്നനിലയിൽ പറയാതെ പതിഞ്ഞ സ്വരത്തിൽ ഖണ്ഡിക്കുകയുമാണെങ്കിൽ അത് കാപട്യമായിത്തീരുന്നതാണെന്നും അതിൽനിന്ന് മുഅ്മിൻ രക്ഷപ്പെടേണ്ടതാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. ദീനീകാര്യങ്ങളിലും വ്യവസ്ഥിതിയുടെ കാര്യങ്ങളിലും ഒരിക്കലും ധാർമികരോഷമില്ലായ്മ കാണിക്കാൻ പാടില്ല. ധാർമികരോഷത്തിന്റെ പ്രകടനം രണ്ട് രീതിയിലാണ്. ഒന്നുകിൽ തുറന്നനിലയിൽ കാര്യം പറയുക. അല്ലെങ്കിൽ ആ മജ്‌ലിസിൽനിന്ന് എഴുന്നേറ്റുപോവുക.

ഈ രീതി അല്ലാഹുവും പറഞ്ഞിട്ടുണ്ട്. അതിന്റെ വിശദീകരണം നബി(സ) തിരുമേനിയും നൽകിയിരിക്കുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഒരു സ്വഹാബി ഹാജരായി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! എനിക്ക് എന്തെങ്കിലും ഉപദേശം തന്നാലും. അവിടന്ന് പറഞ്ഞു: അല്ലാഹുവിനോട് ഭക്തി കൈക്കൊള്ളുക. നിങ്ങൾ ഏതെങ്കിലും ജനതയുടെ മജ്‌ലിസിൽ പോകുകയും അവരെ അവരുടെ സ്വഭാവമനുസരിച്ച് സംസാരിക്കുന്നത് കാണുകയും ചെയ്താൽ അവിടെ നിൽക്കുക. അതായത് നന്മയുടെ കാര്യങ്ങൾ അവർ സംസാരിക്കുകയും തെറ്റായ വിധത്തിലുള്ളതും കലഹങ്ങളും കുഴപ്പങ്ങളും അടങ്ങുന്നതുമായ കാര്യങ്ങൾ പറയാതിരിക്കുകയുമാണെങ്കിൽ അവിടെ നിൽക്കുക. എന്നാൽ, താങ്കൾ ഇഷ്ടപ്പെടാത്ത കാര്യങ്ങളിലാണ് അവർ മുഴുകുന്നതെങ്കിൽ ആ മജ്‌ലിസ് ഉപേക്ഷിച്ചുപോരുക. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 6 പേജ് 368 ഹദീഥ് 1897 ആലമുൽ കുതുബ് ബേറൂത്ത് 1998)

എങ്ങനെയുള്ള മജ്‌ലിസായിരിക്കണം ഒരു മുഅ്മിൻ ഇഷ്ടപ്പെടാതിരിക്കേണ്ടത് എന്ന കാര്യവും അവിടന്ന് വ്യക്തമാക്കി. താൻ വ്യക്തിപരമായി ഇഷ്ടപ്പെടാത്ത കാര്യമാണോ ചെയ്യാത്തത്? അതല്ല വ്യവസ്ഥിതിയ്ക്കും ജമാഅത്തിനും ഇഷ്ടപ്പെടാത്ത കാര്യമാണോ ചെയ്യാത്തത്? പറഞ്ഞു, അത്തരം മജ്‌ലിസുകൾ ഉപേക്ഷിക്കുക. ഇതിനെക്കുറിച്ച് ഞാൻ പറഞ്ഞതുപോലെ ഇഷ്ടപ്പെടാത്തത് എങ്ങനെയുള്ളതായിരിക്കണം? ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) വിവരിക്കുന്നു: ഒരാൾ നബി(സ)തിരുമേനിയോട് ചോദിച്ചു: ഞങ്ങൾ എത്തരത്തിലുള്ള ആളുകളുടെ മജ്‌ലിസിലാണ് ഇരിക്കേണ്ടത്? അവിടന്ന് പറഞ്ഞു: ഏതൊരു കൂട്ടരെ കാണുമ്പോഴാണോ നിങ്ങൾക്ക് ദൈവത്തെ ഓർമവരുന്നത് അത്തരക്കാരുടെ മജ്‌ലിസുകളിൽ നിങ്ങൾ ഇരിക്കുക. അവരുടെ സംസാരംകൊണ്ട് നിങ്ങളുടെ മതപരമായ അറിവ് വർധിക്കുകയും അവരുടെ കർമങ്ങൾ നിങ്ങളെ പരലോകത്തെക്കുറിച്ച് ഓർമപ്പെടുത്തുകയും വേണം."(കൻസുൽ ഉമ്മാൽ വാല്യം 9 പേജ് 77 ഹദീഥ് 25582, ദാറുൽകുതുബ് ഇൽമിയ്യ ബേറൂത്ത് 2004).

ഇതാണ് അടിസ്ഥാനപരമായ മാർഗദർശനം. ഒരു മുഅ്മിൻ തന്റെ മജ്‌ലിസിന്റെ തിരഞ്ഞെടുപ്പുവേളയിൽ ഇത് മുന്നിൽ വെക്കേണ്ടതാണ്. അല്ലാഹുവിന്റെ സ്മരണ നടന്നുകൊണ്ടിരിക്കുന്നതും അല്ലാഹുവിന്റെ ദീനിന്റെ മഹത്വം വിവരിക്കപ്പെടുന്നതും മതവിജ്ഞാനത്തിൽ വർധന ഉണ്ടാക്കുന്നതുമായ മജ്‌ലിസിനെ ഇഷ്ടപ്പെടുക. ഇക്കാലത്ത് ദീനീപരമായ അറിവിൽ വർധന ഉണ്ടാക്കേണ്ടത് എല്ലാ അഹ്മദികൾക്കും നിർബന്ധമാണ്. തബ്‌ലീഗിനും ദഅ്‌വത്തെ ഇലല്ലായ്ക്കും തർബിയ്യത്തിനും ഇക്കാര്യങ്ങൾ വളരെ നിർബന്ധമാണ്. ഇക്കാര്യങ്ങൾ പരലോകത്തേയും ഓർമിപ്പിക്കുന്നു. ലോകത്തിലെ കണ്ണഞ്ചിപ്പിക്കുന്ന കാര്യം മാത്രമല്ല എല്ലാമെന്ന് മനുഷ്യന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നു. ഈ ലോകത്തെ സമ്പത്തുകളും ഭൗതികാഢംബരങ്ങളും മാത്രമല്ല സർവസ്വവും. എന്നല്ല അല്ലാഹുവിന്റെ തൃപ്തിമാത്രമായിരിക്കണം ഒരു മുഅ്മിന്റെ യഥാർഥ ഉദ്ദേശ്യം.

കേവലം ഭൗതികചിന്താഗതിക്കാരുടെ മജ്‌ലിസുകളാണെങ്കിൽ ആ മജ്‌ലിസുകളെ ഒരു മുഅ്മിൻ ഇഷ്ടപ്പെടാൻ പാടില്ലെന്നും അത്തരം മജ്‌ലിസിൽനിന്ന് ഉടനെ എഴുന്നേറ്റുപോരേണ്ടതാണെന്നും ആദ്യത്തെ ഹദീഥിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തി

"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."
(ഖുത്ബ ജുമുഅ,2017 മെയ് 5.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)

"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)

ലേക്ക് നമ്മുടെ ശ്രദ്ധ ഉണ്ടാകുയാണെങ്കിൽ നമ്മളിലുള്ള വലിയവരും ചെറുപ്പക്കാരും ഒരുപാട് ദോഷങ്ങളിൽനിന്നും ഫിത്നകളിൽനിന്നും രക്ഷപ്പെടുന്നതാണ്. യുവാക്കളുടെ നിരവധി മജ്‌ലിസുകളുടെ മറ്റൊരു ഇനവുമുണ്ട്. തരവുമുണ്ട്. യുവാക്കൾ പ്രത്യേകിച്ച് അതിൽ involve ആകുന്നു. അത് ഊറിന്റെ പേരിലുള്ളതാണ്. അത് ബഹളത്തിനും ഒച്ചപ്പാടിനുംവേണ്ടിയാണ്. പാശ്ചാത്യ ചുറ്റുപാടിന്റെ സ്വാധീനം കാരണത്താൽ നമ്മുടെ ചില യുവാക്കളിലും അത്തരം മജ്‌ലിസുകളിൽ പങ്കെടുക്കേണ്ടതാണെന്ന കാര്യങ്ങൾ ഉണ്ടായിരിക്കുന്നു. മുഅ്മിനായ ഒരു യുവാവ് എപ്പോഴും തന്റെ ജീവിതത്തെ ഇത്തരം മജ്‌ലിസുകളിൽനിന്ന് രക്ഷപ്പെടുത്തിവെക്കണമെന്ന കാര്യം ഓർക്കേണ്ടതാണ്. കുറച്ചു പരിധികളുണ്ട്. അതിനുള്ളിൽ ഇരിക്കേണ്ടതാണ്. ജമാഅത്തിലും ചില സംഭവങ്ങൾ ഉണ്ടാകാറുണ്ട്. ചീത്തയായ കൂട്ടുകെട്ടുകളുടെയും മോശമായ മജ്‌ലിസിന്റെയും സ്വാധീനംകൊണ്ട് യുവത്വത്തിൽ ചുവട് വെച്ചയുടനെ യുവാക്കൾ മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കുന്നതും അയൽവാസികൾക്ക് നഷ്ടമുണ്ടാക്കുന്നതും അല്ലെങ്കിൽ വഴിയാത്രക്കാർക്ക് നഷ്ടമുണ്ടാക്കുന്നതും എവിടെയെങ്കിലും പോയാൽ അവിടെയും ദ്രോഹപരമായനിലയിൽ നഷ്ടം വരുത്തുന്നതുമായ ചില പ്രവൃത്തികൾ ചെയ്യുന്നു. അയാൾ ഈ ജമാഅത്തിലെ വ്യക്തിയാണെന്ന് അറിഞ്ഞാൽ പിന്നീട് ജമാഅത്തിനും ദുഷ്പേരിന് കാരണമാകുന്നു.

അതുകൊണ്ട് നമ്മുടെ യുവാക്കളും യുവത്വത്തിൽ ചുവടു വെക്കാൻ തുടങ്ങുന്ന കുട്ടികളും ചീത്തക്കൂട്ടുകെട്ടുകളിൽനിന്നും മജ്‌ലിസുകളിൽനിന്നും സുരക്ഷിതരായിരിക്കുന്നതിനുവേണ്ടി മാതാപിതാക്കളും തങ്ങളുടെ കുട്ടികളുടേയും മജ്‌ലിസുകളുടേയും അവരുടെ കൂട്ടുകെട്ടുകളുടേയുംമേൽ ദൃഷ്ടിവെക്കേണ്ടതാണ്. സ്വയം വീടുകളിലും പരിശുദ്ധമായ മീറ്റിംഗുകൾ ചേരേണ്ടതാണ്. അത് എപ്പോഴും ശിക്ഷണപരമായ വീക്ഷണത്താൽ ഉന്നതമായിരിക്കേണ്ടതാണ്.

നബി(സ) തിരുമേനി ഒരവസരത്തിൽ പറഞ്ഞു: ഏതെങ്കിലും ജനത മസ്ജിദിൽ ദൈവഗ്രന്ഥം പാരായണം ചെയ്യുകയും പരസ്പരം ദർസുകൾ കേൾക്കുന്നതിനുവേണ്ടി ഇരിക്കുകയും ചെയ്താൽ അല്ലാഹു അവരുടെമേൽ സമാധാനം ഇറക്കുന്നതായിരിക്കും. അല്ലാഹുവിന്റെ കാരുണ്യം അവരെ പൊതിഞ്ഞെടുക്കുന്നതാണ്. മലക്കുകൾ അവരെ തങ്ങളുടെ വൃത്തത്തിൽ എടുക്കുന്നു. (സ്വഹീഹ് മുസ്‌ലിം ഹദീഥ് നമ്പർ 6853)

അല്ലാഹുവിന്റെ വലിയ കൃപയാണ് ജമാഅത്തിനുള്ളത്. ജമാഅത്തിന് അത്തരം അവസരങ്ങൾ ലഭ്യമായിരിക്കുന്നു. ലഭ്യമായിക്കൊണ്ടിരിക്കുന്നു. ലോകത്ത് എല്ലായിടത്തും ധാരാളം ജമാഅത്തുകൾ ജൽസയും സംഘടിപ്പിക്കുന്നു. ഇജ്തിമായും സംഘടിപ്പിക്കുന്നു. അതിൽ തർബിയ്യത്തിനുള്ള പരിപാടികളും ഉണ്ടാകുന്നു. അറിവ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളുമുണ്ടാകുന്നു. അല്ലാഹുവിനെ ഓർമിക്കാനും സ്മരിക്കാനുമുള്ള പരിപാടികളുമുണ്ടാകുന്നു.

ഇന്ന് ഇവിടെ ഉദാഹരണത്തിന് ലജ്‌ന ഇമാഇല്ലായുടെ ഇജ്തിമ ആരംഭിക്കുകയാണ്. ലജ്‌നയുടെ പരിപാടികളുടെ കൂടുതൽ ഭാഗം ദീനിയും വൈജ്ഞാനികവുമായ മജ്‌ലിസുകൾ ആയിരിക്കണമെന്ന കാര്യം ലജ്‌നയും ഓർക്കേണ്ടതാണ്. തങ്ങൾ ഏതെങ്കിലും മേളയിൽ പങ്കെടുക്കുന്നതിനുവേണ്ടിയല്ല വന്നിട്ടുള്ളതെന്ന കാര്യം ഇജ്തിമായിൽ പങ്കെടുക്കുന്ന സ്ത്രീകളും ഓർക്കേണ്ടതാണ്. സ്ഥിരമായി ദീനീപരവും വൈജ്ഞാനികവുമായ മജ്‌ലിസുകൾ സംഘടിപ്പിക്കുക. ഔദ്യോഗികമായ പ്രോഗ്രാം ഇല്ലെങ്കിൽത്തന്നെയും നിങ്ങളുടെ മജ്‌ലിസുകളിൽ അവിടെയും ഇവിടെയുമുള്ള കാര്യങ്ങൾ പറയുന്നതിനു പകരം, വ്യർഥമായ സംസാരത്തിനുപകരം നിർമാണപരമായുള്ള കാര്യങ്ങൾ സംസാരിക്കുക. വ്യർഥമായ സംസാരങ്ങളിൽനിന്ന് എപ്പോഴും വിട്ടുനില്ക്കുക. തങ്ങളുടെ സമയത്തെ പാഴായിപോകുന്നതിൽനിന്ന് രക്ഷപ്പെടുത്തുക.

ഇപ്രകാരംതന്നെ നബി(സ) തിരുമേനി ഒരവസരത്തിൽ പറഞ്ഞു: 'ഏതൊരു കൂട്ടരാണോ ഏതെങ്കിലും മജ്‌ലിസിൽ ഇരിക്കുകയും അവിടെ ദൈവസ്മരണ ചെയ്യാതിരിക്കുകയും ചെയ്യുന്നത് അവർ തങ്ങളുടെ മജ്‌ലിസിനെ ഖിയാമത്തുന്നാൾ വളരെ വേദനയോടെ കാണുന്നതായിരിക്കും.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 2 ഹദീഥ് നമ്പർ 7093)

അതിനാൽ ഇജ്തിമായിൽ പങ്കെടുക്കാൻ വരുന്നവരും ഇക്കാര്യം ഓർമിക്കേണ്ടതാണ്. വന്ന കാര്യം നിങ്ങൾ പൂർത്തിയാക്കുക. നമ്മുടെ മജ്‌ലിസുകൾ പുനരുഥാനനാളിൽ വളരെ ഖേദത്തോടുകൂടി നോക്കപ്പെടുന്ന മജ്‌ലിസുകളിൽ ആകാതിരിക്കാൻ നിങ്ങളുടെ സമയം പരിഹാസത്തിലും നിന്ദ്യതയിലും വ്യർഥമായ ഭാഷണത്തിലും കഴിക്കുന്നതിനുപകരം കൂടുതൽ സമയം ദൈവസ്മരണയ്ക്കും നന്മയുടെ കാര്യങ്ങൾ പറയുന്നതിനും കേൾക്കുന്നതിനും ചെലവഴിക്കുക. ഈശ്വരഭക്തിയിലൂടെ നടക്കുന്നതിനേയും ഈശ്വരഭക്തിയിലൂടെ നടക്കുന്നവരുടെ സഹവാസത്തിൽ സമയം ചെലവഴിക്കുന്നതിനേയും കുറിച്ച് നബി(സ) തിരുമേനി നമ്മെ എന്താണ് ഉപദേശിച്ചിട്ടുള്ളത്? ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: 'നബി(സ) പറഞ്ഞു: നിങ്ങൾ സത്യവിശ്വാസികളെ കൂടാതെ മറ്റാരുടെയും കൂടെയിരിക്കരുത്. മുത്തഖിയല്ലാതെ മറ്റാരും നിങ്ങളുടെ ഭക്ഷണം കഴിക്കുകയുമരുത്.'(സുനൻ അബീദാവൂദ് കിതാബുൽ അദബ് ഹദീഥ് 4832).

മനുഷ്യന് ലോകത്ത് വിവിധതരത്തിലുള്ള ആളുകളുമായി ബന്ധവും സംബന്ധവും ഉണ്ടാകുന്നു. മനുഷ്യൻ അവരെ കാണാറുമുണ്ട്. അമുസ്‌ലിംകളുമായിട്ടും ഇടപഴകുന്നു. മുഅ്മിന്, മുഅ്മിൻ അല്ലാത്തവരുമായി ബന്ധപ്പെടാതിരിക്കാൻ കഴിയില്ല. അവിടന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം നിങ്ങളുടെ അഗാധമായ സുഹൃത്ബന്ധം നിങ്ങളുടെ അധികം ഇരുത്തവും നില്പും അധികവും നിങ്ങളുടെ സമയങ്ങൾ കഴിച്ചുകൂട്ടലും നിങ്ങളുടെ മജ്‌ലിസുകളും ഏറ്റവും കൂടുതൽ വിശ്വാസപരമായി ശക്തിപ്രാപിച്ചവരും തഖ്‌വയിലൂടെ നടക്കുന്നവരുമായിട്ടായിരിക്കണം എന്നാണ്. നിങ്ങളും നന്മയിലും ഭക്തിയിലും മുന്നോട്ടുഗമിക്കുന്നതിനാണിത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ആത്മപരിശുദ്ധിക്കുള്ള ഒരു വഴി അല്ലാഹു പറഞ്ഞത് *കൂനൂ മഅസ്സ്വാദിഖിൻ* അതായത് വാക്കുകൊണ്ടും പ്രവർത്തികൊണ്ടും എല്ലാ അവസ്ഥയിലും സത്യസന്ധതയിൽ നിലകൊള്ളുന്നവരോടൊപ്പം നിങ്ങൾ സഹവസിക്കുക.(അതായത് അവർ പറയുന്ന കാര്യങ്ങളും സത്യത്തിലധിഷ്ഠിതമായിരിക്കണം. അവരുടെ കർമങ്ങളും സത്യത്തിലധിഷ്ഠിതമായിരിക്കണം. അവരുടെ എല്ലാ അവസ്ഥകളിൽനിന്നും സത്യത വെളിപ്പെടുകയുംവേണം. അതായത് നല്ലവരായിരിക്കണം). ഇതിനുമുമ്പേ പറഞ്ഞു: *യാ അയ്യുഹല്ലദീന ആമനുത്തഖുല്ലാഹ്.* അതായത് വിശ്വസിച്ചവരേ! തഖവുല്ലാഹ് (അല്ലാഹുവിനോടുള്ള ഭക്തി)സ്വീകരിക്കുക. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ആദ്യം വിശ്വസിക്കുകയും പിന്നീട് സുന്നത്ത് എന്ന നിലയിൽ തിന്മയുടെ സ്ഥലം ഉപേക്ഷിക്കുകയും സത്യസന്ധന്മാരോടൊപ്പം വസിക്കുകയും ചെയ്യുക എന്നാണ്.സഹവാസത്തിന് വലിയ സ്വാധീനമാണുള്ളത്. അത് ഉള്ളിന്റെ ഉള്ളിൽ ഉണ്ടായിക്കൊണ്ടുപോകുന്നതാണ്. പറഞ്ഞു: "ഒരാൾ നിത്യവും വ്യഭിചാരികളുടെ അടുക്കൽ പോകുന്നു. എന്നിട്ട് വ്യഭിചരിക്കുന്നുണ്ടോ? എന്ന് ചോദിക്കുന്നു. (ഞാൻ വ്യഭിചരിക്കുന്നതിനല്ല പോകുന്നത്). അവനോടു പറയേണ്ടതാണ്, അതേ, നീ ചെയ്യും! ഒരുനാൾ നീ അതിൽ അകപ്പെടുന്നതാണ്." (കാരണം ദുസ്സഹവാസത്തിന്റെ സ്വാധീനം ചീത്തയായിരിക്കും) 'എന്തുകൊണ്ടെന്നാൽ സഹവാസത്തിൽ ആകർഷണമുണ്ടാകുന്നു. ഇപ്രകാരംതന്നെ ആരാണോ മദ്യശാലയിൽ പോകുന്നത് അവൻ എത്ര പഥ്യം പാലിച്ചാലും താൻ കുടിക്കില്ലെന്ന് പറഞ്ഞാലും അവൻ കുടിച്ചുപോകുന്ന ഒരു ദിവസം വരികതന്നെ ചെയ്യും.' (മൽഫൂദാത്ത് വാള്യം 6 പേജ് 247 1985 ലണ്ടൻ പതിപ്പ്)

എപ്പോഴും ചീത്തസഹവാസങ്ങളിൽനിന്ന് രക്ഷപ്പെടേണ്ട ആവശ്യമുണ്ട്. പൊതുവെയുള്ള ഭൗതിക തൊഴിലുകളിൽ അന്യരോടൊപ്പവും ബന്ധം എന്തായാലുമുണ്ടാകും. പക്ഷേ, ആ ബന്ധങ്ങളിൽ പരിധികൾ പാലിക്കേണ്ടതാണ്. അവരുടെ വ്യർഥമായ മജ്‌ലിസുകളിൽ മനുഷ്യൻ പോകാൻ തുടങ്ങുക എന്നതല്ല. ആ വ്യർഥമായ മജ്‌ലിസുകളിൽ പങ്കെടുക്കുന്ന കാരണത്താൽ ധാരാളം ദോഷങ്ങൾ ഉണ്ടാകുന്നു. എന്നല്ല ഇവിടെത്തെ ആളുകൾ സ്വയം ഇക്കാര്യം സമ്മതിക്കുന്നുണ്ട്. തങ്ങളുടെ ഭർത്താക്കന്മാർ നല്ല മാന്യന്മാരായിരുന്നുവെന്നും പക്ഷേ, ചില കൂട്ടുകെട്ട് കാരണത്താൽ അവരിൽ തിന്മകളുണ്ടായെന്നും വ്യർഥവും വൃത്തികെട്ടതുമായ മജ്‌ലിസുകളിൽ പോകാൻ തുടങ്ങിയെന്നും നമ്മുടെ ചില സ്ത്രീകളോട് ഇവിടെത്തെ ചില ഇംഗ്ലീഷുകാരികൾ പറഞ്ഞിട്ടുണ്ട്. അമുസ്‌ലിംകൾക്ക് ഈ ബോധം ഉണ്ടായിത്തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് നമ്മൾ ഇക്കാര്യത്തൽ കൂടുതൽ ചിന്തിക്കേണ്ടതാണ്. ഇക്കാര്യം തടയുന്നതിന് നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ ദീനില്ലാത്ത ആളുകളോടൊപ്പം കൂടുതൽ ഇടപഴകുന്നതും ഭക്ഷണം കഴിക്കുന്നതും പാനം ചെയ്യുന്നതും നിങ്ങളെ നിങ്ങളുടെ ദീനിൽനിന്നും തഖ്‌വയിൽനിന്നും അകറ്റിക്കൊണ്ടുപോകുന്നതാണ്. അതെ, തബ്‌ലീഗ് ചെയ്യുന്നതിനും സൽകാര്യങ്ങൾ എത്തിക്കുന്നതിനും അവരെ തങ്ങളുടെ മജ്‌ലിസുകളിൽ കൊണ്ടുവരേണ്ടതാണ്. കാരണം നന്മയുടെ ഈ മജ്‌ലിസുകൾ പിന്നീട് അതിന്റെ സ്വാധീനം വിട്ടുവെച്ചുപോകുന്നു. നമ്മുടെ ജൽസകളിലും ഫംഗ്ഷനുകളിലും പങ്കെടുക്കുന്ന ധാരാളം അന്യരുണ്ട്. ഇവിടെ വന്നിട്ട് തങ്ങളുടെ അവസ്ഥയും ശൈലിയും തികച്ചും മാറിപ്പോയെന്ന കാര്യം അവർ വെളിപ്പെടുത്തുന്നു.

സഹവാസത്തിന്റെ സ്വാധീനം വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറ യുന്നു: മനുഷ്യൻ ഒരു നേർമാർഗിയുടെയും സത്യസന്ധന്റേയും അടുക്കൽ ഇരിക്കുമ്പോൾ സത്യസന്ധത അവനിൽ പ്രവർത്തിച്ചുതുടങ്ങുന്നു. പക്ഷേ, ആരാണോ സന്മാർഗികളുമായുള്ള സഹവാസം ഉപേക്ഷിക്കുന്നത് എന്നല്ല ദ്രോഹികളുടെ സഹവാസം സ്വീകരിക്കുന്നത് അവനിൽ തിന്മ സ്വാധീനം ചെലുത്തിക്കൊണ്ടേപോകും. അതുകൊണ്ടാണ് ഹദീഥുകളിലും വിശുദ്ധഖുർആനിലും ചീത്തസഹവാസത്തിൽനിന്ന് മാറിനിൽക്കാൻ താക്കീത് ചെയ്തിട്ടുള്ളത്. എഴുതിയിരിക്കുന്നു, എവിടെയാണോ അല്ലാഹുവിനേയും അവന്റെ റസൂലിനേയും നിന്ദിക്കുന്നത് ആ മജ്‌ലിസിൽനിന്ന് ക്ഷണത്തിൽ എഴുന്നേറ്റുപോരേണ്ടതാണ്. അപമാനം കേട്ടിട്ടും എഴുന്നേറ്റു പോരാത്തവൻ അവരിൽ ഗണിക്കപ്പെടുന്നതാണ്.'

വീണ്ടും പറയുന്നു: സത്യസന്ധരുടേയും സന്മാർഗികളുടേയും അടുത്ത് ഇരിക്കുന്നവരും അവരിൽ പങ്കാളികളാണ്. അതുകൊണ്ട് മനുഷ്യൻ *കൂനുമ അസ്സ്വാദിഖീൻ* എന്ന പരിശുദ്ധ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാൻ എത്രമാത്രം ആവശ്യമാണുള്ളത്. പറഞ്ഞു: ഹദീഥിൽ വന്നിരിക്കുന്നു, അല്ലാഹു മലക്കുകളെ ലോകത്തയക്കുന്നു. അവർ പരിശുദ്ധരായ ആളുകളുടെ മജ്‌ലിസിൽ വരുന്നു. തിരിച്ചുചെല്ലുമ്പോൾ നിങ്ങൾ എന്താണ് കണ്ടത്? എന്ന് അല്ലാഹു അവരോട് ചോദിക്കുന്നു. അവർ പറയുന്നു: ഞങ്ങൾ ഒരു മജ്‌ലിസ് കണ്ടു. അതിൽ നിന്നെ സ്മരിക്കുകയായിരുന്നു. പക്ഷേ, ഒരാൾ ആ സ്മരിക്കുന്നവരിൽ പെട്ടവനായിരുന്നില്ല. എങ്കിലും അയാൾ അവിടെ ഇരിപ്പുണ്ടായിരുന്നു. അല്ലാഹു പറയുന്നു: അങ്ങനെയല്ല, അയാളും അവരിൽപെട്ടയാളാണ്. കാരണം *ഇന്നഹും ഖൗമുൻ ലാ യശ്ഖാ ജലീസുഹും* സത്യസന്ധന്മാരുടെ സഹവാസംകൊണ്ട് എത്രക്കണ്ട് ഫലമാണുള്ളതെന്ന് ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നു. അവരുടെ സഹവാസത്തിൽനിന്ന് അകന്നിരിക്കുന്ന വ്യക്തി അങ്ങേയറ്റം നിർഭാഗ്യവാനാണ്.(മൽഫൂദാത്ത് വാള്യം 6 പേജ് 249 1985 ലണ്ടൻ പതിപ്പ്).

അതുകൊണ്ട് മുഅ്മിനീംകളുടെ സഹവാസത്തിലും മജ്‌ലിസിലും ഇരിക്കുന്നവർ അല്ലാഹുവിന്റെ കൃപ കരസ്ഥമാക്കുന്നവരായിത്തീരുന്നു. ഇത് ദൈവസ്മരണകൊണ്ട് ഭരിതമായ മജ്‌ലിസുകളാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നാവുകൊണ്ട് അല്ലാഹുവിനെ അംഗീകരിക്കുന്ന ധാരാളമാളുകളുണ്ട്. പക്ഷേ, പരിശോധിച്ചുനോക്കുകയാണെങ്കിൽ അവരുടെ ഉള്ളിൽ നിരീശ്വരത്വമാണെന്ന് മനസ്സിലാകുന്നതാണ്. കാരണം ഭൗതികജോലികളിൽ മുഴുകുമ്പോൾ അല്ലാഹുവിന്റെ കോപത്തേയും അവന്റെ മഹത്ത്വത്തേയും തികച്ചും മറന്നുപോകന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾ ദുആ മുഖേന അല്ലാഹുവിനോട് ഈശ്വരീ

യജ്ഞാനം ചോദിക്കുക എന്ന കാര്യം വളരെ ആവശ്യമുള്ളതാണ്. ഇതുകൂടാതെ ദൃഢവിശ്വാസം പരിപൂർണമായ നിലയിൽ ഒരിക്കലും കരസ്ഥമാകുകയില്ല. അത് കരസ്ഥമാകുന്നത് അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിക്കുന്നതിൽ ഒരു മരണമുണ്ടെന്ന വിവരം അറിയുമ്പോഴാണ്. പറഞ്ഞു: ആപത്തുകളിൽനിന്ന് രക്ഷപ്പെടുന്നതിന് ദുആ ചെയ്യുന്നതോടൊപ്പം പ്രയത്നങ്ങളുടെ പരമ്പര കൈയിൽനിന്ന് വിട്ടുകളയാൻ പാടില്ല. എല്ലാ മജ്‌ലിസുകളും അതിൽ പങ്കെടുക്കുന്നതുകൊണ്ട് പാപം ചെയ്യാൻ പ്രേരണയുണ്ടെങ്കിൽ അവയെ ഉപേക്ഷിക്കുക. അതിനോടൊപ്പം ദുആയും ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിൽനിന്ന് മനുഷ്യരോടൊപ്പം സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആപത്തുകളിൽനിന്ന് അല്ലാഹുവിന്റെ സഹായമില്ലാതെ രക്ഷപ്പെടാൻ സാധ്യമല്ലെന്നത് നല്ലവണ്ണം അറിഞ്ഞുകൊള്ളുക. ഒരിക്കലും രക്ഷപ്പെടുകയില്ല. പറഞ്ഞു: അഞ്ചുനേര നമസ്കാരത്തിലും ഇതേ സൂചനയാണുള്ളത്. അവൻ ശാരീരികമായ വികാരങ്ങളിൽനിന്നും ചിന്താഗതികളിൽനിന്നും അതിനെ സംരക്ഷിക്കാത്തിടത്തോളം സത്യസന്ധമായ നമസ്കാരം ഒരിക്കലും അനുഷ്ഠിക്കുന്നവനാകുകയില്ല. നമസ്കാരത്തിന്റെ അർഥം തല താഴെ മുട്ടിക്കലോ ആചാരമായിട്ടോ ശീലമായിട്ടോ നിറവേറ്റലോ ഒരിക്കലുമല്ല. നമസ്കാരം എന്നു പറയുന്നത് മനസ്സും അത് അറിഞ്ഞിരിക്കണമെന്നതാണ്. ആത്മാവ് ഉരുകി ഭീഷണസ്ഥിതിയിൽ ദൈവസവിധത്തിൽ വീഴുക. പറഞ്ഞു: എത്രത്തോളം കഴിവുണ്ടോ അത്രത്തോളം വേദനയുണ്ടാക്കാൻ പരിശ്രമിക്കുക. കീഴൊതുങ്ങി ചോദിക്കുക. ആത്മാവിലുള്ള പാപങ്ങളും പൊങ്ങച്ചവും അകലാൻ വേണ്ടി പ്രാർഥിക്കുക. ഇത്തരം നമസ്കാരമാണ് അനുഗൃഹീതമായിട്ടുള്ളത്. അവർ ഇതിൽ സ്ഥിരചിത്തരായി നിലകൊള്ളുകയാണെങ്കിൽ രാത്രിയിലോ പകലോ ഒരു പ്രകാശം അവന്റെ ഖൽബിൽ വീണതായും ദോഷപ്രവണമായ ആത്മാവിന്റെ അഹന്ത കുറഞ്ഞതായും കാണുന്നതായിരിക്കും. മലമ്പാമ്പിൽ കൊല്ലുന്ന ഒരു വിഷമുണ്ട്. ആരാണോ അത് സൃഷ്ടിച്ചത് അവന്റെ പക്കൽ അതിന് ചികിത്സയുണ്ട്. (മൽഫൂദാത്ത്, വാള്യം 7, പേജ് 123, 1985, ലണ്ടൻ പതിപ്പ്)

അതായത് അല്ലാഹുവിന്റെ പക്കൽ തന്നെയാണ് തിന്മകൾ അകറ്റുന്നതിനുള്ള ഔഷധമുള്ളത്. അതുകൊണ്ട് അവന്റെ മുമ്പിൽ കുനിയുക. ദുൻയാവിൽനിന്നും അതിന്റെ ദുസ്വാധീനത്തിൽനിന്നും ദോഷകരമായ മജ്‌ലിസുകളിൽനിന്നും അതിന്റെ ദുസ്വാധീനങ്ങളിൽനിന്നും എപ്പോഴും രക്ഷിച്ചുവെക്കുന്നതിനും അവനോടുതന്നെ സഹായം തേടുക.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, മജ്‌ലിസുകൾ പിരിച്ചുവിടുന്ന നേരത്ത് എഴുന്നേല്ക്കുമ്പോൾ നബി(സ) തിരുമേനി ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു. ഇത് അവിടത്തെ മാമൂലായിരുന്നു. 'അല്ലാഹുവേ, നീ പരിശുദ്ധനാണ്. നിന്റെ സ്തുതിയാണ! നിന്നെക്കൂടാതെ ഒരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാൻ നിന്നോട് പൊറുക്കലിനെ തേടുന്നു. നിന്നിലേക്കുതന്നെ മടങ്ങുകയും ചെയ്യുന്നു.' (സുനൻ അബീ ദാവൂദ്, കിതാബുൽ അദബ് ഹദീഥ്, 4859)

ഒരവസരത്തിൽ നബി(സ) പറഞ്ഞു: ചില വാക്യങ്ങളുണ്ട് അവ തന്റെ മജ്‌ലിസുകളിൽനിന്ന് എഴുന്നേൽക്കുമ്പോൾ മൂന്ന് പ്രാവശ്യം ചൊല്ലിയാൽ അവൻ അവിടെ ചെയ്തിട്ടുള്ള പാപം മൂടിവെക്കപ്പെടുന്നതായിരിക്കും. ആരാണോ ഈ വാക്യങ്ങൾ ഏതെങ്കിലും നന്മയുടെ മജ്‌ലിസിലും ദൈവസ്മരണയുടെ മജ്‌ലിസിലും ചൊല്ലിയത് അതോടുകൂടി അവനിൽ അത് മുദ്രവെക്കപ്പെടുന്നതായിരിക്കും. ആ വാക്യങ്ങൾ ഇതാണ്. *സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക അശ്ഹദു അല്ലാ ഇലാഹ ഇല്ലാ അൻത അസ്തഗ്ഫിറുക്ക വഅതൂബു ഇലയ്ക്ക.* അല്ലാഹുവേ നീ സ്തുതിയോടൊപ്പം പരിശുദ്ധനാണ്. നിന്നെക്കൂടാതെ ഒരു ആരാധ്യനുമില്ല. നിന്നോട് പൊറുക്കലിനെ തേടുന്നു. നിന്നിലേക്ക് മടങ്ങുകയും ചെയ്യുന്നു. (സുനൻ അബീദാവൂദ് കിതാബുൽ അദബ് ഹദീഥ് നമ്പർ 4857).

എന്നിൽനിന്ന് ചില അനിഷ്ടകരമായ കാര്യങ്ങൾ ഉണ്ടായിപ്പോകുന്നു. അതിന്റെ ദുസ്വാധീനത്തിൽനിന്നും സുരക്ഷിതമാക്കിവെച്ചാലും. ഈ ദുആ പിന്നീട് അനിഷ്ടകരമായ കാര്യങ്ങളുടെ ദുസ്വാധീനത്തിൽനിന്ന് സുരക്ഷിതമാക്കിവെക്കുകയും നല്ല മജ്‌ലിസുകളുടെ അനുഗ്രഹത്തിൽനിന്ന് മനുഷ്യന് കൂടുതൽ കൂടുതൽ അനുഗ്രഹം തേടാൻ നിമിത്തമായിത്തീരുകയും ചെയ്യുന്നതാണ്.

അല്ലാഹുവിന്റെ സഹായം ഒപ്പമില്ലാത്തിടത്തോളം ഒരിക്കലും മോചനമുണ്ടാകുകയില്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ! അതുകൊണ്ട് എപ്പോഴും അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടിരിക്കേണ്ടതാണ്.

അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ എപ്പോഴും ചീത്ത മജ്‌ലിസുകളിൽനിന്ന് രക്ഷപ്പെടുന്നവരാകട്ടെ. ഇനി അഥവാ അറിയാതെകണ്ട് അതിൽ പങ്കെടുത്താൽത്തന്നെയും അവയുടെ ദുസ്വാധീനത്തിൽനിന്ന് കാത്തുരക്ഷിക്കുമാറാകട്ടെ. നമ്മളോട് കാരുണ്യത്തോടും പൊറുക്കലോടും കൂടി പെരുമാറട്ടെ. നമ്മെ എപ്പോഴും ജമാഅത്ത് വ്യവസ്ഥിതിയോടും ഖിലാഫത്ത് വ്യവസ്ഥിതിയോടും ചേർന്നിരിക്കുന്നവരാക്കട്ടെ. എല്ലാ ഫിത്നയുണ്ടാക്കുന്നതിൽനിന്നും ഫിത്നയുടെ ദ്രോഹത്തിൽനിന്നും നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ.


നമസ്കാരത്തിനുശേഷം ഞാൻ ഒരു ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. അത് നമ്മുടെ ആഫ്രിക്കൻ-അമേരിക്കൻ അഹ്മദി ബിലാൽ അബ്ദുസ്സലാം സാഹിബിന്റേതാണ്. ഇദ്ദേഹം USA യിലെ Philadelphiaയിൽ താമസിക്കുകയായിരുന്നു. സെപ്തംബർ 13ന് വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹം ഈ വർഷം യു.കെ. ജൽസയിലും പങ്കെടുത്തിരുന്നു. ആദ്യ ദിവസം വൈകുന്നേരം പാൻ ആഫ്രിക്കൻ അസോസിയേഷന്റെ പ്രോഗ്രാം നടന്നുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് അദ്ദേഹത്തിന് തളർവാതമുണ്ടായി. തളർവാതം കാരണത്താൽ ആരോഗ്യം മോശമായി. പെട്ടെന്നുതന്നെ ഇവിടെ ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ കുറച്ചുദിവസം ചികിത്സയിലായിരുന്നു. പിന്നീട് ആരോഗ്യം നന്നായപ്പോൾ എന്നെ കാണാൻ വന്നിരുന്നു. അതിനുശേഷം രണ്ടുപ്രാവശ്യം കണ്ടിരുന്നു. ബാഹ്യത്തിൽ ആരോഗ്യവാനായിട്ടാണ് കണ്ടിരുന്നത്. അതിനുശേഷം അമേരിക്കയിലേക്ക് മടങ്ങിപോയി.

അദ്ദേഹം 1934-ൽ ഫ്ളോറിഡായിലാണ് ജനിച്ചത്. 6-ാം വയസ്സിൽ അദ്ദേഹത്തിന്റെ മാതാപിതാക്കൾ മരണപ്പെട്ടു. 8-ാം വയസ്സിൽ ബോർഡിംഗിൽ ചേർന്നു. ഇവിടെനിന്ന് ബൈബിൾ പഠിച്ചു. പിന്നീട് വിവിധ ഉദ്യോഗങ്ങൾ വഹിച്ചു. കുറച്ചുനാൾ ആർമിയിലുമുണ്ടായിരുന്നു. 1957 ൽ Minister of Gospel ആയി. എങ്കിലും അദ്ദേഹത്തിന് ക്രൈസ്തവമതത്തിലെ ചില വിശ്വാസാദർശങ്ങളോടു എതിർപ്പുണ്ടായിരുന്നു. 1960-ൽ ഒരു സുന്നിമുസ്‌ലിമുമായി കൂടിക്കാഴ്ച നടന്നു. അയാൾ ഇദ്ദേഹത്തിന് ജമാഅത്ത് പ്രസിദ്ധീകരിച്ച വിശുദ്ധഖുർആൻ നല്കി. ഇത് പ്രസിദ്ധീകരിച്ചവരാരാണെന്ന് ഇദ്ദേഹം അയാളോടു ചോദിച്ചു. അയാൾ പറഞ്ഞു: ഇവർ മുസ്‌ലിംകളല്ല. പക്ഷേ, ഇവരുടെ ഗ്രന്ഥങ്ങൾ വളരെ നല്ലതാണ്. അദ്ദേഹം ഇയാളിൽനിന്ന് ഒരു അഹ്മദിയുടെ മേൽവിലാസം വാങ്ങി. അങ്ങനെ ആ അഹ്ദിയുടെ കടയിലെത്തി. അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചിത്രം കണ്ടു. ചോദിച്ചപ്പോൾ ഇത് ഹദ്റത്ത് മഹ്ദി മസീഹിന്റെ ചിത്രമാണെന്ന് പറഞ്ഞു. അതിനുശേഷം അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു. പിന്നീട് Philadelphiaയിലെ അഹ്മദികളുമായി ചേർന്ന് പ്രബോധനജോലി ആരംഭിച്ചു.

ബിലാൽ അബ്ദുസ്സലാം സാഹിബിന് വിശുദ്ധ ഖുർആൻ പഠിക്കുന്നതിനു വളരെ താൽപര്യമായിരുന്നു. അദ്ദേഹം 4 മണിക്കൂർ യാത്ര ചെയ്ത് ഈരണ്ടാഴ്ച കൂടുമ്പോൾ ഞായറാഴ്ച പിറ്റ്സ്ബർഗിൽ വരുമായിരുന്നു; എന്തെങ്കിലും കുറച്ച് പഠിക്കാൻ. ഇപ്രകാരംതന്നെ അദ്ദേഹം Philadelphia-യിൽ ജമാഅത്തിന്റെ സ്വദ്റും നാഷണൽ ആമിലായിൽ നൗമുബാഈന്റെ വഖ്ഫെ ജദീദ്, തർബിയ്യത്ത് സെക്രട്ടറിയുമായിരുന്നു. അദ്ദേഹം വഖ്ഫ് ചെയ്ത് കുറച്ചുകാലം ബാൾട്ടിമോറിൽ ജമാഅത്തിന്റെ ഓണററി മുബല്ലിഗ് എന്ന നിലയിലും ജോലി ചെയ്തിട്ടുണ്ട്. അതിനുശേഷവും അദ്ദേഹം തബ്ലീഗ് പ്രവർത്തനം തുടർന്നു. ഖിലാഫത്തിനെ അതിരറ്റ് സ്നേഹിക്കുന്ന ദേഹമായിരുന്നു. ജമാഅത്തിന്റെ വ്യവസ്ഥിതി പാ ലിക്കുന്നയാളും ഉന്നതനിലവാരത്തിലുള്ള അനുസരണശാലിയുമായിരുന്നു. ഖലീഫമാരെക്കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുമായിരുന്നു. 1975ൽ ഖാദിയാൻ ജൽസയിലും പങ്കെടുക്കാൻ തൗഫീഖ് കിട്ടി. Philadelphia- യിൽ ജമാഅത്തിന്റെ മസ്ജിദ് നിർമാണം തുടർന്നുവരികയാണ്. ഇതിന് അദ്ദേഹം വളരെ ആഗ്രഹിച്ചിരുന്നു. ശ്രമിക്കുകയും ചെയ്തിരുന്നു. ഈ നിർമാണപ്രവർത്തനങ്ങൾക്കിടയിൽ അദ്ദേഹം ദിവസം മുഴുവൻ നിത്യവും അവിടെ കാബിനിൽ കഴിച്ചുകൂട്ടുകയും ദുആ ചെയ്യുകയും ചെയ്തിരുന്നു. മസ്ജിദ് എത്രയും വേഗം പൂർത്തിയാക്കണമെന്ന ശ്രമത്തിലായിരുന്നു. എത്രയുംവേഗം പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുകയാണ്. മിസ്സിസ് Easnestine Poster ആണ് ഭാര്യ. ഇവർ അഹ്മദിയായിരുന്നില്ല. പക്ഷേ, എപ്പോഴും അവരോട് ഇദ്ദേഹം നല്ല നിലയിൽ പെരുമാറി. സന്തപ്ത കുടുംബാംഗങ്ങളിൽ രണ്ട് ആൺമക്കളും രണ്ട് പെൺമക്കളുമുണ്ട്. ഒരു മകൻ ഉമർ അബ്ദുസ്സലാം സാഹിബ് 1993-ൽ ബയ്അത്ത് ചെയ്തു ജമാഅത്തിൽ പ്രവേശിച്ചു. ഇദ്ദേഹം അഹ്മദിയാണ്. മറ്റുള്ളവർ അഹ്മദികളല്ല.

അമേരിക്കയിലെ ഇപ്പോഴത്തെ മുബല്ലിഗ് അബ്ദുല്ലാഹ് ദേബാ സാഹിബ് എഴുതുന്നു: അമേരിക്കൻ ജമാഅത്തിന്റെ കർമനിരതനായ അംഗമായിരുന്നു. സൽസ്വഭാവിയും എല്ലാവരേയും സ്നേഹിക്കുന്നയാളും ആത്മാർഥനുമായിരുന്നു. മിക്കയാളുകൾക്കും പ്രയോജനപ്പെട്ടിരുന്നു. ജമാഅത്തുപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിൽ മുൻപന്തിയിലുണ്ടായിരുന്നു. യുവാക്കളുമായി ഒരു പ്രത്യേക ബന്ധമായിരുന്നു. അവർക്ക് തർബിയ്യത്ത് നല്കുന്നതിനും സാമൂഹികമായ ദോഷങ്ങളിൽനിന്ന് അവരെ സംരക്ഷിക്കുന്നതിനും എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നു. നിരവധിയുവാക്കളുടെ ജീവിതങ്ങൾ ആകർഷണീയമായ നിലയിൽ മാറ്റിയെടുത്തു. നേർമാർഗത്തിൽ നടക്കാൻ അവരെ ഉപദേശിക്കുമായിരുന്നു. പറയുന്നു: ഇദ്ദേഹത്തിന്റെ തർബിയ്യത്തു കാരണത്താൽ ആ യുവാക്കളിൽ നല്ലൊരു വിഭാഗം ജമാഅത്തിന്റേയും സമൂഹത്തിന്റേയും കർമനിരതമായ ഭാഗമായിത്തീർന്നു. ആശുപത്രിയിൽ രോഗിയായിരിക്കുമ്പോൾ, തന്റെ തലഭാഗത്ത് എപ്പോഴും ഒരു വിശുദ്ധഖുർആൻ ഉണ്ടായിരിക്കണമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. ഇവിടെ രോഗമുണ്ടായപ്പോൾ 'അല്ലാഹു തനിക്ക് പുതുജീവിതം നല്കിയത് തന്റെ അപൂർണമായി കിടക്കുന്ന കുറച്ച് ജോലികളുണ്ട്, അത് പൂർത്തിയാക്കാനാണ്' എന്ന് അദ്ദേഹം പറയുകയുണ്ടായി. ഞാൻ മുമ്പേയും പറഞ്ഞതുപോലെ, ഖിലാഫത്തിനോട് അദ്ദേഹത്തിന് അതിരറ്റ ബന്ധമായിരുന്നു. കാണുമ്പോഴെല്ലാം മുഖത്ത് ഒരു വിസ്മയകരമായ തരത്തിലുള്ള മന്ദഹാസമാണ് ഉണ്ടായിരുന്നത്. ഒരു ആത്മാർഥതയും കൂറും കണ്ണുകളിൽനിന്ന് ഇറ്റുവീണുകൊണ്ടിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തോടു മഗ്ഫിറത്തോടുകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മറ്റുള്ള മക്കൾക്കും അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

◆




**പേജ് 1ൽ നിന്ന്**

അവൻ തന്നെയാണ് എന്നെ രക്ഷിച്ചത് എന്നാണ്. അവൻ ആദ്യമേ പറഞ്ഞിരുന്നത് ബറാഹീനെ അഹ്മദിയ്യായിൽ ഇന്നേക്ക് 25 വർഷം മുമ്പേ രേഖപ്പെടുത്തിയിട്ടുണ്ട്. അതിതാണ്: **ഫ ബർറഅഹുല്ലാഹു മിമ്മാ ഖാലൂ വ കാന ഇൻദല്ലാഹി വജീഹാ** അവനിൽ ആരോപിക്കപ്പെട്ട ആരോപണത്തിൽനിന്ന് അല്ലാഹു അവനെ മോചിപ്പിച്ചു. അല്ലാഹുവിന്റെ പക്കൽ നീ നിരപരാധിയാണ്. (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസായിൻ, വാല്യം 22, പേജ് 240 - 243)

പേജ് 2ൽ നിന്ന്

അപേക്ഷിച്ചു. അത് ഏശലലൈി നഗരത്തിന് ബഹുമതിക്ക് നിമിത്തമാകുന്നതായിരിക്കും. അങ്ങനെ ഹുദൂർ അൻവർ ആ ഗോൾഡൻ ബുക്കിൽ ഒപ്പുവെച്ചു. അതുകഴിഞ്ഞ് 7.15ന് ഹുദൂർ അൻവർ പ്രസംഗം ആരംഭിച്ചു.

**ഹുദൂർ അൻവറിന്റെ പ്രഭാഷണം:**

ബിസ്മില്ലാഹിർറഹ്മാനിർ റഹീം ഓതിക്കൊണ്ടാണ് ഹുദൂർ അൻവർ തന്റെ പ്രഭാഷണത്തിന് തുടക്കം കുറിച്ചത്. ഞങ്ങളുടെ ഈ പരിപാടിയിൽ പങ്കെടുത്ത എല്ലാ അതിഥികൾക്കും ഏറ്റവുമാദ്യം ഞാൻ നന്ദി പറയുകയാണ്. ഈ നന്ദിപ്രകടനത്തിന്റെ വികാരങ്ങൾ എന്റെ ഒരു മതപരമായ നിർബന്ധകടമയും കൂടിയാണ്. കാരണം ഇസ്‌ലാമിന്റെ സ്ഥാപകനായ അല്ലാഹുവിന്റെ ദൂതൻ ഹദ്റത്ത് മുഹമ്മദ് (സ) പറഞ്ഞിരിക്കുന്നു: 'മറ്റുള്ളവരോട് നന്ദി നിറവേറ്റാത്ത മുസ്‌ലിം അല്ലാഹുവിനോടുള്ള നന്ദി നിറവേറ്റുന്നവനല്ല.' ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങളോടു നന്ദി പറയേണ്ടത് എനിക്ക് വളരെ നിർബന്ധമുള്ള കാര്യമാണ്. ഇവിടത്തെ ആളുകൾ ഈ മസ്ജിദിന്റെ നിർമാണത്തിന് തുറന്ന മനസ് പ്രദർശിപ്പിച്ചതിനും ഞാൻ നന്ദി പറയാനാഗ്രഹിക്കുകയാണ്. കൗൺസലിനും മേയറിനും നന്ദി പറയുന്നു. ഇവിടത്തെ രാഷ്ട്രീയപ്രവർത്തകർക്കും നന്ദി പറഞ്ഞുകൊള്ളുന്നു. ഇവരെല്ലാം ഞങ്ങളുടെ മസ്ജിദ് നിർമാണത്തിന് തുറന്നമനസ് പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങൾക്ക് ഇത് നിർമിക്കാൻ അനുവാദം നല്കി. അതിനാൽ ഏറ്റവുമാദ്യം ഈ വികാരപ്രകടനമാണുള്ളത്.

രണ്ടാമത്തെ കാര്യം ഞാൻ പറയാനാഗ്രഹിക്കുന്നത്, ഞങ്ങളുടെ നാഷണൽ അമീർ സാഹിബ് പറഞ്ഞതുപോലെ ഈ മസ്ജിദിന്റെ പേര് മസ്ജിദ് ബയ്ത്തുസ്സമദ് എന്നാണ്. അസ്സമദ് എന്നത് ദൈവത്തിന്റെ വിശേഷഗുണനാമമാണ്. ദൈവത്തിന്റെ പേരുകളിൽ ഒരു സവിശേഷഗുണമാണ്. അതിന്റെ ഉദ്ദേശ്യം എന്നെന്നും നിലനില്ക്കുന്നവൻ എന്നാണ്. അവന് ആരുടേയും ആവശ്യമില്ല. മറ്റുള്ള എല്ലാ സൃഷ്ടികൾക്കും ലോകത്തുള്ള എല്ലാ വസ്തുക്കൾക്കും അവനെ ആവശ്യമുണ്ട്. ചുരുക്കത്തിൽ ദൈവമെന്ന അസ്തിത്വം എന്നെന്നുമുള്ളവനാണ്, എന്നെന്നും നിലനില്ക്കുന്നവനുമാണ്. നമ്മളോട് അല്ലാഹു ഉദാഹരണത്തിന് ലോകത്തിന്റെ പരിധികളെക്കുറിച്ച് പറഞ്ഞു. ഈ ഭൂമിയും ആകാശവും കൂടിച്ചേർന്നിരിക്കുകയായിരുന്നുവെന്നും അല്ലാഹു അതിനെ പിളർത്തിയെന്നും വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു. അതായത് ഈ പ്രപഞ്ചം ഉണ്ടാക്കുന്നതിൽ, ഈ ലോകം ഉണ്ടാക്കുന്നതിൽ ശാസ്ത്രജ്ഞന്മാർ അവതരിപ്പിച്ച Big bang theory വിശുദ്ധഖുർആൻ ആദ്യമേതന്നെ അവതരിപ്പിച്ചു. ഇതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് വിശുദ്ധഖുർആനിലെ 21-ാം അധ്യായത്തിലാണ്. ഒരുപടികൂടി മുന്നോട്ടുപോയി ഇങ്ങനെയും പറഞ്ഞിട്ടുണ്ട്, 'ഈ ലോകം ചുരുട്ടപ്പെടുന്ന ഒരു കാലവും വരുന്നതായിരിക്കും.' അതായത് ശാസ്ത്രജ്ഞന്മാർ അവതരിപ്പിക്കുന്ന ബ്ലാക്ക് ഹോളിന്റെ സങ്കല്പം. അതും വിശുദ്ധഖുർആൻ വിവരിച്ചു. അതായത് എല്ലാം അവസാനിച്ചുപോയതിനുശേഷവും അല്ലാഹു നിലനില്ക്കുന്നതായിരിക്കും. അതായത് ഇപ്പോൾ നിലവിലുള്ള പ്രപഞ്ചമെല്ലാം അവസാനിച്ചാലും അല്ലാഹുവിന്റെ സത്തയ്ക്ക് ഒരു മാറ്റവും വരികയി ല്ല. ഏതുപോലെ ആദ്യം Big bang ഉണ്ടായോ അതുപോലെ വീണ്ടും സൃഷ്ടിക്കുന്നതാണെന്ന് അല്ലാഹു പറയുന്നു. ഈ സയൻസുപരമായ കാര്യങ്ങളും ഇക്കാലത്തേക്കുവേണ്ടി അല്ലാഹു നമുക്ക് മനസ്സിലാക്കിത്തന്നുകൊണ്ട് 'താൻ അനാദിയായിരുന്നുവെന്നും അനാദിയായിത്തന്നെ ഇരിക്കുന്നതാണെന്നും തന്നിലേക്ക് നിങ്ങൾ മടങ്ങുകയെന്നും ആരാധിക്കണമെങ്കിൽ തന്റെ ഭാഗത്തേക്ക് കുനിയുകയെന്നും അഭയം തേടണമെങ്കിൽ തന്നിലേക്കു വരികയെന്നും' പറഞ്ഞു. എന്തുകൊണ്ടെന്നാൽ ഇതാണ് അസ്സമദ് എന്ന പേരിന്റെ അർഥം.

ഇതിന്റെ അടിസ്ഥാനത്തിൽ ഈ മസ്ജിദിൽ വരുന്ന അഹ്മദികളായ നമ്മൾ, എവിടെയായാലും എപ്പോൾ മസ്ജിദിൽ വന്നാലും നമ്മുടെ എല്ലാ പ്രാർഥനകളും ദുആകളും, ദുആകൾ കേൾക്കുന്നവനും എന്നെന്നും ജീവിക്കുന്നവനും എന്നെന്നും നിലനില്ക്കുന്നവനുമായ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ചെയ്യുന്നവരായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ബുദ്ധിമുട്ടിന്റെ നേരത്തും അല്ലാത്തപ്പോഴും അഭയം തേടപ്പെടുന്ന ഒരേയൊരു അസ്തിത്വമേയുള്ളൂ. മസ്ജിദ് എന്ന പേരിനെ സംബന്ധിക്കുന്ന ചെറിയ വിവരമാണ് ഞാൻ നല്കിയത്.

ഈ നഗരത്തിന്റെ ജനസംഖ്യ ഏകദേശം 85000 ആണെന്ന് അമീർ സാഹിബ് പറയുകയുണ്ടായി. ഇവരിൽ 38000 വിദ്യാർഥികളാണ്. അതായത് നഗരത്തിൽ വിദ്യാസമ്പന്നരുടെ എണ്ണം ഏകദേശം പകുതിയാണ്. വിദ്യാസമ്പന്നർ എപ്പോഴും മനസ്സിലാക്കിയിരിക്കേണ്ടത്, നമ്മൾ നമ്മുടെ ബുദ്ധികളേയും നമ്മുടെ മനസ്സുകളേയും കൂടുതൽ തുറക്കാനും സഹനശക്തി കൂടുതൽ കൂടുതൽ സൃഷ്ടിക്കാനും പറയുന്നിടത്ത് നമ്മൾ നമ്മുടെ സ്രഷ്ടാവിനോടുള്ള കടമ നിറവേറ്റുന്നവരും അവനിലേക്ക് ശ്രദ്ധയുള്ളവരും ആകാനും നമ്മുടെ വിദ്യാഭ്യാസം നമ്മളോടു പറയുന്നതാവേണ്ടതാണ്. മസ്ജിദുകൾ, ചർച്ചുകൾ അല്ലെങ്കിൽ സെനിഗോഗുകൾ വിവിധ മതങ്ങളുടെ ഏത് ആരാധനാലയങ്ങൾ ആയാലും അതു നിലകൊള്ളുന്നത് നമ്മെ സൃഷ്ടിച്ചിട്ടുള്ള ദൈവത്തെ സ്മരിക്കാനും അവനെ ഒരിക്കലും മറക്കാതിരിക്കാനുമാണ്.

ഇവിടെ അയൽവാസികളോടുള്ള കടമകളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. അമീർ സാഹിബ് അയൽവാസികളെ സംബന്ധിച്ച് പറഞ്ഞു. അയൽവാസികളോടുള്ള കടമകളെക്കുറിച്ച് പറയുകയാണെങ്കിൽ ഇസ്‌ലാമിന്റെ സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ്(സ)അതിന്റെ എത്രമാത്രം പ്രാധാന്യമാണ് പറഞ്ഞതെന്നാൽ, അവിടന്ന് പറഞ്ഞു: 'എന്നോട് ആവർത്തിച്ചാവർത്തിച്ച് അയൽവാസികളോടുള്ള കടമകളെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നപ്പോൾ അവരേയും അനന്തരാവകാശികളിൽപെടുത്തുമോ എന്ന് തോന്നിപ്പോയി.' അതായത് അയൽവാസികളോടുള്ള കടമ അങ്ങേയറ്റം സുപ്രധാനമായ കടമയാണ്! അതു നിറവേറ്റേണ്ടത് നമുക്ക് നിർബന്ധമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അമീർ സാഹിബ് പറഞ്ഞതുപോലെ മസ്ജിദിന്റെ നിർമാണവുമായി ബന്ധപ്പെട്ട അവസരത്തിൽ ചില അയൽവാസികൾക്ക് ഒച്ചയും ബഹളവും കാരണത്താൽ ബുദ്ധിമുട്ടുണ്ടായിക്കാണും. അതിനും ഞാൻ ഖേദം പ്രകടിപ്പിക്കാനാഗ്രഹിക്കുകയാണ്. ഇൻശാഅല്ലാഹ്. ഏശലലൈി ൽ മസ്ജിദ് നിർമിക്കപ്പെട്ട കാരണത്താൽ ഇവിടെ വരുന്നവർ മുമ്പത്തെക്കാളുപരി അയൽവാസികളോടുള്ള കടമ നിറവേറ്റുന്നവരായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ കടമ നിറവേറ്റുന്നവരാകാൻ ശ്രമിക്കേണ്ടത് അഹ്മദികളുടെ ജോലിയാണ്. ഇല്ലെങ്കിൽ മസ്ജിദ് നിർമിച്ചതുകൊണ്ട് ഫലമൊന്നുമില്ല.

Giessen ഡിവിഷനിലെ വൈസ് പ്രസിഡണ്ടും ജമാഅത്തിനെ പ്രകീർത്തിക്കുകയുണ്ടായി. ചില കാര്യങ്ങൾ പറഞ്ഞത് യഥാർഥത്തിൽ ഇസ്‌ലാമികാധ്യാപനം തന്നെയാണ്. വിവിധ തരക്കാരായ നമ്മളെല്ലാ മതക്കാരും സഹനശക്തി ഉണ്ടാക്കേണ്ടതാണ്. പരസ്പരമുള്ള വികാരങ്ങളും കടമകളും ശ്രദ്ധിക്കേണ്ടതാണ്. മസ്ജിദിനെ സംബന്ധിച്ച് ഇക്കാര്യം വരുമ്പോൾ നമുക്ക് നബി(സ) തിരുമേനിയുടെ കാലത്തെ സംഭവമാണ് ഓർമവരുന്നത്: ഒരു ക്രൈസ്തവ സംഘം മദീനയിൽ നബി(സ) തിരുമേനിയെ കാണുന്നതിന് വന്നു. ഒരുസമയത്ത് അവരിൽ വലിയൊരു അസ്വസ്ഥത പ്രകടമാകാൻ തുടങ്ങി. എന്തിനാണ് അസ്വസ്ഥരാകുന്നതെന്ന് നബി(സ) തിരുമേനി ചോദിച്ചു: അവർ പറഞ്ഞു: 'ഞങ്ങൾക്ക് പ്രാർഥനയ്ക്കുള്ള സമയമാകുന്നു. ഞങ്ങളുടെ നമസ്കാരസമയമാകുന്നു. ഞങ്ങൾ ഞങ്ങളുടെ നമസ്കാരം അല്ലെങ്കിൽ ആരാധന എവിടെ നടത്താനാണ്?' ആ മഹാത്മാവ് അപ്പോൾ മദീനയിലെ മസ്ജിദ് നബവിയിൽ ആ ക്രൈസ്തവ സംഘത്തോടൊപ്പം ഇരിക്കുകയായിരുന്നു. അവിടന്ന് പറഞ്ഞു: 'ഈ മസ്ജിദിലും നിങ്ങൾക്ക് ആരാധന നിർവഹിക്കാവുന്നതാണ്. ഈ മസ്ജിദ് അല്ലാഹുവിനെ ആരാധിക്കുന്നതിനുവേണ്ടിത്തന്നെയുള്ളതാണ്. നിങ്ങൾക്ക് ഇവിടെ ആരാധന നടത്താൻ അനുവാദമുണ്ട്.' അങ്ങനെ നബി(സ) തിരുമേനി തന്റെ മസ്ജിദിൽ ആരാധന നടത്താൻ അവർക്ക് അനുവാദം നല്കി. ഇത് ഇസ്‌ലാമികാധ്യാപനത്തിന്റെ മനോഹരമായ വശമാണ്. അത് എല്ലാ മതത്തോടും പരസ്പരം പ്രീതിയും സ്നേഹവും നിലനിറുത്താനുള്ള പാഠം നല്കുന്നു. ഇതു മാത്രമല്ല മറിച്ച് ഇസ്‌ലാം പറയുന്നത്, ലോകത്തു വന്നിട്ടുള്ള എല്ലാ മതങ്ങളും സത്യമായിരുന്നു എന്നാണ്. അവയുടെ സ്ഥാപകരും സത്യവാന്മാരായിരുന്നു. അധ്യാപനം നല്കി നബിയെ നിയോഗിച്ച അല്ലാഹുവിൽനിന്നുള്ളവരായിരുന്നു അവർ. എല്ലാ ജനതയിലും നബി വന്നിട്ടുണ്ട്. അതുകൊണ്ട് എല്ലാ നബിമാരേയും ആദരിക്കേണ്ടത് യഥാർഥ മുസൽമാന്റെ നിർബന്ധകടമയാണ്. അവരെ വിശ്വസിക്കുന്നവരേയും ആദരിക്കേണ്ടതാണ്. എന്നല്ല എത്രത്തോളമെന്നാൽ, ലോകത്ത് സ്നേഹത്തിന്റേയും ശാന്തിയുടേയും പ്രീതിയുടേയും അന്തരീക്ഷം സ്ഥാപിക്കുന്നതിന്, നിരീശ്വരവാദികളെ എന്നല്ല ബിംബാരാധകരുടെ ബിംബങ്ങളെപ്പോലും ചീത്തപറയരുതെന്നും അത് പറഞ്ഞു. കാരണം അതുമുഖേന പിന്നീട് അസ്വസ്ഥത ഉണ്ടാകുന്നതാണ്. ലോകത്ത് കുഴപ്പങ്ങൾ ഉണ്ടാകുന്നതാണ്. ഇസ്‌ലാം എല്ലാതരത്തിലുള്ള വികാരങ്ങളും ശ്രദ്ധിക്കണമെന്ന പാഠം നല്കിയിരിക്കുന്നു. ഇസ്‌ലാംമതസ്ഥാപകർ(സ) അതിന്റെ മാതൃക തന്റെ ജീവിതംകൊണ്ട് കാണിച്ചു.

ഞാൻ എം.പി. സാഹിബിന് നന്ദി പറയുകയാണ്. അദ്ദേഹവും വളരെ നല്ല അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചത്. അഹ്മദികളായ നമ്മളേയും നഗരത്തിന്റെ ഭാഗമായി അദ്ദേഹം നിശ്ചയിച്ചു. അഹ്മദി ഇവിടെ വരികയും ഈ രാജ്യത്തിന്റെ പൗരത്വം സ്വീകരിക്കുകയും ചെയ്ത സ്ഥിതിക്ക് അവർ തങ്ങളുടെ എല്ലാ കഴിവുകളോടുംകൂടി ഈ രാജ്യത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിക്കേണ്ടത് തീർച്ചയായും അവരുടെ നിർബന്ധകടമയാണ്. വിദ്യാർഥികൾ പഠനം പൂർത്തിയാക്കി രാജ്യത്തിന്റെ അഭിവൃദ്ധിയുടെ ഭാഗമാകേണ്ടതാണ്. വ്യാപാരികളും തങ്ങളുടെ കച്ചവടത്തിൽ നീതിയോടെ പ്രവർത്തിച്ചുകൊണ്ട് തൊഴിലുകൾ ആരംഭിക്കുന്നതിനോടൊപ്പം ടാക്സുകൾ അടയ്ക്കുന്നതിലും നീതിയോടെ പ്രവർത്തിക്കേണ്ടതാണ്. സത്യസന്ധതയോടെ പ്രവർത്തിക്കേണ്ടതാണ്. നമ്മൾ ഈ രാജ്യത്ത് വന്നവരാണ്. ഇവിടെ നമുക്ക് മതസ്വാതന്ത്ര്യം കിട്ടിയിരിക്കുന്നു. നമ്മെ ഈ രാജ്യത്തിലെ ആളുകൾ തങ്ങളുടെ ഉള്ളിൽ ആകർഷിച്ചെടുത്തിരിക്കുന്നു. അപ്പോൾ നമ്മളും ഈ ഔദാര്യത്തിന് എപ്പോഴും നന്ദിയുള്ളവരായിരിക്കേണ്ടതാണ്. അവരോടുള്ള കടമ നിറവേറ്റേണ്ടതാണ്. നമ്മൾ നമ്മളെ ഈ രാജ്യത്തിന്റെ യഥാർഥ വാസിയും യഥാർഥ ഭാഗവുമായി മനസ്സിലാക്കുമ്പോഴാണ് അത് നടപ്പിലാകുന്നത്.

'നിങ്ങളുടെ എല്ലാ സദുദ്ദേശ്യങ്ങളും പൂർത്തീകരിക്കുമാറാകട്ടെ' എന്നും എംപി. സാഹിബ് പറയുകയുണ്ടായി. ലോകർ അവരെ സൃഷ്ടിച്ച ദൈവത്തെ തിരിച്ചറിയുക എന്നതാണ് നമ്മുടെ ആഗ്രഹവും മസ്ജിദ് നിർമിച്ചതിന്റെ ലക്ഷ്യവും. പരസ്പരം സ്നേഹത്തോടും പ്രീതിയോടും സാഹോദര്യത്തോടും കൂടി ജീവിക്കുക. ഈ ലോകത്ത് വസിക്കുന്നവർ ശാന്തിയുടേയും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷത്തിൽ ജീവിക്കുകയും കുഴപ്പങ്ങൾക്കും കലഹങ്ങൾക്കും അവകാശങ്ങൾ തട്ടിയെടുക്കുന്നതിനും പകരം പരസ്പരം അവകാശങ്ങൾ നിറവേറ്റുന്നവരാകുകയും ചെയ്യുക. ഈ മനോഹരമായ സങ്കല്പമാണ് നമുക്ക് ഇസ്‌ലാം മതസ്ഥാപകരായ നബി(സ) തിരുമേനി തന്നിട്ടുള്ളത്. സമാധാനം സ്ഥാപിക്കുന്നതിനു ബലം പ്രയോഗിക്കേണ്ടിവന്നാൽ-ബലം പ്രയോഗിക്കുന്നുമുണ്ട്- പക്ഷേ, ഒരു യഥാർഥ മുസൽമാന്റെ ജോലി, യഥാർഥ സമാധാനം സ്ഥാപിതമാകാൻ അവന്റെ പെരുമാറ്റങ്ങളിൽനിന്നെല്ലാം അവന്റെ അയൽവാസിക്കും പൊതുവായ നിലയിലും സ്നേഹത്തിന്റേയും പ്രീതിയുടേയും വികാരങ്ങൾ പ്രകടമാകണം എന്നതാണ്.

ലോർഡ് മേയറിനും ഞാൻ നന്ദി പറയുകയാണ്. അവർ വളരെ സദ്വികാരങ്ങളാണ് പ്രകടിപ്പിച്ചത്.

"എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്" എന്നത് നമ്മുടെ മുദ്രാവാക്യമാണ്. അതിനെ കുറിച്ച് പറഞ്ഞു: 'മസ്ജിദ് നിർമിച്ചതിനുശേഷം ജനങ്ങളുടെ കൂടുതൽ ശ്രദ്ധ അഹ്മദീ മുസ്‌ലിംകളിലേക്ക് തിരിയുന്നതാണ്. അപ്പോൾ ഈ മുദ്രാവാക്യത്തിന്റെ പ്രകടനം മുമ്പത്തേക്കാൾ കൂടുതൽ ഉണ്ടാക്കേണ്ടത് യഥാർഥത്തിൽ അഹ്മദി മുസ്‌ലിംകളുടെ ജോലിയാണ്. മതത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. ഓരോ മതാനുയായിയേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.' ഇസ്‌ലാം ഞാൻ പറഞ്ഞതുപോലെ, എല്ലാ ജനതയിലും നബി വന്നിട്ടുണ്ടെന്നാണ് പറയുന്നത്. അവർ ശരിയായ മതവുമായി വന്നു. അതുകൊണ്ട് മറ്റു മതങ്ങളുടെ സ്ഥാപകരുടെ പേരു പറയുമ്പോൾ ആദരവോടും ബഹുമാനത്തോടും പറയുക എന്നത് മുസ്‌ലിംകൾക്കുള്ള കല്പനയാണ്. യഥാർഥ മുസ്‌ലിംകൾക്കുള്ള കല്പനയാണ്. അതുകൊണ്ട് നമ്മൾ യഹൂദികളെ കുറിച്ച് പറയുമ്പോൾ, ഹദ്റത്ത് മൂസാ(അ)യെ കുറിച്ച് പറയുമ്പോൾ നമ്മൾ അലയ്ഹിസ്സലാം അല്ലാഹു അദ്ദേഹത്തിന്റെ മേൽ സമാധാനം ചൊരിയട്ടെ എന്നു പറയുന്നു. കാരണം അദ്ദേഹം അല്ലാഹുവിന്റെ നബിയും പുണ്യദാസനുമായിരുന്നു. ഹദ്റത്ത് ഈസാ(അ)യെ കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെമേലും സമാധാനത്തിന് നമ്മൾ പ്രാർഥിക്കുന്നു. കാരണം അദ്ദേഹം അല്ലാഹുവിന്റെ പുണ്യദാസനായിരുന്നു. ലോകത്ത് പ്രീതിയും സ്നേഹവും വിതറാൻ വന്നയാളായിരുന്നു. ഒരു യഥാർഥ മുസ്‌ലിം എല്ലാ മതത്തേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്. അതിന്റെ സ്ഥാപകരേയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്. ഈ മനോഹരമായ അധ്യാപനത്തിനുമാത്രമാണ് ലോകത്ത് ശാന്തിയും പ്രീതിയും സ്നേഹവും സ്ഥാപിക്കാൻ കഴിയുന്നത്. മസ്ജിദിൽ ആരാധനയ്ക്കായി വരുന്നവർ തങ്ങളുടെ എല്ലാ കർമവും പ്രവൃത്തിയും കൊണ്ട് പ്രകടിപ്പിക്കേണ്ട അധ്യാപനമാണിത്. ഇല്ലെങ്കിൽ അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾ മസ്ജിദിൽ വരുന്നത് നിഷ്ഫലമാണ്. നമസ്കാരത്തിനായി നിങ്ങൾ വരികയും മറ്റു കടമകൾ നിർവഹിക്കാതിരിക്കുകയും അസമാധാനം ലോകത്തുണ്ടാക്കുകയുമാണെങ്കിൽ നിങ്ങളുടെ ആരാധനകൾ നിങ്ങളുടെ മുഖത്തേക്ക് വലിച്ചെറിയപ്പെടുന്നതാണ്. അവസാനത്തെ ഖിയാമത്തുനാളിൽ- അത് വിധിയുടെ നാളാണ്, അല്ലാഹുവിൽനിന്നുള്ള രക്ഷാശിക്ഷയുടെ നാളാണ്- നിങ്ങൾക്ക് നമസ്കാരങ്ങൾക്ക് പ്രതിഫലം കിട്ടുന്നതിനു പകരം പാപമായിരിക്കും ലഭിക്കുക. കാരണം നിങ്ങൾ സമസൃഷ്ടികളോടുള്ള കടമ നിറവേറ്റിയില്ല. നിങ്ങൾ രാജ്യത്തും നഗരത്തിലും അസമാധാനമുണ്ടാക്കാൻ ശ്രമിച്ചു. ഈ മനോഹരമായ അധ്യാപനം ഒരു അഹ്മദി സ്വായത്തമാക്കേണ്ടതാണ്. ഇൻശാഅല്ലാഹ്; ഈ മസ്ജിദ് നിർമിച്ചതിനാൽ അഹ്മദി ഈ ഭാഗത്തേക്ക് പ്രത്യേകമായ നിലയിൽ ശ്രദ്ധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ യഥാർഥ ഇസ്‌ലാമികാധ്യാപനത്തിനാണ് ലോകത്ത് പ്രീതിയും സ്നേഹവും സൃഷ്ടിക്കാൻ കഴിയുന്നതെന്ന് നഗരവാസികൾക്ക് ബോധ്യമാക്കേണ്ടതാണ്.

ലോർഡ് മേയർ സാഹിബ മതത്തെക്കുറിച്ച് പറഞ്ഞു, വെള്ളത്തെക്കുറിച്ച് പറഞ്ഞു, ഈ മരം പരസ്പരം സ്നേഹമുണ്ടാക്കുന്നതാകണമെന്നും വളരുകയും പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യണമെന്നും ഈ നഗരത്തിന് സ്നേഹത്തിനും സമാധാനത്തിനും നിമിത്തമാകണമെന്നും പറഞ്ഞു. ഇതിനോടൊപ്പം ഞാൻ ഇതും കൂടെ പറയട്ടെ. കുറച്ചു മിനുറ്റുകൾക്കു മുമ്പേ ഞങ്ങൾ ഈ ചെടി നടുകയായിരുന്നു. ചെടിക്കു വെള്ളം ഒഴിക്കുകയായിരുന്നു. ചില മാധ്യമ പ്രവർത്തകരും വന്നിരുന്നു. അവർ എന്നോടു Integration സാധ്യമാകുന്നതെങ്ങനെയാണെന്ന് ചോദിച്ചു. നിങ്ങൾ ഇങ്ങനേയും അങ്ങനേയുമൊക്കെ വിവേചനം കാണിക്കുന്നുണ്ടല്ലോ? ഞാൻ അവരോട് പറഞ്ഞു: ഇസ്‌ലാമികാധ്യാപനത്തിൽ മതപരമായി ബന്ധംവെക്കുന്ന അത്തരത്തിലുള്ള ചില കാര്യങ്ങളുണ്ടെങ്കിൽ ഉദാഹരണത്തിന് സ്ത്രീപുരുഷന്മാർ കൂടിച്ചേർന്നിരിക്കുക, അല്ലെങ്കിൽ പർദ്ദ ധരിക്കുക തുടങ്ങിയവ, അതൊരു പ്രത്യേകമായ അവസരത്തിലും സന്ദർഭത്തിലുമുള്ളതാണ്. അതിന് Integrationുമായി ഒരു ബന്ധവുമില്ല. യഥാർഥ Integration എന്നു പറയുന്നത് നമ്മൾ സ്നേഹത്തോടും പ്രീതിയോടുംകൂടി ജീവിക്കുക എന്നതാണ്. എല്ലാവരും കൂടിച്ചേർന്ന് പുരുഷനാവട്ടെ സ്ത്രീയാവട്ടെ രാജ്യത്തിനും നഗരത്തിനും വേണ്ടി പ്രവൃത്തിക്കുക എന്നതാണ്. ഞാൻ അവർക്ക് ഇങ്ങനേയും ഉദാഹരണം നല്കി. അഹ്മദി സ്ത്രീ ഡോക്ടറാണെങ്കിൽ അവർ പുരുഷ ഡോക്ടർമാരോടൊത്തു ജോലി ചെയ്യുന്നു. പുരുഷനോ സ്ത്രീയോ രോഗിയാണെങ്കിൽ അവർ അവരെ ശുശ്രൂഷിക്കുന്നു. ഇത് മനുഷ്യർക്കുള്ള സേവനമാണ്. ഇപ്രകാരംതന്നെ നേഴ്സ്മാരുമുണ്ട്. അവർ ജോലി ചെയ്യുന്നു. പുരുഷന്മാരും സ്ത്രീകളും ഒത്തുചേർന്നു ജോലി ചെയ്യുന്നു. കാരണം ഇവിടെ അതിന്റെ ആവശ്യമുണ്ട്. പക്ഷേ, ആരാധനയ്ക്കായി, അല്ലെങ്കിൽ ഫംഗ്ഷനുകൾക്കായി സ്ത്രീകൾ അവരുടെ സൗകര്യത്തിന് പ്രത്യേകം ഒരു ഹാളിലിരുന്ന് തങ്ങളുടെ പരിപാടികൾ നടത്തുന്നുവെങ്കിൽ അതിൽ ആരും ആക്ഷേപിക്കേണ്ട കാര്യമില്ല. അതുകൊണ്ട് നമ്മുടെ രാജ്യത്തോടുള്ള കൂറിന്റേയോ സ്നേഹത്തിന്റേയോ പ്രകടനം കുറഞ്ഞുപോകുകയില്ല. ഞങ്ങളുടെ സ്ത്രീകളും ഞങ്ങളുടെ പുരുഷന്മാരെപോലെ രാജ്യത്തോട് കൂറുള്ളവരാണ് സ്നേഹമുള്ളവരാണ്. പുരുഷന്മാർ പഠിച്ച് രാജ്യത്തിന് സേവനം ചെയ്യുന്നതുപോലെ ഞങ്ങളുടെ സ്ത്രീകളും പഠിച്ച് രാജ്യസേവനം ചെയ്യുന്നു. എന്നല്ല, അഹ്മദി മുസ്‌ലിം സ്ത്രീകളെക്കുറിച്ച് എനിക്ക് പറയാൻ കഴിയും അവർ ഞങ്ങളുടെ ആൺകുട്ടികളെക്കാൾ കൂടുതൽ വിദ്യാസമ്പന്നരാണ്. കൂടുതൽ വിദ്യാഭ്യാസം കരസ്ഥമാക്കി രാജ്യത്തിനും ജനതക്കുംവേണ്ടി സേവനം ചെയ്യുന്നവരാണ്.

അഹ്മദി മുസ്‌ലിം സ്ത്രീകളും അവതരിപ്പിക്കുന്ന മനോഹരമായ Integration ആണിത്. മറ്റുള്ള ചിലത് മതപരമായ കാര്യങ്ങളാണ്. അതിന്റെമേൽ കൂടുതൽ സമ്മർദ്ദം ചെലുത്താതിരിക്കേണ്ടതാണ്. കാരണം അതിലൂടെ പിന്നീട് വെറുപ്പുകളുണ്ടാകുന്നു. ഇടയ്ക്കുള്ള ദൂരം കൂടുന്നു. വെറുപ്പില്ലെങ്കിൽത്തന്നെയും പരസ്പരമുള്ള വികാരങ്ങൾക്ക് ക്ഷതമേല്ക്കുന്നു. എല്ലാ അഹ്മദികളും അവർ പുരുഷന്മാരാവട്ടെ, സ്ത്രീകളാവട്ടെ അവർ രാജ്യത്തോടു കൂറുള്ളവരാണ്. രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവൃത്തിക്കുന്നവരാണ്. അതിനുവേണ്ടിയാണ് ഞങ്ങൾ പ്രവൃത്തിക്കുന്നത്.

ലോർഡ് മേയർ സാഹിബ എന്നോട് ചെടിക്കു വെള്ളമൊഴിക്കാൻ പറഞ്ഞപ്പോൾ രണ്ടുപേരും ചേർന്ന് വെള്ളമൊഴിക്കുന്നതിന് വെള്ളമൊഴിക്കാനുള്ള ഷവറിൽ എന്നോടൊപ്പം ഷെയർ ചെയ്യാൻ ഞാൻ അവരോട് പറഞ്ഞു; വളരെ അത്ഭുതപ്പെട്ടുകൊണ്ട് അവർ എന്നോടു ചോദിച്ചു: ഈ ഷവറിന്റെ ഹാന്റിലിൽ അങ്ങയോടൊപ്പം പിടിക്കാൻ എനിക്ക് സാധിക്കുമോ? ഞാൻ പറഞ്ഞു: തീർച്ചയായും! കാരണം ഇതാണ് ഞങ്ങൾ ആഗ്രഹിക്കുന്ന യഥാർഥ Integration. ഞാൻ ഒരു മതപരമായ ജമാഅത്തിന്റെ ലീഡറാണെന്നും താങ്കൾ ഈ നഗരത്തിന്റെ ലോർഡ് മേയറാണെന്നും ഇരുവരും ഈ നഗരത്തിന്റെ മനോഹാരിതയ്ക്കുവേണ്ടി, ഭൗതികമായ നിലയിലും ആത്മീയപരമായ നിലയിലും ഒന്നിച്ചു ചേർന്ന് ഈ മരം നടാൻ ശ്രമിക്കുകയാണെന്നും അത് വളരുകയും പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യണമെന്നും ഇവിടെ പ്രീതിയുടെയും സ്നേഹത്തിന്റേയും ശാന്തിയുടേയും അന്തരീക്ഷം എപ്പോഴും നിലകൊള്ളണമെന്നും ലോകത്തിന് അറിയാൻ കഴിയണം. ഈ മരത്തിൽ-അത് ഫലം കായ്ക്കുന്ന മരമാണെങ്കിൽ- പ്രീതിയുടേയും സ്നേഹത്തിന്റേയും ഫലങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമാറാകട്ടെ. നന്ദി. ജസാക്കമുല്ലാഹ്.

ഹുദൂർ അൻവറിന്റെ ഈ പ്രഭാഷണം 7.35 വരെ തുടർന്നുകൊണ്ടിരുന്നു. അതിനുശേഷം ഹുദൂർ ദുആ ചെയ്യിച്ചു. പിന്നീട് ഈ പരിപാടിയിൽ പങ്കെടുത്ത എല്ലാ അതിഥികളും അമീറുൽ മുഅ്മിനീന്റെ കൂടെ ഭക്ഷണം കഴിച്ചു.

തുടർന്ന് അതിഥികൾ ഓരോരുത്തരായി വന്ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തിക്കൊണ്ടിരുന്നു. ഹുദൂർ അൻവർ വാത്സല്യത്തോടെ അതിഥികളുമായി സംസാരിച്ചു. ഒപ്പത്തിനൊപ്പം ഫോട്ടോകളും എടുക്കുന്നുണ്ടായിരുന്നു. ഈ പരിപാടിയ്ക്കുശേഷം 8.20ന് ഹുദൂർ അൻവർ ഫ്രങ്ക്ഫോർട്ടിലെ ബയ്ത്തുസ്സുബൂഹിലേക്ക് യാത്ര തിരിച്ചു. ഏകദേശം 40 മിനുട്ട് യാത്രയ്ക്കുശേഷം 9 മണിക്ക് ബയ്ത്തുസ്സുബൂഹിലെത്തി. 9.20ന് ഹുദൂർ വന്ന് മഗ്‌രിബ് ഇശാ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്കുപോയി.

**അതിഥികളുടെ അഭിപ്രായങ്ങൾ:**

ഇന്ന് ബയ്ത്തുസ്സമദിന്റെ ഉദ്ഘാടന പരിപാടിയിൽ 267 അതിഥികൾ പങ്കെടുത്തു. ഇവരിൽ ലോർഡ് മേയർ, പാർലമെന്റംഗം മുഖ്യമന്ത്രിയുടെ പ്രതിനിധി തുടങ്ങിയവർക്കു പുറമെ ഹെയ്സൻ സംസ്ഥാനത്തിലെ വിവിധ ഭരണവകുപ്പുകളിലെ ഉദ്യോഗസ്ഥരും രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികളും തദ്ദേശ അസംബ്ലി അംഗങ്ങളും ഡോക്ടർമാരും ടീച്ചർമാരും വക്കീൽമാരും എഞ്ചിനീയർമാരും ജേർണലിസ്റ്റുകളും ജീവിതത്തിന്റെ വിവിധ തുറകളുമായി ബന്ധം വെക്കുന്നവരുമായ അതിഥികൾ പങ്കെടുത്തിരുന്നു. മിക്ക അതിഥികളും തങ്ങളുടെ അഭിപ്രായങ്ങളും വികാരങ്ങളും പ്രകടിപ്പിക്കുകയുണ്ടായി. ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം അവരുടെ മനസ്സുകളെ അഗാധമായി സ്വാധീനിച്ചു. ചില അതിഥികളുടെ അഭിപ്രായങ്ങൾ താഴെ ചേർക്കുകയാണ്.

ഗെസ്സൻ ജില്ല നേതാവ് Mr.Karl Heins Funck പറഞ്ഞു: ഞാൻ ഖലീഫയുടെ പ്രസംഗത്തിൽ വളരെ ആകർഷിതനായി. പ്രസംഗത്തിൽ പറഞ്ഞ എല്ലാ കാര്യങ്ങളോടും യോജിക്കുന്നു. ഹുദൂറിന്റെ പ്രസംഗശൈലി വളരെ സമാധാനപരവും ആകർഷണീയവുമാണ്. നബി(സ) തിരുമേനി തന്റെ മസ്ജിദിൽ ക്രിസ്ത്യാനികൾക്ക് ആരാധന നടത്താൻ അനുവാദം നല്കിയിരുന്നുവെന്ന് ഹുദൂറിന്റെ പ്രസംഗത്തിൽനിന്നാണ് എനിക്ക് ആദ്യമായി മനസ്സിലായത്. ഇസ്‌ലാമികാധ്യാപനങ്ങളിലെ ഇത്തരം ഉദാത്തമായ കാര്യങ്ങളെക്കൊണ്ട് ഞാൻ വളരെ ആകർഷിതനാണ്.

Mrs.Birgit Lessch Konig പറയുന്നു: എന്റെ മകൾ ഹോളണ്ടിൽ താമസിക്കുന്നു. ഞാൻ ഇന്ന് ഒരു ഇസ്‌ലാമിക പരിപാടിയിൽ പങ്കെടുക്കുന്നതുകൊണ്ട് അവളുടെ മനസ്സിൽ വളരെ ആശങ്കയുണ്ടായിരുന്നു.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**

**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക."**
**(സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**

**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

നിങ്ങൾ സൂക്ഷിക്കണമെന്ന് എനിക്ക് അവൾ മുന്നറിയിപ്പും നല്കിയിരുന്നു. പക്ഷേ, ഞാൻ പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്തിന്റെ ആദരണീയനായ ഇമാമിനെ അടുത്തുനിന്ന് കാണാനുള്ള ഒരേയൊരു അവസരമാണിത്. അതെനിക്ക് നഷ്ടപ്പെടുത്തിക്കളയാൻ സാധിക്കുകയില്ല. അതുകൊണ്ട് ഞാൻ പോകുകതന്നെ ചെയ്യും.' പറഞ്ഞു: ഇന്ന് ഞാൻ ഇവിടെ ശാന്തിയും സമാധാനവും മാത്രമാണ് കണ്ടത്.

തദ്ദേശ സ്ഥാപനത്തിന്റെ പ്രതിനിധിയായ Mrs. Ohm winter പറഞ്ഞു: 'ഞാൻ സ്ത്രീകളുടെ ഭാഗത്തുപോയിരുന്നു. അവരുടെ സമീപനവും മതപരമായ മൂല്യങ്ങളുമായുള്ള ബന്ധവും എനിക്ക് വളരെ നല്ലതായി തോന്നി. നിങ്ങളുടെ സ്ത്രീകൾ സമൂഹവുമായി നല്ലവണ്ണം ഇഴുകിച്ചേർന്നിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ആദരണീയനായ ഇമാം സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാര ഉയർച്ചയെ കുറിച്ച് പറഞ്ഞിരുന്നു. നിങ്ങളുടെ ജമാഅത്ത് സ്ത്രീകൾക്കും പുരുഷനും ഒരുപോലെ പ്രാധാന്യം നല്കുന്നുവെന്നതിൽ എനിക്ക് സന്തോഷമുണ്ട്.'

Mr.Turn പറയുന്നു:'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹത്തിന്റെ വ്യക്തിപരമായ പവിത്രത എന്റെ സ്വഭാവത്തിൽ അഗാധമായ സ്വാധീനം ചെലുത്തിയിരിക്കുന്നു. ഹുദൂറിനെ കണ്ടുകൊണ്ടുള്ള എന്റെ അഗാധമായ അഭിപ്രായം ഹുദൂർ എങ്ങനെയുള്ള വ്യക്തിത്വത്തിന്റെ ഉടമയാണെന്നാൽ, അദ്ദേഹം ആഗോള ഇസ്ലാമിന്റെ നേതാവാകേണ്ടതാണ്.'

ഡോക്ടർ മൂസാ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഖലീഫയുമായി കൂടിക്കാഴ്ച നടത്തി. എന്റെ ശരീരവും ആത്മാവും അവിടത്തെ വ്യക്തിത്വത്തിന്റെ പവിത്രമായ ആകർഷണീയതയെ അനുഭവിച്ചറിഞ്ഞു. ഖലീഫയുമായി ഹസ്തദാനം ചെയ്തപ്പോൾ ഇതൊരു ദൈവപുരുഷനാണെന്ന് അനുഭവപ്പെട്ടു, അദ്ദേഹവുമായി ഇന്ന് ഞാൻ കൂടിക്കാഴ്ച നടത്തിയിരിക്കുന്നു.'

Mr.Tobias Erben പറയുന്നു: 'പരിപാടിയുടെ സമാധാനഭരിതമായ അന്തരീക്ഷവും ഉദാത്തമായ ആതിഥ്യത്തോടുമൊപ്പമുള്ള നല്ല ഒരുക്കങ്ങളും എനിക്കിഷ്ടപ്പെട്ടു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗത്തിന്റെ ഓരോരോ വാക്കും ആകർഷണീയമായിരുന്നു. പാരമ്പര്യ നേതാക്കളെപോലെ എഴുതിവെച്ചിരിക്കുന്ന വാക്കുകൾ വായിക്കുകയായിരുന്നില്ല. മറിച്ച് മറ്റുള്ള പ്രസംഗകരുടെയും കാര്യങ്ങൾ പരാമർശിച്ച് ഒപ്പത്തിനൊപ്പം അവതരിപ്പിക്കുകയായിരുന്നു. എല്ലാ തലങ്ങളേയും സ്പർശിച്ചുകൊണ്ടുള്ളതായിരുന്നു അവിടത്തെ പ്രഭാഷണം. ഇതിൽ ഇസ്ലാമിന്റെ സന്ദേശമായ ശാന്തിയും സമാധാനവും മനസ്സിനെ അഗാധമായി സ്വാധീനിച്ചു. അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് നല്ലവണ്ണം അറിയാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. കാരണം മസ്ജിദ് മെയിൻ റോഡിനോടു ചേർന്നാണ് പണിതിട്ടുള്ളത്. ജനങ്ങൾ ഇക്കാരണത്താൽ കൂടുതൽ പരിചയപ്പെടുന്നതായിരിക്കും. മസ്ജിദിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കുന്നതിന് ഞാനും എന്റെ കലണ്ടറിൽ ഒക്ടോബർ 3 ദിവസത്തിൽ അടയാളമിട്ടിരിക്കുന്നു. നിങ്ങളുടെ യുവാക്കൾക്ക് കളിക്കുന്നതിനും സന്തോഷകരമായ പരിപാടികൾ സംഘടിപ്പിക്കുന്നതിനും സ്ഥലം സംഘടിപ്പിച്ചുനലകാൻ സഹായിക്കുന്നതിന് എല്ലാ വിധത്തിലും ഞാൻ ശ്രമിക്കുന്നതായിരിക്കും.'

20 വയസ്സുള്ള ചെറുപ്പക്കാരനാണ് Mr.Rene. അദ്ദേഹം ജമാഅത്തിനെ പരിചയപ്പെട്ടിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ പരിപാടിയിൽ എന്നെന്നേക്കുമെന്നപോലെ ശാന്തിയുടേയും സാഹോദര്യത്തിന്റേയും അന്തരീക്ഷമായിരുന്നു. ഇതിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഹൃദയാവർജകമായ പ്രഭാഷണം എങ്ങനെയുള്ളതായിരുന്നുവെന്നാൽ അതിന്റെ സ്വാധീനം എന്റെ മനസ്സിലുണ്ട്.'

ലംബർഗ് നഗരത്തിലെ ആഗോളമത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർഥികളുടെ നേതാവായ ഡോക്ടർ ഫ്രാങ്ക് ഫൺ ഡേർവെൽഡൻ പങ്കെടുത്തിരുന്നു. പരിപാടിയെ സംബന്ധിച്ച് തന്റെ അഭിപ്രായങ്ങൾ വിവരിച്ചുകൊണ്ടു പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ ആദരണീയനായ ഇമാമിന്റെ പ്രസംഗത്തിൽനിന്ന് മനസ്സിലാകുന്നത് അദ്ദേഹം തന്റെ വിഷയത്തിൽ തികച്ചും നിയന്ത്രണം പാലിക്കുന്നുവെന്നതാണ്. ശ്രോതാക്കൾക്ക് മതത്തേയും ഇക്കാലഘട്ടത്തിലുള്ള അതിന്റെ ആവശ്യകതയേയും വ്യക്തമാക്കി കാണിക്കുന്നു. മറ്റു പ്രസംഗകരുടെ നിലപാടുകളെ മുന്നിൽ വെച്ചുകൊണ്ട് ഒരു സന്തുലിതമായ അഭിപ്രായം അവതരിപ്പിക്കുന്നു. ജമാഅത്തിലെ ഓരോ അംഗങ്ങൾക്കും ഖലീഫയുമായിട്ട് അഗാധവും മാനസികവുമായ ഒരു ബന്ധമുണ്ടെന്ന് ഞാൻ അനുഭവിച്ചറിഞ്ഞു. അകൽച്ചയുണ്ടായിട്ടും അത് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്.

ഗെസ്സൻ നഗരത്തിലെ ഒരു ലേഡി ഡോക്ടർ മിസിസ് ഫിൻക് പറയുന്നു: 'ഈ പരിപാടി അങ്ങേയറ്റം ചിട്ടയോടുകൂടി സംഘടിപ്പിച്ചതിന് നിങ്ങൾക്ക് ആശംസകൾ നേരുന്നു. ഇത്തരം സമാധാനഭരിതവും അഭിമാനാർഹവുമായ പരിപാടിയിൽ വിവിധ മതത്തിലുള്ള ആളുകളെ ഒരുമിച്ചുകണ്ട് എനിക്ക് വളരെയധികം സന്തോഷകരമായ അത്ഭുതം തോന്നി. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പവിത്രമായ വ്യക്തിത്വത്തിൽ വളരെ ആകർഷിതയായി. ഞാൻ അദ്ദേഹത്തെ സമാധാനം നിറഞ്ഞതും ആകർഷഭരിതവുമായ ഒരു വ്യക്തിത്വമായി കണ്ടു. അദ്ദേഹത്തിന്റെ സാന്നിധ്യംകൊണ്ട് എല്ലാ പരിപാടിയും സമാധാനപരമായ മജ്ലിസായി അനുഭവപ്പെട്ടുകൊണ്ടിരുന്നു. ഭാവിയിലും നിങ്ങളുടെ പരിപാടിയിൽ പങ്കെടുക്കാനുള്ള താൽപര്യം എനിക്കുണ്ടായിരിക്കും.'

Mrs.Kastelia തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: 'നിങ്ങളുടെ ഖലീഫയുടെ സത്തയിൽ അടങ്ങിയിരിക്കുന്ന സ്നേഹവും മനുഷ്യകുലത്തോടുള്ള സഹതാപവും കണ്ട്, അത്തരം വ്യക്തിക്കു മാത്രമേ തന്റെ സന്ദേശം നല്ലരീതിയിലെത്തിക്കാൻ സാധിക്കുകയുള്ളൂവെന്ന് എനിക്ക് മനസ്സിലായി. അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ സ്നേഹത്തിന്റെ ആകർഷികത ഉണ്ടായിരുന്നു. വിശുദ്ധഖുർആനും ശാസ്ത്രവും വിരുദ്ധമല്ലെന്നും മറിച്ച് സാദൃശ്യം പുലർത്തുന്നതാണെന്നുമുള്ള അത്ഭുതകരമായ കാര്യവും അദ്ദേഹത്തിന്റെ സംസാരത്തിൽനിന്ന് എനിക്ക് മനസ്സിലായി; പ്രപഞ്ചസൃഷ്ടിപ്പും ബിഗ്ബാംഗ് പോലുള്ള വിഷയങ്ങളും മതം ചർച്ച ചെയ്യുന്നു.

VaterHelmut Schutt സാഹിബ് പറഞ്ഞു: നിങ്ങളുടെ ജമാഅത്ത് ഇക്കാലഘട്ടത്തിലെ സുസംഘടിതമായ ജമാഅത്താണ്. ഇത്തരം മനോഹരമായ സംവിധാനം ഒരുക്കിയതിൽ ഞാൻ നിങ്ങളെ അനുമോദിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ വിശുദ്ധനായ ഇമാം മനസ്സിനെ ആകർഷിക്കും വിധം എത്തരത്തിലുള്ള പ്രസംഗമാണ് ചെയ്തതെന്നാൽ, അത് പരമ്പരാഗതമായ പ്രസംഗങ്ങളിൽനിന്നും വിവരണങ്ങളിൽനിന്നും വ്യത്യസ്തമായി മനസ്സിൽനിന്ന് പുറപ്പെടുന്ന സന്ദർഭോചിതമായ സംസാരമായിരുന്നു. സന്നദ്ധരായ മറ്റുള്ളവരുടെ അഭിപ്രായങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ളതായിരുന്നു അത്. അദ്ദേഹം പറഞ്ഞ കാര്യങ്ങളോടു ഞാൻ തുറന്നനിലയിൽ യോജിക്കുന്നു. ജനങ്ങളുടെ ഇടയിൽ സമാധാനമുണ്ടാകണമെങ്കിൽ, മതാനുയായികൾ പരസ്പരമുള്ള വിശ്വാസാദർശങ്ങളെ ആദരിക്കണമെന്നത് നിബന്ധനയാണ്. പരസ്പരമുള്ള ആദരവും ബഹുമാനവും മുഖേന മാത്രമേ അസമാധാനവും സമൂഹത്തിൽ നിലനില്ക്കുന്ന വെറുപ്പും വിദ്വേഷവും അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ.

ഗെസ്സണിലെ സ്കൂളുകളുടെ ഡയറക്ടർ പറഞ്ഞു: യൂറോപ്പിൽ കഴിഞ്ഞ മൂന്നു നൂറ്റാണ്ടായി ആത്മീയത അധഃപതനത്തിലായിരുന്നുവല്ലോ എന്ന് പരിപാടി തുടങ്ങുന്നതിന് മുമ്പേ ഞാൻ ചിന്തിക്കുകയായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സംസാരത്തോട് എന്റെ ധാരണകൾ പൂർണമായും യോജിക്കുന്നു. അദ്ദേഹത്തിന്റെ നിരൂപണത്തെ എന്റെ മനസ്സും സാക്ഷിപറയുന്നു.

ഒരാഴ്ച മുമ്പേ വിവാഹിതരായ ഒരു പുതുദമ്പതികളും മസ്ജിദിന്റെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുത്തിരുന്നു. അവർ പറഞ്ഞു: നബി(സ)തിരുമേനി മസ്ജിദ് നബവിയിൽ ക്രിസ്ത്യാനികളോടു പെരുമാറിയതിനെക്കുറിച്ച് പറഞ്ഞത് വളരെ ആകർഷണീയമായിരുന്നു. ഇപ്രകാരംതന്നെ ഖലീഫ, നഗരത്തിന്റെ മേയറുമായി ചേർന്ന് ചെടി നട്ടതും വളരെ ആകർഷണീയമായിരുന്നു. ജമാഅത്തംഗങ്ങളുടെ തുറന്നനിലയിലുള്ള പെരുമാറ്റം വളരെ നന്നായി തോന്നി. ഇപ്രകാരംതന്നെ Integration നെ കുറിച്ച് ഖലീഫ പറഞ്ഞതും തികച്ചും ശരിയാണ്. പുരുഷന്മാർക്കും സ്ത്രീകൾക്കും വിവിധതരത്തിലുള്ള ജോലികളുണ്ട്. എല്ലാ ജോലികളും അവർക്ക് കൂടിച്ചേർന്ന് ചെയ്യാൻ സാധിക്കുകയില്ല. അവരുടെ ലാറ്ററിനും പ്രത്യേകമാണ്. ഖലീഫ ഒരു ആദരണീയമായ അസ്തിത്വമാണ്. അദ്ദേഹം ജമാഅത്തംഗങ്ങളോടും മറ്റു ആളുകളോടും വളരെ അടുത്താണ്. ഞങ്ങൾ ഇന്നത്തെ പരിപാടിയിൽ ഏറെ സന്തോഷിക്കുന്നു.'

ഒരു ജർമൻ സുഹൃത്ത്, അദ്ദേഹം ഒരു ഫൗണ്ടേഷന്റെ നേതാവാണ്. ദരിദ്രരായ വീടുകളിലെ കുട്ടികളേയും യുവാക്കളേയും സഹായിക്കുന്നവരാണ് ഈ ഫൗണ്ടേഷനിലെ അംഗങ്ങൾ. അദ്ദേഹം പറഞ്ഞു: സമൂഹത്തെ ഛിന്നഭിന്നമാക്കാൻ ശ്രമിക്കുന്ന ശക്തികളും ആളുകളുമാണ് ഇക്കാലത്ത് സമൂഹത്തിൽ കൂടുതലുമുള്ളത്. ഇത്തരം പരിതഃസ്ഥിതിയിൽ ഖലീഫയുടേതുപോലുള്ള ശബ്ദങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്. കാരണം അദ്ദേഹം സമൂഹത്തിന്റെ ഐക്യത്തിനുള്ള അധ്യാപനം നല്കുന്നു. ഇസ്ലാം ഖലീഫ വ്യക്തമാക്കിയതുപോലെ മറ്റു മതങ്ങളോടു ആദരവോടും ബഹുമാനത്തോടുംകൂടി പെരുമാറാനും തമ്മിൽ ബന്ധിപ്പിക്കാനുമുള്ള പാഠം നല്കുന്നു എന്ന കാര്യം എന്നെ വളരെ ആകർഷിച്ചു.'

ജനാബ് Wolfgang Menmerസാഹിബ് Main-Taumusന്റെ കൗൺസിൽ അംഗമാണ്. Flor-sheimലെ അഹ്മദികളുമായി അദ്ദേഹത്തിന് നേരത്തെ ബന്ധമുണ്ട്. അദ്ദേഹം തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'എനിക്ക് ഖലീഫയെ വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ വാക്കുകൾ എന്റെ മനസ്സുവരെ എത്തി. ആ വാക്കുകൾ എന്റെ മനസ്സിനെ സന്തോഷിപ്പിച്ചു. ഇന്ന് നമുക്കെല്ലാം ഖലീഫ എത്തിച്ചുതന്ന സന്ദേശം ഏറ്റെടുത്തുകൊണ്ട് ഞാൻ സന്തോഷത്തോടുകൂടി വീട്ടിലേക്ക് മടങ്ങിപ്പോകുന്നതായിരിക്കും.' അദ്ദേഹം പറഞ്ഞു: ഇസ്ലാം മറ്റു മതങ്ങളെപോലുള്ള ഒരു മതമാണെങ്കിലും അഹ്മദിയ്യാ ജമാഅത്തിന് ഇങ്ങനെയൊരു പ്രത്യേകത കരസ്ഥമായിട്ടുണ്ട്. അവർക്ക് ഈ പ്ര

## കലാമുൽ ഇമാം:-

"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തുകൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."
(മൽഫൂദാത്ത്, വാല്യം 5, പേജ് 96).

## ത്വാലിബെ ദുആ:

റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)

## കലാമുൽ ഇമാം:-

"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."
(മൽഫൂദാത്ത്, വാല്യം 5, പേജ് 104)

## ത്വാലിബെ ദുആ:

പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)

ത്യേകത കൈവന്നത്, അവർക്ക് ഒരു ഖലീഫയുള്ളതുകൊണ്ടായിരിക്കാം. ഈ ഖലീഫ ലോകം മുഴുവനുമുള്ള അഹ്മദികളെ ഒരു കൈയിൽ സംഘടിപ്പിച്ചുനിറുത്തുന്നു. അവരെ ഒരു സൽപന്ഥാവിലൂടെ നടത്തുന്നു. ഞാൻ ധരിക്കുന്നത് ഇവർക്ക് മറ്റു ജമാഅത്തുകളും മതങ്ങളും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം ഇതാണെന്നാണ്.'

ടീച്ചർ ആകാൻ പോകുന്ന ഒരു വിദ്യാർഥി തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'എല്ലാവരും ശാന്തിയോടും സമാധാനത്തോടുംകൂടി ഒത്തൊരുമിച്ചു ജീവിക്കേണ്ടത് നിർബന്ധമാണെന്ന് ഖലീഫത്തുൽ മസീഹ് വ്യക്തമാക്കുകയുണ്ടായി. അപ്പോഴായിരിക്കും സമൂഹത്തിൽ സമാധാനം സ്ഥാപിതമാകുന്നത്. ഇസ്‌ലാം ഭയാനകമായ മതമല്ലെന്ന് ഖലീഫ പറഞ്ഞത് തികച്ചും ശരിയാണ്. പിന്നീട് ഖലീഫ Integration-നെക്കുറിച്ച് പറഞ്ഞതും, Integrationന്റെ ഉദ്ദേശ്യം ഏതു രാജ്യത്താണോ ജീവിക്കുന്നത് ആ രാജ്യത്തിനു സേവനം ചെയ്യുക എന്നതാണെന്നും അതിൽ സമാധാനത്തോടെ ജീവിക്കുക എന്നതാണെന്നും ആ രാജ്യത്തിന് ഫലപ്രദനായ പൗരനാകുക എന്നതാണെന്നും പറഞ്ഞത് തികച്ചും ശരിയാണ്.'

ഒരു ജർമൻ വനിത പറഞ്ഞു: ഖലീഫയുടെ പ്രസംഗത്തിൽനിന്ന് ഞാൻ ഒരുപാട് പഠിച്ചു. മുമ്പേ മുതൽ ഞാൻ ഇസ്‌ലാമിനെക്കുറിച്ച് ഒരുപാട് വിവരങ്ങൾ സമാഹരിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, ഇന്ന് എന്റെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭിച്ചു.'

മറ്റൊരു ജർമ്മൻ സ്ത്രീ തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "എനിക്ക് ഈ പരിപാടി വളരെ ഇഷ്ടപ്പെട്ടു. നിങ്ങൾ ഓപ്പൺമൈന്റാണ്. ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ അധ്യാപനങ്ങൾക്ക് തികച്ചും വിരുദ്ധമായ കാര്യങ്ങളാണ് ഇന്ന് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഖലീഫ ഈ ശത്രുതാപരമായ പ്രചാരണങ്ങൾക്ക് തികച്ചും വിരുദ്ധമായുള്ള സമാധാനത്തിന്റെ അധ്യാപനം കാണിച്ചു."

16 വയസ്സുള്ള ഒരു ചെറുപ്പക്കാരൻ തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഇസ്‌ലാം ഭയാനകമായ വസ്തുവൊന്നും ആയിരിക്കുകയില്ലെന്ന് എനിക്ക് ആദ്യമെ അറിയാമായിരുന്നു. എന്നല്ല പലയാളുകളും ഇസ്‌ലാമിനെ തെറ്റായ നിലയിൽ ഉപയോഗിക്കുകയാണ്. ഇന്നത്തെ ഈ പരിപാടി ഇസ്‌ലാം ശാന്തിയുടേയും സമാധാനത്തിന്റേയും മതമാണെന്ന് ഒരിക്കൽ കൂടി കാണിച്ചിരിക്കുന്നു. ഇക്കാര്യം പ്രത്യേകമായ നിലയിൽ ഖലീഫയിൽ കാണാനാൻ കഴിയുന്നു.'

ജർമൻ എംപ്ലോയ്മെന്റ് ഏജൻസിയുടെ സ്പോൺസറായ ഒരു ജർമൻ സുഹൃത്ത് പറഞ്ഞു: എന്നെ ക്ഷണിച്ചതിന് ഞാൻ നന്ദി പറയുന്നു.ഈ പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. ഖലീഫയെ കാണാൻ സാധിച്ചതിൽ ഏറെ സന്തോഷിക്കുന്നു. വ്യക്തിപരമായി എനിക്ക് നേരിട്ട് അദ്ദേഹത്തെ കാണാൻ സാധിച്ചില്ല. പക്ഷേ, ഏതുരീതിയിൽ അദ്ദേഹത്തെ കാണാൻ കഴിഞ്ഞുവോ അത് എന്നെ സന്തോഷിപ്പിച്ചിരിക്കുന്നു.

ഒരു ഡോക്ടർ അദ്ദേഹത്തിന്റെ പേര് Gerhard Muller എന്നാണ്. തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'ഇവിടെവന്ന് എനിക്ക് ഒരു പ്രത്യേകമായ സ്നേഹത്തിന്റെ ആത്മാവ് അനുഭവപ്പെട്ടു. ഒരു കാര്യം നമുക്ക് ഖലീഫയിൽനിന്ന് പഠിക്കാവുന്നതാണ്. അത് ഇന്റിഗ്രേഷൻ എങ്ങനെ നടപ്പാക്കാമെന്നതാണ്. ക്രൈസ്തവ സഹോദരങ്ങൾക്ക് അവരുടെ ആരാധനയ്ക്കുള്ള സമയമായപ്പോൾ മസ്ജിദിൽ അവരുടെ ആരാധന നടത്താൻ അനുവാദം നല്കപ്പെട്ട സംഭവം ഞാൻ എപ്പോഴും ഓർമവെക്കുന്ന കാര്യമായിരിക്കും. അതായത് നമുക്ക് എല്ലായിടത്തും ആരാധന നടത്താൻ കഴിയും. ക്രൈസ്തവചർച്ചും ഓപ്പൺമൈന്റഡ് ആയിരിക്കണമെന്നാണ് എന്റെ ആഗ്രഹം. പ്രത്യേകിച്ചും മുസ്‌ലിംകൾക്ക് ആരാധന നടത്താൻ അവസരം നല്കേണ്ടതാണ്.'

### 2017 ആഗസ്ത് 22 (ചൊവ്വാഴ്ച):

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് രാവിലെ 5.25ന് സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് മടങ്ങിപ്പോയി.

രാവിലെ ഓഫീസുപരമായ കാര്യങ്ങളിൽ വ്യാപൃതനായി. വിവിധ രാജ്യങ്ങളിൽനിന്നുവന്ന പോസ്റ്റുകളും കത്തുകളും റിപ്പോർട്ടുകളും വായിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച:**

പരിപാടിയനുസരിച്ച് 11.25ന് ഹുദൂർ അൻവർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച ആരംഭിച്ചു. ഇന്ന് രാവിലത്തെ പരിപാടിയിൽ 58 കുടുംബങ്ങളിലെ 183 അംഗങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്താനുള്ള സൗഭാഗ്യം കരസ്ഥമാക്കി. ഇതിനുപുറമെ 37 സ്ത്രീകളും വ്യക്തിപരമായി കൂടിക്കാഴ്ച നടത്തി. പാക്കിസ്താനിൽനിന്നും ന്യൂസിലാന്റിൽനിന്നും വന്ന സഹോദരങ്ങളും കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം നേടി.

ജർമനിയിൽനിന്ന് കൂടിക്കാഴ്ച നടത്താൻ വന്ന കുടുംബങ്ങൾ 40 വിവിധ നഗരങ്ങളിൽനിന്നും ജമാഅത്തുകളിൽനിന്നും എത്തിയവരായിരുന്നു. അവരിൽ ചില കുടുംബങ്ങൾ ദീർഘമായ യാത്ര ചെയ്താണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കാണാനെത്തിയത്.

Immen Hausen ൽനിന്നുള്ളവർ 200 കിലോമീറ്റർ, ബാൽബംഗനിൽനിന്നുള്ളവർ 220 കിലോമീറ്റർ, ഗോപഞ്ചനിൽനിന്നുള്ളവർ 260 കിലോമീറ്റർ യാത്ര ചെയ്താണ് എത്തിയത്. ഇപ്രകാരം ഫ്രായ്ബെർഗിൽനിന്നും വന്നവർ 290 കിലോമീറ്റർ, ulm donau യിൽ നിന്നുള്ളവർ 300 കിലോമീറ്റർ ബെർലിനിൽ നിന്നുള്ളവർ 550 കിലോമീറ്റർ ലിയോബണിൽനിന്നുവന്ന കുടുംബങ്ങൾ 600 കിലോമീറ്റർ യാത്രചെയ്താണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്താൻ എത്തിയത്.

ഇന്ന് കൂടിക്കാഴ്ച നടത്താൻ എത്തിയ കുടുംബങ്ങളിൽ അധികവും പാക്കിസ്താനിൽനിന്നും വന്നവരായിരുന്നു. അവർ തങ്ങളുടെ ജീവിതത്തിൽ ആദ്യമായാണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കാണാനെത്തിയത്. അവരെല്ലാവരും വളരെ സന്തോഷത്തിലായിരുന്നു. അവരുടെ ജീവിതത്തിൽ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ സമീപത്ത് കുറച്ചു നിമിഷങ്ങൾ കഴിച്ചുകൂട്ടി. അത് അവരുടെ മുഴുവൻ ജീവിതത്തിന്റെയും മൂലധനമായിരുന്നു. അവരിൽ ഓരോരുത്തരും തങ്ങളുടെ മൂലധനം സമ്പാദിച്ചുകൊണ്ട് വെളിയിൽ വന്നു. അവരുടെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സൗഖ്യങ്ങളിലും സമാധാനങ്ങളിലുമായി മാറി.

പാക്കിസ്താനിൽനിന്നുവന്ന ഒരു കുടുംബം കൂടിക്കാഴ്ച നടത്തി വെളിയിൽ വന്നപ്പോൾ അവരുടെ കണ്ണുകൾ കണ്ണീരുകൊണ്ട് നിറഞ്ഞിരുന്നു. അവർ പറഞ്ഞു: 'പാക്കിസ്താനിൽ ഞങ്ങൾ ഹുദൂറിനെ ടെലിവിഷനിൽ മാത്രമായിരുന്നു കണ്ടിരുന്നത്. ഇന്ന് ഞങ്ങളുടെ ജീവിതത്തിൽ ആദ്യമായി ഞങ്ങളുടെ കൺമുമ്പിൽ ഞങ്ങൾ വളരെ അടുത്തുനിന്ന് ഹുദൂറിനെ കണ്ടു. ഹുദൂർ അൻവറിനെ ഒരു നോക്കുകണ്ട ഞങ്ങൾ എത്ര ഭാഗ്യവാന്മാരാണ്. ഹുദൂറിന്റെ സാമീപ്യത്തിന്റെ കുറച്ചു നിമിഷങ്ങൾ ഞങ്ങൾക്കു കിട്ടി. ഇതുതന്നെയായിരുന്നു അവരിൽ ഓരോരുത്തരുടേയും വികാരവും അവസ്ഥയും.'

കൂടിക്കാഴ്ചയുടെ ഈ പ്രോഗ്രാം 2 മണിവരെ തുടർന്നു. അതിനുശേഷം ഹുദൂർ ളുഹ്ർ, അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനു ശേഷം തന്റെ താമസസ്ഥലത്തേക്കുപോയി. ഉച്ച കഴിഞ്ഞും ഹുദൂർ തന്റെ ഓഫീസു കാര്യങ്ങളിൽ വ്യാപൃതനായി.

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച:**

പ്രോഗ്രാമനുസരിച്ച് 6.25ന് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ തുടങ്ങി. ഇന്ന് വൈകുന്നേരം ഈ സെഷനിൽ 50 കുടുംബങ്ങളിലെ 122 അംഗങ്ങൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു.

ഹുദൂർ അൻവർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി. ഇന്ന് വൈകുന്നേരത്തെ പ്രോഗ്രാമിൽ കൂടിക്കാഴ്ചയ്ക്ക് ഭാഗ്യം നേടിയത് ജർമനിയിലെ 37 ജമാഅത്തുകളിൽനിന്നുവന്നവരായിരുന്നു. ഇതിനു പുറമെ പാക്കിസ്താനിൽനിന്ന് വന്ന ജമാഅത്തംഗങ്ങളും കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കിയിരുന്നു.

കൂടിക്കാഴ്ചകളുടെ ഈ പ്രോഗ്രാം 8.30വരെ നീണ്ടുനിന്നു. തുടർന്ന് ഹുദൂർ തന്റെ താമസസ്ഥലത്തേക്കുപോയി.

**ആമീൻ പരിപാടി:**

9 മണിക്ക് ഹുദൂർ അൻവർ മസ്ജിദിന്റെ ഹാളിൽ വന്നു. അവിടെ പ്രോഗ്രാമനുസരിച്ച് ആമീൻ പരിപാടി നടന്നു.

ഹുദൂർ അൻവർ ആൺകുട്ടികളും പെൺകുട്ടികളുമടങ്ങിയ 27 പേരിൽനിന്ന് ഓരോരോ ആയത്തുകൾ കേട്ടു. അവസാനം ദുആ ചെയ്യിച്ചു. അസീസം അലീം അഹ്മദ്, ശിഹാബ് സാഹിദ്, ശീറാസ് അഹ്മദ്, ലബീബ് അഹ്മദ് ത്വാഹിർ, റമീസ് അഹ്മദ്, മുഹമ്മദ് ഹസീബ് ഖാൻ, സജീൻ അഹ്മദ്, മുഅസ്സിസ് അഹ്മദ്, ത്വൽഹ യാസിർ, ഫാതിഹ് അയാൻ അഹ്മദ്, മുബശ്ശിർ ഥാനീ ബാജ്വ, കാശിഫ് ത്വാഹിർ, മിർസാ യഹ്‌യാ ബശീർ അഹ്മദ്, അസീസ മലാഇക്ക ഘ്വോഘർ, മാഹിദ് അഹ്മദ് ബട്ട്, ആശിർ ഹമീദ്, മലീഹ ശക്കീൽ, യസ്റാ ഹഫീള്, ഹിബ്ത്തുൽ മാലിക് ശാഹ്സലാം, അൻമോൽ ഖാലിദ് ള്വഫ്ർ, സാമിഅ ഉമർ, ജന്നത്ത് ഫാത്വിമ ചീമ, അത്വിയ്യത്തുൽ അവ്വൽഖാൻ, സൗബിയ ഹാദിയ അഹ്മദ്, മഹ്റീൻ അഹ്മദ്, അരീഹാ അഹ്സൻ, ഥമൻചീമ.

ആമീൻ പരിപാടിക്കുശേഷം ഹുദൂർ അൻവർ മഗ്‌രിബ് ഇശാ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരാനന്തരം ഹുദൂർ അൻവർ താമസസ്ഥലത്തേക്കു പോയി.

### 2017 ആഗസ്ത് 23 (ബുധൻ)

ഹുദൂർ അൻവർ രാവിലെ 5.25ന് സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്കുപോയി. രാവിലെ ഓഫീസുപരമായ കാര്യങ്ങളിൽ വ്യാപൃതനായി. ഓഫീസ് സംബന്ധമായ പോസ്റ്റും കത്തുകളും റിപ്പോർട്ടുകളും നോക്കി. ലോകത്തിലെ വിവിധ ജമാഅത്തുകളിൽനിന്ന് നിത്യവും ഫാക്സ്, ഈമെയിൽ, കത്തുകൾ, റിപ്പോർട്ടുകൾ വന്നുകൊണ്ടിരുന്നു. ഇതിനു പുറമെ ജർമനി ജമാഅത്തിൽനിന്നും നൂറുകണക്കിന് കത്തുകൾ ലഭിക്കുന്നു. ജർമൻ ഭാഷയിലുള്ള കത്തുകളുടെ തർജമ ഹുദൂറിന്റെ മുമ്പിൽ സമർപ്പിക്കുന്നു. ഹുദൂർ അൻവർ കത്തുകളും റിപ്പോർട്ടുകളും വായിക്കുകയും നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്നു.

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്." (മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

**"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 26 October 2017 Issue-43

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ:-**

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് 11.30ന് ഓഫീസിലെത്തി. പരിപാടിയനുസരിച്ച് കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾക്ക് തുടക്കം കുറിച്ചു. ഇന്ന് രാവിലത്തെ ഈ സെഷനിൽ 58 കുടുംബങ്ങളിൽനിന്നുള്ള 176 അംഗങ്ങളാണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം കരസ്ഥമാക്കിയത്. കൂടിക്കാഴ്ച നടത്താനെത്തിയ ഈ കുടുംബങ്ങൾ ജർമനിയിലെ 30 വിവിധ ജമാഅത്തുകളിൽനിന്നെത്തിയവരായിരുന്നു. ഇതിനു പുറമെ ഇന്ത്യ, പാക്കിസ്താൻ, ഗാംബിയ, ഫ്രാൻസ്, യു.കെ, ഫ്രഞ്ച് ഗ്യാന, നൈജീരിയ, ബുർക്കിനോ ഫാസോ, കൊസോവ, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, പൊർത്തുഗൽ, സ്വിറ്റ്സർലാന്റ്, തൻസാനിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നുവന്ന സഹോദരങ്ങളും കുടുംബങ്ങളും തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. ജർമനിയിലെ ജമാഅത്തുകളിൽ നൂറൻബർഗിൽ നിന്നുവന്ന കുടുംബങ്ങൾ 250 കിലോമീറ്ററും, ഓസ്നബ്രോക്ൽനിന്ന് വന്നവർ 320 കിലോമീറ്ററും, വീത്താ-വാൾഡ് ശിട്ടി എന്നീ ജമാഅത്തുകളിൽനിന്നുവന്ന കുടുംബങ്ങൾ 380 കിലോമീറ്ററും ദീർഘയാത്രചെയ്താണ് വന്നത്.

ഈ കുടുംബങ്ങളെല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോയും എടുത്തു. ഹുദൂർ അൻവർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നൽകി. തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കുറച്ചു സമയം ചെലവഴിക്കാൻ അവസരം ലഭിക്കുകയും ഉപഹാരങ്ങൾ കരസ്ഥമാക്കുകയും ചെയ്ത ഈ കുടുംബങ്ങളും അവരുടെ ആൺമക്കളും പെൺമക്കളും എത്രമാത്രം സൗഭാഗ്യവാന്മാരാണ്. അത് അവരുടെ ജീവിതത്തിന് ഒരു സ്മാരകമായിത്തീർന്നു. ചില പെൺകുട്ടികൾ ചോക്ലേറ്റ് തിന്നതിനുശേഷം അതിന്റെ കവറും സൂക്ഷിച്ചുവെക്കുന്നത് കണ്ടു. തങ്ങളുടെ ജീവിതം മുഴുവനും നിലനില്ക്കുന്ന ഒരു സ്മാരക ഉപഹാരമാണെന്ന നിലയിൽ മുതിർന്ന ആൺകുട്ടികളും വിദ്യാർഥികളും അവർക്കു കിട്ടിയ പേനകൾ സൂക്ഷിച്ചുവെച്ചു.

കൂടിക്കാഴ്ചയുടെ ഈ പരിപാടി 2 മണിവരെ നീണ്ടുനിന്നു. അതിനുശേഷം ഹുദൂർ ളുഹർ അസ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. അതിനു ശേഷം താമസസ്ഥലത്തേക്കുപോയി.

പ്രോഗ്രാമനുസരിച്ച് 6.25ന് ഹുദൂർ അൻവർ ഓഫീസിലെത്തി. കുടുംബങ്ങളുടെ കൂടിക്കാഴ്ചകൾ തുടങ്ങി. ഇന്ന് വൈകുന്നേരത്തെ ഈ പരിപാടിയിൽ 49 കുടുംബങ്ങളിൽനിന്നുള്ള 195 അംഗങ്ങളാണ് കൂടിക്കാഴ്ച നടത്തിയത്. ഇന്ന് കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ ജർമനിയിലെ 30 വിവിധ ജമാഅത്തുകളിൽനിന്നാണ് ബയ്അത്തുസ്സുബൂഹിലെത്തിയത്. ചില സഹോദരങ്ങളും കുടുംബങ്ങളും ദീർഘമായ യാത്ര ചെയ്താണ് കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കാൻ എത്തിച്ചേർന്നത്. മ്യൂണിക്കിൽനിന്നു വന്നവർ 410 കിലോമീറ്ററും, Schleswig പ്രദേശത്തുനിന്നു വന്നവർ 620 കിലോമീറ്ററും ദീർഘയാത്ര ചെയ്താണ് എത്തിയത്. ജർമനിയിലെ ജമാഅത്തുകളിൽനിന്ന് വന്ന കുടുംബങ്ങൾക്കുപുറമെ പാക്കിസ്താൻ, റഷ്യ, യു.എ.ഇ, ആസ്ത്രേലിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നു വന്നവരും തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. ഇതുകൂടാതെ 16 പുരുഷന്മാരും 9 സ്ത്രീകളും വ്യക്തിപരമായ നിലയിൽ കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം കരസ്ഥമാക്കി. കൂടിക്കാഴ്ച നടത്തിയ ഈ എല്ലാ സഹോദരങ്ങളും കുടുംബങ്ങളും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കുകയും ചെയ്തു. ഹുദൂർ അൻവർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി. കൂടിക്കാഴ്ചയുടെ ഈ പരിപാടി 8 മണിവരെ തുടർന്നു. ഇതിനുശേഷം ഹുസൂർ താമസസ്ഥലത്തേക്കുപോയി.

**ആമീൻ പരിപാടി**

9 മണിക്ക് ഹുദൂർ മസ്ജിദ് ഹാളിലെത്തി. പ്രോഗ്രാമനുസരിച്ച് ആമീൻ പരിപാടി നടന്നു. ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന 24 പേരിൽനിന്ന് ഹുദൂർ ഓരോരോ ആയത്തുകൾ കേൾക്കുകയും ദുആ ചെയ്യിക്കുകയും ചെയ്തു.

അസീസം ഖാഖാൻ അഹ്മദ് മലിക്, ഫയ്ളാൻ ബശീർ നാസിർ, ദാനിയാൽ അഹ്മദ് നാസിർ, സദീദ് അഹ്സൻ ഭട്ടി, മുഫീള് അഹ്മദ് മുനീബ്, ഫഹദ് അഹ്മദ് ബാസിത്, ഫഹദ് ഇംറാൻ, ഹംസ ഖാദിർ, ത്വൽഹ വഖാർ, അസീസ ഫാതിഹ അഹ്മദ്, അമത്തുസ്സുബൂഹ്, അമത്തുൽ അലീം, അദീല ത്വാഹിർ, ഥനാ തബസ്സും, മുനീഹ ഹലീം ഭട്ടി, ജദ്ബിയ്യ നദ്റത്ത്, ആസിഫ ജാവേദ്, സ്വൂഫിയ ഉറൂശ് അഹ്മദ്, മദീഹ അഹ്സൻ, നബീഹ ജാവേദ്, നൂറംഖാൻ, അത്വിയ്യതുൽ ഖയ്യൂം, ബസ്മ ള്ളഫർ, അത്വിയ്യത്തുൽ വുദൂദ്.

ആമീൻ പരിപാടിക്കുശേഷം ഹുദൂർ അൻവർ മഗ്രിബ് ഇശാ ജംആക്കി നമസ്കരിപ്പിച്ചു. അതിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്കു മടങ്ങി.

**മസ്ജിദ് ബയ്ത്തുസ്സമദ്:-**

ഗെസ്സണിലെ മസ്ജിദ് ബയ്ത്തുസ്സമദിന്റെ ഉദ്ഘാടന പരിപാടിയ്ക്ക് ഇലക്ട്രോണിക്-പ്രിന്റ് മീഡിയായിൽ വൻകവറേജാണ് ലഭിച്ചത്. താഴെപറയുന്ന മാധ്യമങ്ങൾ കവറേജ് നല്കി.

ZDF \mj-WÂ Snhn Nm\Â

HR Hessen Schasyu ടി.വി. ചാനൽ

Giessener Allgemeine Zeitaug പത്രം

Giessener Anzeiger- പത്രം

❖ ZDF നാഷണൽ ടിവി ആഗസ്ത് 22ന് മൂന്നര മിനുറ്റ് വാർത്ത സംപ്രേഷണം ചെയ്തു. ആദരണീയനായ ഖലീഫ ലണ്ടനിൽനിന്ന് ഉദ്ഘാടനം നിർവഹിക്കാൻ ആഗതരായി. ഈ ദിവസം അഹ്മദികൾക്ക് പ്രത്യേക ദിവസമാണ്. ഖലീഫ നമസ്കരിപ്പിച്ചു. അഹ്മദിയ്യാ ജമാഅത്ത് നിരവധി രാജ്യങ്ങളിൽ അക്രമങ്ങൾക്കിരയാവുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ, മുഹമ്മദ്(സ)ന്റെ പ്രവചനമനുസരിച്ച് വരേണ്ടുന്ന മസീഹ് താനാണെന്ന് വാദിച്ചതാണ് അതിനു കാരണം. ഖലീഫ ഒരു ചെടിയും നടുകയുണ്ടായി. ഖലീഫ മുസ്ലിം തീവ്രവാദത്തിന്നെതിരാണ്. അവർ ഇസ്ലാമിന്റെ ശരിയായ ചിത്രമല്ല സമർപിക്കുന്നത്. അഹ്മദിയ്യാ ജമാഅത്ത് സ്ത്രീകളും പുരുഷന്മാരും വെവ്വേറെ ഇരിക്കണം എന്ന അധ്യാപനം നടപ്പിൽ വരുത്തുന്നവരാണ്. ഖലീഫ പറഞ്ഞു: സ്ത്രീകളുടെ റോൾ ഇന്റിഗ്രേഷന്റെ കേന്ദ്ര പോയന്റല്ല. മറിച്ച് യഥാർഥ ഇന്റിഗ്രേഷൻ എന്നു പറയുന്നത് നിങ്ങൾ നിങ്ങളുടെ രാജ്യത്തെ സ്നേഹിക്കുകയും അവിടത്തെ നിയമമനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്യുക എന്നതാണ്. പുരുഷന്മാരും സ്ത്രീകളും ഞങ്ങളുടെ ജമാഅത്തിൽ വെവ്വേറെയാണ് പ്രവർത്തിക്കുന്നത്. പക്ഷേ ശാസ്ത്രജ്ഞർ, ഡോക്ടർ, ബിസനസ് തുടങ്ങിയ ജോലികളിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും പ്രവർത്തിക്കുന്നു.'

❖ Hessenschaur ടെലിവിഷനിൽ ആഗസ്ത് 21ന് സംപ്രേഷണം ചെയ്ത വാർത്തകളിൽ ഏകദേശം 35 സെക്കന്റ് വാർത്തയാണ് നല്കിയത്. ഗെസ്സണിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആദ്യത്തെ മസ്ജിദ് ഉദ്ഘാടനം ചെയ്തു. ഇത് മിനാരവും ഗുമ്പദുമുള്ള മസ്ജിദാണ്. ഉദ്ഘാടനത്തിന് ലണ്ടനിൽനിന്നാണ് ഖലീഫ വന്നത്. ഏകദേശം 7 ലക്ഷം യൂറോ അഹ്മദിയ്യാ ജമാഅത്തിന്റെ അംഗങ്ങൾ ഇതിലേക്ക് സംഭാവന നല്കി.

❖Gissener Anzeiger ആഗസ്ത് 22 പ്രസിദ്ധീകരിച്ച പത്രത്തിലെഴുതി: മസ്ജിദ് നിർമാണത്തെ പിന്തുണച്ച എല്ലാവർക്കും ഖലീഫ നന്ദി പറഞ്ഞു. അയൽവാസികളോടുള്ള കടമകൾ അവർക്ക് സുപ്രധാനമാണ്. മസ്ജിദ് നിർമാണത്തിന്റെ അവസരത്തിൽ ശബ്ദംകൊണ്ട് അയൽവാസികൾക്കുണ്ടായ ബുദ്ധിമുട്ടിന് അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. അദ്ദേഹം പറഞ്ഞു: ഇവിടെ മുസ്ലിം ജമാഅത്തിന്റെ ഉദ്ദേശ്യം യുദ്ധത്തിനും കലഹത്തിനും പകരം സ്നേഹവും സാഹോദര്യവും പ്രചരിപ്പിക്കുക എന്നതാണ്. ഇന്റിഗ്രേഷൻ വളരെ പ്രധാനപ്പെട്ടതാണ്; പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള സമവായ്പും. മുസ്ലിം സ്ത്രീകളുടെ പരിപാടി പ്രത്യേക മുറിയിലാണ് കണ്ടത്. ഇസ്ലാമിൽ വിവിധതരത്തിലുള്ള കല്പനകളുണ്ട്. ഇവർ അതനുസരിച്ച് പ്രവർത്തിക്കുന്നു. ഖലീഫ കുറച്ചുനേരം മുമ്പേ വനിത ലോർഡ് മേയറോടൊപ്പം ചെടി നനയ്ക്കുകയുണ്ടായി. ഇത് ഇന്റിഗ്രേഷന്റെ ഒരു അടയാളമായിരുന്നു.

❖ Gissener Allgemeine ആഗസ്ത് 22ന് പ്രസിദ്ധീകരിച്ച പത്രത്തിലെഴുതി: ഖലീഫത്തുൽ മസീഹ് ലണ്ടനിലാണ് താമസിക്കുന്നത്. മസ്ജിദിന്റെ ഉദ്ഘാടനത്തിനായാണ് ഗെസ്സണിൽ വന്നിട്ടുള്ളത്. ZDFന്റെ ചില ചോദ്യങ്ങൾക്കുള്ള മറുപടി നല്കിയതിനും ചെടി നനച്ചതിനുംശേഷം പരിപാടിയിൽ പങ്കെടുക്കുന്നതിന് ഹാളിലെത്തി. അവിടെ 500 അതിഥികൾ അദ്ദേഹത്തെ കാത്തിരിക്കുകയായിരുന്നു. സെക്യൂരിറ്റിയുടെ ഏർപാടു മുതൽ തർജമയുടെ സൗകര്യവും എല്ലാ അതിഥികൾക്കും സമ്മാനങ്ങൾവരെ ഏർപാടാക്കിയിരുന്നു. മസ്ജിദിന്റെ നിർമാണവും അത്ഭുതകരമായ വേഗത്തിലാണ് പൂർത്തിയായത്. ഒരു വർഷത്തിനുള്ളിൽത്തന്നെ ഗെസ്സണിലെ മിനാരമുള്ള മസ്ജിദ് തയ്യാറായിക്കഴിഞ്ഞിരുന്നു. ഇതിനോടൊപ്പം ഖലീഫ പറഞ്ഞു: ജമാഅത്ത് മുമ്പേയുള്ളതിനേക്കാളുപരി ഇപ്പോൾ നഗരവാസികളുടെ ശ്രദ്ധാകേന്ദ്രമായിരിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവല്ലെന്നും ഖലീഫ ശക്തമായി പറഞ്ഞു. പുരുഷന്മാരിലും സ്ത്രീകളിലും വേറിട്ടൊരു മതപരമായ രീതിയുണ്ട്. പക്ഷേ, അത് ഇന്റിഗ്രേഷന് എതിരല്ല. ഞങ്ങളുടെ ജമാഅത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ വിദ്യാസമ്പന്നർ. ഖലീഫ ഭീകരവാദികളെ അപലപിച്ചുകൊണ്ടു പറഞ്ഞു: ഒരു യഥാർഥ മുസ്ലിമിന്റെ കടമ സമാധാനത്തിനുവേണ്ടി ജോലി ചെയ്യുക എന്നതാണ്. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്.

ഈ ഇലക്ട്രോണിക്-പ്രിന്റ് മീഡിയ വഴി മസ്ജിദിന്റെ ഉദ്ഘാടനവാർത്ത 16 ലക്ഷത്തി 52000 ആളുകൾവരെ എത്തുകയുണ്ടായി.

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin